ബില്ല് പാസാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പാസ്സാക്കി.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചകഴിഞ്ഞ് 1.50-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

നിയമസഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.

(3) സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബിൽ അവതരിപ്പിച്ച അവസരത്തിൽ ഇതിന്റെ ഉദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടന്നതിൽനിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച ശേഷമാണ് സെലക്ട് കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ രണ്ടു നിയമ നിർമ്മാണമാണ് ഈ സഭ പരിഗണിച്ചത്. 1980-ലെ Fishermen Welfare Society Bill നിയമമായി. അതിന്റെ പ്രവർത്തനത്തിന് നാം ആരംഭം കുറിച്ചിരിക്കുകയാണ്. അതുപോലെതന്നെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി അവർക്ക് ആശ്വാസം നൽകുന്നതിനായിട്ടുള്ള ഒരു നിയമമാണിവിടെ പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്. ഈ രണ്ടു നിയമങ്ങളും പൂർത്തിയായി അവ നടപ്പിലാക്കുമ്പോൾ തീർച്ചയായും മൽസ്യത്തൊഴിലാളികളുടെ ജീവിതത്തിന് ഇന്നലെവരെയുണ്ടായിരുന്നതിൽനിന്നും വ്യത്യസ്തമായ ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കുമെന്നുള്ളതാണ് നമ്മുടെ പ്രതീക്ഷ. പ്രതീക്ഷ പൂർണ്ണമായും നിറവേറ്റപ്പെടുന്നുണ്ടോയെന്നുള്ളത് മറ്റൊരു പ്രശ്നമാണ്. എങ്കിൽപ്പോലും ഇന്നലെവരെ അവർക്കുണ്ടായിരുന്ന വൈഷമ്യം നിറഞ്ഞ ജീവിതത്തിന് ഒരു പരിധിവരെ ആശ്വാസം നൽകാൻ സാധിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്.

സൊസൈറ്റീസ് ആക്ട് അവർക്ക് തൊഴിലവസരങ്ങൾ നൽകാനുള്ളതാണ്. മൂന്നാം കക്ഷിയിൽനിന്നുമുള്ള ചൂഷണത്തിൽനിന്നും അവരെ മോചിപ്പിക്കുവാനുള്ള ശ്രമം നടത്തുന്നതിനാണ് ആ നിയമം സഭ പാസ്സാക്കിയത്. ഇന്ന് ഇവിടെ അവതരിപ്പിച്ചിട്ടുള്ള നിയമം അവർക്ക് അഭിമുഖീകരിക്കേണ്ടിവരുന്ന സാമൂഹ്യപ്രശ്നങ്ങൾക്കും സാമ്പത്തിക പ്രശ്നങ്ങൾക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിനുള്ളതാണ്. ഇന്നത്തെ അവരുടെ വരുമാനംകൊണ്ട് നിത്യ

LIBRARY ARCHIVES Kerala Legislative Assembly

വൃത്തിനടത്തുവാൻതന്നെ പ്രയാസമാണ്. ഇത് സീസണൽ ആയതു കൊണ്ട് പല അവസരങ്ങളിലും ഇവർക്ക് തൊഴിലില്ലാതെ വരുന്നു. തൊഴിലില്ലാതെ വരുന്ന അവസരങ്ങളിൽ തന്നെ തൊഴിൽവസ്തുക്കൾ പണയമായികൊടുത്ത് കടം വാങ്ങിക്കുകയാണ് അവർ ചെയ്യുന്നത്. ഒടുവിൽ തൊഴിൽവസ്തുക്കൾ തിരിച്ചെടുക്കുവാൻ സാധിക്കാതാവുകയും അങ്ങനെ തൊഴിൽ ചെയ്യാൻ സാധിക്കാതെ അവർക്ക് നിത്യദാരിദ്ര്യത്തിൽ കഴിയേണ്ടിവരികയും ചെയ്യുന്നു. കടം വാങ്ങേണ്ടിവരുന്നത് നിത്യച്ചെലവുകൾക്കല്ല. പലപ്പോഴും മറ്റ് അത്യാവശ്യങ്ങൾ നിറവേറ്റാനാണ്. നിത്യാവശ്യങ്ങൾക്കുവേണ്ടിയുള്ള കടമെടുപ്പു വേറെയുണ്ട്. എന്നാൽ അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം, ചികിൽസാ സൗകര്യങ്ങൾ, ഇതിനൊക്കെ ഒരാശ്വാസം നൽകുന്നതിനു വേണ്ടിയാണ് ഈ നിയമം ഇപ്പോൾ പരിഗണനയ്ക്ക് എടുത്തിട്ടുള്ളത്. ഈ കാര്യത്തിൽ ഭരണകക്ഷി പ്രതിപക്ഷകക്ഷി വ്യത്യാസമില്ലാതെ സെലക്ട് കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാംതന്നെ ഗവൺമെൻറ് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിൽ ചില കാര്യങ്ങൾക്ക് അൽപം സാവകാശമുണ്ടാകണമെന്നുമാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. അംഗസംഖ്യ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശത്തിൽ, ഔദ്യോഗികാംഗങ്ങളും അനൗദ്യോഗികാംഗങ്ങളും തമ്മിലുള്ള വ്യത്യാസത്തിൽ അൽപ്പം വർദ്ധനവു വരുത്തിയെങ്കിലും പൂർണ്ണമായും അംഗീകരിക്കാൻ സാധിച്ചിട്ടില്ല. കാരണം, ആരംഭഘട്ടത്തിൽ കുറച്ച് കൂടുതൽ കരുതലോടുകൂടി പ്രവർത്തിക്കണം എന്നുള്ളതുകൊണ്ടുമാത്രമാണ്. അനൗദ്യോഗികാംഗങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടാകുന്നതിൽ വിരോധം ഉണ്ടായിട്ടല്ല. എന്തായാലും ഗവൺമെൻറ് നോമിനേറ്റ് ചെയ്യണം. ഗവൺമെൻറ് നോമിനേഷനല്ല ഇലക്ഷനാണ് വേണ്ടതെന്നുള്ള അഭിപ്രായമുണ്ട്. ഇതുവരെ രൂപീകരിച്ചിട്ടുള്ള ക്ഷേമബോർഡുകളിലൊക്കെ നോമിനേഷനാണ് നടത്തിയിട്ടുള്ളത്. ഇതിനു മുമ്പുള്ള ഗവൺമെൻറും അതാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് തെരഞ്ഞെടുപ്പായിക്കൂടെന്നുള്ള അർത്ഥത്തിലല്ല ഞാനിതു പറയുന്നത്. എങ്കിലും ആരംഭഘട്ടത്തിൽ കുറേക്കൂടി കാര്യക്ഷമമാക്കിത്തീർക്കാൻ നോമിനേഷന് സാധിക്കുമെന്നുള്ളതുകൊണ്ടാണ് സെലക്ട് കമ്മിറ്റിയിൽ ഈ കാര്യങ്ങൾ ഉന്നയിച്ചിട്ടുള്ളത്.

ഫണ്ട് കളക്ഷനെ സംബന്ധിച്ച് ഒറിജിനൽ ബില്ലിൽ ഉണ്ടായിരുന്നു. സംഖ്യ വർദ്ധിപ്പിക്കാനുള്ള തീരുമാനം എടുത്തു. പൊതുവേ പറഞ്ഞാൽ എല്ലാവർക്കും സ്വീകാര്യമായിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയതാണ് ഈ സെലക്ട് കമ്മിറ്റി റിപ്പോർട്ട്. ഇതിൽ പോരായ്മകൾ എന്തെങ്കിലുമുണ്ടെങ്കിൽ ആ പോരായ്മകൾ പരിഹരിക്കാൻ ആവശ്യമായ ഭേദഗതി കൊണ്ടുവരുന്നതിനും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും സാധിക്കും.

ഒരു കാര്യം എനിക്ക് ഊന്നിപ്പറയാനുള്ളത് ഈ നിയമം വേഗത്തിൽ നടപ്പിലാക്കി അവർക്ക് ആശ്വാസം നൽകണമെന്നാണ്. അവർക്ക് ആരോഗ്യം നഷ്ടപ്പെട്ടോ, വാർദ്ധക്യം ബാധിച്ചോ തൊഴിൽ ചെയ്യാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ, അവർക്കൊരു ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്യാനും, (അതു പെൻഷനായിട്ടുവേണ്ടോ ലംപ്സം ആയിട്ടുവേണ്ടോ എന്നൊക്കെ നിശ്ചയിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം ഈ ബോർഡിനു കൊടുത്തുകൊണ്ടാണ് ഈ നിയമം ഉണ്ടാക്കിയിരിക്കുന്നത്) അതുപോലെതന്നെ അവരുടെ വിദ്യാഭ്യാസം, വിവാഹം ഇങ്ങനെയുള്ള പലകാര്യങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം നൽകുന്നതിനുവേണ്ടി ഒരു സ്കീം തയ്യാറാക്കുന്നതിനുള്ള അധികാരവും ബോർഡിന് കൊടുത്തിട്ടുണ്ട്. ഈ പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുമെന്നാണ് എന്റെ പ്രതീക്ഷ. ഞാൻ ആദ്യം സൂചിപ്പിച്ചപോലെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇത് അവർക്കൊരു അനുഗ്രഹമായിരിക്കും. അവരുടെ തൊഴിൽസാദ്ധ്യത ഉറപ്പിക്കുകയും അതിനാവശ്യമായ സൗകര്യങ്ങളും അവർ പിടിച്ചെടുക്കുന്ന മൽസ്യം വിറ്റഴിച്ച് ന്യായമായ വില ലഭ്യമാക്കുന്നതിന് സഹായകരമായ അവസ്ഥയും ഇതുമൂലമുണ്ടാകുന്നു. അവർക്ക് വാസസ്ഥലം, തൊഴിലാവശ്യത്തിനുള്ള സാധനസാമഗ്രികൾ ഇവ ലഭ്യമാക്കേണ്ടതുണ്ട്. അതുകൊണ്ട് ഇവയെല്ലാം സംയോജിപ്പിച്ച് ഈ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചാൽ 7–ാം പഞ്ചവൽസരപദ്ധതി അവസാനിക്കുന്നതിനുമുമ്പെങ്കിലും കുറെയെല്ലാം ആശ്വാസം കണ്ടെത്താൻ സാധിക്കുന്നതാണ്. ഈ ക്ഷേമനിധി ബില്ലിനെ സംബന്ധിച്ചിടത്തോളം അത്രയും നമുക്ക് വൈകേണ്ടി വരുകയില്ല. അതു പാസ്സാക്കിക്കഴിഞ്ഞാൽ ഉടനെത്തന്നെ അതിന്റെ നടപടികൾ ആരംഭിച്ച് പണം സംഭരിച്ച് ആശ്വാസമെത്തിക്കാൻ സാധിക്കും. പുതിയതായി രൂപീകരിക്കുന്നതിന് വളരെയൊന്നും ബുദ്ധിമുട്ടുകൂടാതെയുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ഗവൺമെന്റിനുവേണ്ടി ഒരു ഉറപ്പു നൽകുന്നതിന് ഞാൻ ആഗ്രഹിക്കുകയാണ്. പ്രയോഗികമായി, ഫലപ്രദമായി ഇതു നടപ്പിലാക്കുന്നതിന് യാതൊന്നുംതന്നെ തടസ്സമായി നിൽക്കരുതെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്. ഇന്നുതന്നെ ഈ സഭയിൽ അയച്ചിട്ടുള്ള ചില ഭേദഗതികൾ ഞാൻ പരിശോധിച്ചു. ആ ഭേദഗതികൾ സ്വീകരിക്കണമെന്നു ആഗ്രഹിക്കുന്നു.

സർ, കഴിഞ്ഞകാല അനുഭവങ്ങളിൽനിന്നും വീഴ്ചകളിൽനിന്നുമുള്ള പോരായ്മകൾ തിരുത്തി ഇതു മുന്നോട്ടുകൊണ്ടുപോയി വിജയപ്രദമാക്കിത്തീർക്കുന്നതിന് എല്ലാഭാഗത്തുനിന്നുമുള്ള സഹകരണമുണ്ടാകണമെന്നു ഗവൺമെന്റിനാഗ്രഹമുണ്ട്. ഇത് ആരുടേയെങ്കിലും ക്രെഡിറ്റിന്റെ കാര്യമൊന്നുമല്ല. ഇതു സമൂഹത്തിന്റെ കാര്യമാണ്. അതുകൊണ്ട് നമുക്കെല്ലാം ഒരുമിച്ച് ഈവക കാര്യങ്ങൾ നേരെയാക്കിയെടുക്കേണ്ടതുണ്ട്. ഈ അവസരത്തിൽ കൂടുതലായി എന്തെങ്കിലും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നുതന്നെ ഇതു പാസ്സാക്കിയെടുക്കുന്നതിന് എല്ലാഭാഗത്തുനിന്നുള്ള സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് ഈ പ്രമേയം ചർച്ചയ്ക്കെടുക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീമതി കെ.ആർ. ഗൗരി: സർ, ഈ ബില്ലിന് ഡിസൻറിങ് നോട്ട് എഴുതിയിട്ടുള്ള ഒരാളാണ് ഞാൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഈ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷത്തുനിന്ന് കൊടുക്കാവുന്ന എല്ലാ സഹകരണവും കൊടുത്തുകൊണ്ടാണ് ഇതിന്റെ ചർച്ചയും തെളിവെടുപ്പും മറ്റും നടത്തിയിട്ടുള്ളത്. ഈ നിയമത്തെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ ഡിസൻറിങ് നോട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം വളർന്നുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് മൽസ്യവ്യവസായം. പഴയകാലത്ത് മൽസ്യം പിടിച്ച് അവിടെത്തന്നെ വിൽക്കുകയോ, സൈക്കിളിൽ കൊണ്ടുപോയി വിവിധ സ്ഥലങ്ങളിൽ വിൽക്കുകയോ ആയിരുന്നു സ്ഥിതി. ഇന്നാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽനിന്ന് മൽസ്യവും ചെമ്മീനും കയറ്റി അയച്ച് ഏകദേശം 160 കോടി രൂപയോളം വിദേശനാണ്യം നേടുന്നുണ്ട്. ഇന്ന് ഈ വ്യവസായം വളർന്നു വരികയാണ്. ഇതിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു നിയമത്തെക്കുറിച്ച് പറയുകയുണ്ടായി. 1980—ലെ ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ട്, 1981—ലെ ഏഴാം ആക്ട് എന്നിവയായിരുന്നു. കടലിലും കായലിലും ജോലി ചെയ്യുന്ന മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും, അവരെ മൽസ്യബന്ധനത്തിനുള്ള ഉപകരണങ്ങളുടെ ഉടമയാക്കാനും, അവരുടെ സാമ്പത്തികവും സാമൂഹ്യവുമായിട്ടുള്ള പ്രവർത്തനം വില്ലേജ് സൊസൈറ്റികളിൽക്കൂടി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമെന്നുള്ള നിലയിലാണ് ഇത് അവതരിപ്പിച്ചത്. വെറും ഉപകരണങ്ങൾ മാത്രം വാങ്ങുന്നതിനുള്ള ഒരു നിയമം മാത്രമല്ല. ആ നിയമത്തിൽ ആമുഖമായി പറഞ്ഞിരിക്കുന്നത്, ''An Act to provide for the organisation of fisheries villages and to constitute Fishermen Welfare Societies for such villages with a view to develop the economic, social and cultural life of the fishermen community in the State of Kerala''. അവരുടെ സാമ്പത്തികവും സാമൂഹ്യവുമായ കാര്യങ്ങൾക്കുവേണ്ടി പ്രവർത്തിക്കുകയും സ്വയം അവർതന്നെ നിയന്ത്രിക്കുകയും തെരഞ്ഞെടുപ്പിൽകൂടി വരികയും ചെയ്യുന്ന ഫിഷർമെൻ വില്ലേജ് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമായിട്ടാണ് 1980—ൽ 'കേരള ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ട്'' വന്നത്. ഡിസെൻറിങ്ങ് നോട്ടെഴുതുന്നതിനു ഞങ്ങളെ പ്രേരിപ്പിച്ച ഒരു വസ്തുത ഇതൊരു പരമ്പരാഗത വ്യവസായമെന്നതാണ്. ഈ പരമ്പരാഗത വ്യവസായം കാലക്രമേണ ആധുനികവ്യവസായമായി മാറി. ഒരു ആധുനിക വ്യവസായമായി മാറുന്നതിനുള്ള നടപടികളും അതിനുള്ള അനേകം ഫാക്ടറികളും ചെമ്മീൻ വളർത്തു കേന്ദ്രങ്ങളും ഫിഷ് ഫാംസുമൊക്കെയുള്ള ഒരു വ്യവസായമായി ഇത് വളർന്നുവന്നു. സാധാരണ ഒരു വെൽഫെയർ സൊസൈറ്റീസ് ആക്ട് നടപ്പിലാക്കുകയാണെങ്കിൽ മുതലാളി—തൊഴിലാളി ബന്ധവും അവർക്കു കൊടുക്കേണ്ടുന്ന ആനുകൂല്യങ്ങളും നിശ്ചയിക്കുകയും തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി നടത്തുന്നതാണോ എന്നു പരിശോധിക്കുകയും ചെയ്യണം. നമ്മുടെ സംസ്ഥാനത്ത് ആദ്യമായി, 1968—ൽ ഉണ്ടായ നിയമമാണ് 'ടോഡി ടാപ്പേഴ്സ് വെൽഫെയർ ഫണ്ട്''. ഇത് ചെത്തുതൊഴിലാളികളുടേയും ചെത്തുമുതലാളിമാരുടേയും ഗവൺമെൻറിൻെറയും പ്രവർത്തനംകൊണ്ട് വന്നതാണ്. ഇന്ന് ഫിഷർമെൻ വെൽഫെയർ ഫണ്ട് നടപ്പിലാക്കുമ്പോൾ മറ്റ് നിയമത്തെപ്പോലെ ഇത് ഒതുക്കിത്തീർക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുതിരരുത് എന്ന അഭിപ്രായമെനിക്കുണ്ട്. കടൽമൽസ്യത്തൊഴിലാളികളെയും കായൽമൽസ്യത്തൊഴിലാളികളെയും ആ നിയമത്തിൽ കമ്മ്യൂണിറ്റി എന്നുള്ള നിലയിലാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ പറഞ്ഞിരിക്കുന്നത്, ''.....social and cultural life of Fishermen Community in the State of Kerala'' എന്നാണ്. നമ്മുടെ നിയമത്തിലും ഫിഷർമാൻെറ വ്യാഖ്യാനം പറഞ്ഞിരിക്കുന്നത്, കേരളാ ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ടിൽ വരുന്നതിന് ബാധകമെന്നുള്ള വിധത്തിലാണ്. ആ നിയമത്തിൽ പറഞ്ഞിരിക്കുന്നത്, ഞങ്ങൾ വിഭാവനചെയ്യുന്ന മുഴുവൻ ആളുകളും ഉൾക്കൊള്ളാത്ത വിധത്തിലാണ്. ഇതിൽ fisherman—ൻെറ definition—ൽ പറയുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

Definitions: (e) "Fisherman" means any person engaged mainly in fishing operations for his lively hood.....

(h) "Fishing operations" includes:—(i) fishing by any means mechanical or otherwise; and (ii) the sale of marine products by members of families to fishermen; by transporting them to different places by headload or cycleload", എന്നാണ്. ഫിഷർമാൻ എന്നുള്ള ഡഫനിഷനിൽ പഴയകാലത്തുപയോഗിച്ചിരുന്ന ഉപകരണങ്ങൾ ഉപയോഗിച്ച് മൽസ്യം പിടിക്കുന്ന ആളുകളും സൈക്കിളിലോ, തലച്ചുമടായോ കൊണ്ടുപോയി വിൽക്കുന്ന ആളുകളും മാത്രം ഒതുങ്ങി നിൽക്കത്തക്ക വിധത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്ന് മൽസ്യത്തൊഴിലാളികളെന്നു പറഞ്ഞാൽ ചെമ്മീൻ കിള്ളലാകാം, ചെമ്മീൻ ഗ്രേഡിങ്ങ് ആകാം അല്ലെങ്കിൽ ഇത് ശരിയാക്കി എക്സ്പോർട്ട് ചെയ്യുന്നതിനുവേണ്ടിയുള്ള ഫൈലി മെക്കനൈസ്ഡ് ഫാക്ടറികളിൽ ജോലി ചെയ്യുന്നവരുമാകാം. അതുപോലെ ഫിൽട്ടറിങ്ങ് ഫാംസിലോ ഫിഷിങ്ങ് ഫാംസിലോ മൽസ്യം വളർത്തുന്നവരെയും അവിടത്തെ വാച്ചർമാരെയും ഇതിൽ ഉൾപ്പെടുത്താം. അതുപോലെ പീലിങ്ങ് ഷെഡ്ഡുകളിൽ പണിയെടുക്കുന്നത് കൂടുതലും കുട്ടികളും സ്ത്രീകളുമാണ്. ഇവർക്ക് എത്ര സമയം ജോലിചെയ്യണമെന്നില്ല. ജോലി ചെയ്യുന്നതിന് രാത്രിയെന്നോ പകലെന്നോ ഉള്ള വ്യത്യാസമില്ല. ഏതു ഫാക്ടറിയിലാണ് ജോലി ചെയ്യുന്നതെന്നില്ല. പീലിങ്ങ് ഷെഡ്ഡുകളിൽ ചെമ്മീൻ വന്നുകഴിഞ്ഞാൽ അവിടെ നിന്നൊരു കൂകൽ ഉണ്ടാകും. അപ്പോൾ എല്ലാവരും തയ്യാറായി ജോലിക്കു പോകണം. ഫാക്ടറികളിൽ നേരം വെളുക്കുന്നതുവരെ ഐസിൽ ഇരുന്ന് ജോലി ചെയ്യണം. കൈയിലിടാൻ ഉറയോ യാതൊന്നുംതന്നെ കാണുകില്ല. ഇവരെ സംബന്ധിച്ച് ഒരു പ്രത്യേക സമയമോ യാതൊന്നും തന്നെയില്ല.

സർ, ഇതൊരു മൂവിംഗ് പോപ്പുലേഷനാണ്. ചെമ്മീൻ എവിടെ വരുന്നോ അവിടെ പോയി ജോലി ചെയ്യുകയെന്ന പ്രത്യേക പരിതസ്ഥിതിയിൽ പ്രവർത്തിക്കുന്ന കുറെ തൊഴിലാളികളുണ്ട്. ജോലി ചെയ്തതിനു ശേഷം അവർ തിരികെ പോരുന്നു. അങ്ങനെ ഒരു സ്ഥിതിവിശേഷത്തിൽ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് സ്ത്രീകളും കുട്ടികളും ഈ മേഖലയിൽ ഉണ്ട്. അവർക്ക് മിനിമം വേജസില്ല. സമയ ക്ലിപ്തതയില്ല. അവർക്കു കിട്ടുന്ന ശമ്പളത്തിന് ഏകീകരണ സ്വഭാവമില്ല. ഇന്ന് ഇവരെക്കൊണ്ട് ജോലി ചെയ്യിക്കുന്ന ആളുകൾ കേരളത്തിൽനിന്ന് പുറം രാജ്യങ്ങളിലേക്കു കയറ്റി അയച്ചിട്ട് 160 കോടി രൂപ ഫോറിൻ എക്സ്ചേഞ്ചു ണ്ടാക്കുന്ന ആളുകളാണ്. ഇവരെ സംബന്ധിച്ച് ഒരു നിയമവും ഇല്ല. ഒരു നിയമം വരുമ്പോൾ മൽസ്യ സംബന്ധമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളെയും ഇതിൽ ഉൾപ്പെടുത്തണമെന്ന അഭ്യർത്ഥനയാണ് ഞങ്ങൾക്കുള്ളത്. ഫിഷർമെൻ വെൽഫെയർ സൊസൈറ്റീസ് ആക്ടിൽ വെൽഫെയർ ഫണ്ടിനെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത്, ഈ ആക്ടിന്റെ പരിധിയിൽ മെമ്പർമാരായി വരുന്ന ആളുകൾക്കാണ് ഈ ഫണ്ടിന്റെ ആനുകൂല്യം ലഭിക്കുന്നതെന്നാണ്. പീലറിന്റെ ഡഫനിഷനിൽ എക്സ്പോർട്ടേഴ്സിനെയും കൂടെ പെടുത്തുന്നതിന് ഞങ്ങൾ സർവ്വാത്മനാ പിന്തുണ നൽകി. എക്സ്പോർട്ടേഴ്സും പീലിംഗ് ഷെഡ്ഡ് ഉടമകളും ഇതിന്റെ ഡഫനിഷനിൽ വരുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളും സമ്മതിച്ചു. ഗ്രേഡ് ചെയ്യുകയും ഫ്രീസു ചെയ്യുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്ന ഫാക്ടറികളിലെ തൊഴിലാളികളിൽനിന്നും കോൺട്രിബ്യൂഷൻ വാങ്ങുന്നുണ്ട്. നമ്മുടെ നാട്ടിൽ നിന്ന് ഫ്രീസ് ചെയ്യുകയും പീലു ചെയ്യുകയും കയറ്റി അയയ്ക്കുകയും ചെയ്യുന്നതായ ചെമ്മീൻ മുഴുവൻ നമ്മുടെ നാട്ടിൽ ഉണ്ടാകുന്നവമാത്രമല്ല, ഗുജറാത്ത്, കർണ്ണാടകം, അതുപോലെയുള്ള മറ്റു സംസ്ഥാനങ്ങളും ഇവിടെനിന്നെല്ലാം ചെമ്മീൻ കിട്ടുന്ന അവസരത്തിൽ ഇവരുടെ ദല്ലാളൻമാർ അവിടെപോയി ചെമ്മീൻ വാങ്ങിച്ച് ഐസിട്ട് ലോറിയിൽ ഇവിടെ കൊണ്ടുവന്ന് കിളളി ശരിയാക്കി പുറത്തേക്ക് അയയ്ക്കുന്നുമുണ്ട്. അങ്ങനെയുള്ള ഫാക്ടറികളിൽ ജോലിയെടുക്കുന്ന ഒരു വലിയ വിഭാഗം തൊഴിലാളികളുണ്ട്. ഇതുപോലെ തൊഴിലാളികൾക്കുള്ള വെൽഫയർ നിയമം നടപ്പിലാക്കുമ്പോൾ തൊഴിലാളികളുടെ ഡഫനിഷനിൽ നിന്ന് ഈ വിഭാഗം തൊഴിലാളികളെ മാറ്റി നിർത്തുന്നത് ഏതായാലും നന്നായിരിക്കുകയില്ല എന്നാണ് ഞങ്ങളുടെ അഭിപ്രായം.

അതുപോലെതന്നെ ഫിഷ് ഫാമുകളുണ്ട്. ഫിൽറ്ററിംഗ് ഏരിയാകളുണ്ട്. ചെമ്മീൻ വാറ്റുന്ന കേന്ദ്രങ്ങളുണ്ട്. മൽസ്യം ഉൽപ്പാദിപ്പിക്കുന്നതിനും വളർത്തുന്നതിനും വേണ്ടിയുള്ള കേന്ദ്രങ്ങളുണ്ട്. അവിടെ മാസങ്ങളോളം പണി ചെയ്യുന്ന ആളുകളുണ്ട്. ആണ്ടു മുഴുവനും അവിടെ പണിയെടുക്കുന്ന വാച്ചർമാരും മറ്റു ജോലിക്കാരുമുണ്ട്. അവരെയെല്ലാം ഇന്നത്തെ നിയമത്തിൽ ഫിഷർമെന്നിന്റെ ഡഫനിഷനിൽ ഉൾക്കൊള്ളിക്കാൻ സാധിക്കുകയില്ല. അവരെയും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് വസ്തുത. ഇത് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ മാത്രം ഉൾക്കൊള്ളിക്കത്തക്ക വിധത്തിലുള്ള നിയമമാണ്. ഈ നിയമം വന്നാൽ ഇപ്പോഴത്തെ ഈ വിഭാഗക്കാർ നിയമത്തിൽ ഇല്ലാതിരിക്കുക, അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കുക, കൂടുതൽ സൗകര്യങ്ങൾ ലഭിക്കാതിരിക്കുക, മിനിമം വേജ് കിട്ടാതിരിക്കുക ഇങ്ങനെയൊക്കെയുള്ള നടപടികളിലേക്കാണ് വരുന്നത്. അവരെ സംബന്ധിച്ചിടത്തോളം അവരുടെ മുതലാളിമാർക്കു വെൽഫെയർ ഫണ്ട് സ്വരൂപിക്കുന്നതിനു വേണ്ടിയുള്ള പണം കൊടുക്കേണ്ടിയിരിക്കുന്നു. അതു കൊണ്ടാണ് ഭയാശങ്കകളോടുകൂടി പറയുന്നത്. ഇനി അതിനെക്കാൾ കൂടുതൽ കൊടുക്കേണ്ടതായി വരും. ഈ തൊഴിലാളികൾക്കു ഒരു വെൽഫെയർ ഫണ്ടും മറ്റുമുണ്ടാക്കാൻ ഈ മുതലാളിമാരുടെ എതിർപ്പുകൊണ്ട് ഇന്നത്തെ നിലയിൽ നടപ്പിലാക്കാൻ സാധിക്കാത്തതായ സ്ഥിതിവിശേഷമുണ്ട്. അവരുടെ അടുത്തുനിന്ന് പണം പിരിക്കാൻ ഇടയുണ്ട്. രണ്ടു വിധത്തിലുള്ള കോൺട്രിബ്യൂഷൻ കൊടുക്കേണ്ടിവരും. അതിന്റെതായുള്ള എതിർപ്പു വരുമെന്ന നിലയ്ക്കാണ് ഞങ്ങൾ ഇതു പറയുന്നത്. 1980–ലെ നിയമത്തിൽ 17–ാം വകുപ്പിൽ പറയുന്നു;

Take measures to make available fishing implements to its members at reasonable cost; Advance loans to the members for the purchase of fishing implements and effect recovery of such loans in easy instalments; provide facilities for storage; provide facilities to the members for the repair and maintenance of fishing implements; Evolve and implement scheme for the welfare of the residents of fisheries villages. ഇതെല്ലാം രണ്ടു നിയമത്തിലും അങ്ങോട്ടുമിങ്ങോട്ടും ഒരേ വിധത്തിൽ എഴുതിയിരിക്കുന്നതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

Provide for the payment of accident relief to members and their families; provide for the payment of incapacity, disability or old age benefits to members; provide for such other welfare schemes as would improve the standard to living and ameliorate the social conditions of the members; ഇത് വെൽഫെയർ സൊസൈറ്റീസ് ആക്ടിൽ പറഞ്ഞിരിക്കുന്നതാണ്. ഈ നിയമത്തിൽ ഇതേ വാചകങ്ങൾ തന്നെ പറഞ്ഞിട്ടുണ്ട്. വെൽഫെയർ ഫണ്ട് നിയമത്തിൽ ഇതിന്റെ വെൽഫെയർ ഫണ്ട് എന്തിനെല്ലാം ഉപയോഗിക്കണമെന്നുള്ളതിനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്.

(1) to provide for distress relief to fishermen in times of natural calamities.

(2) for payment of financial assistance to fishermen who suffer permanent or temporary disablement
അതും ഇതിലുണ്ട്. for payment of loans or grants to fishermen to meet the expenses. അത് സ്പെസിഫിക്കായിട്ട് ഇല്ല.

To provide for the fishermen and the members of their families:—
Educational; social education; sports; nutrition; employment; for payment of financial assistance; to provide old age assistance for the implementation of any other purpose. ഇതെല്ലാം രണ്ടിലും ഒരുപോലെ തന്നെ ഒരേ വിധത്തിൽ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു സ്കീം എന്നുള്ള നിലയിലാണ് ചേർത്തിരിക്കുന്നത്. ഈ നിലയിൽ രണ്ടു നിയമത്തിലും ഒരേ വിധത്തിൽ വന്നിരിക്കുന്നു. ആ നിയമത്തിൽ വന്നിരിക്കുന്നത് ഉപയോഗിക്കാൻ സാധിക്കുന്നത് ആ സൊസൈറ്റീസ് ആക്ടിൽ വരുന്നതായ ഫിഷറീസ് വില്ലേജിൽ വരുന്നവർക്കാണ്. പടിഞ്ഞാറൻ ഏരിയായിൽ 226 വില്ലേജസും അതുപോലെ തന്നെ ഇൻലൻഡ് ഫിഷറീസ് വില്ലേജസും കൂടി 400-ൽ താഴെ വരുമെന്നാണ് എന്റെ ഓർമ്മ. ഇത്രയും വില്ലേജുകളാണ് ഡിക്ലയർ ചെയ്തിരിക്കുന്നത്. ഈ വില്ലേജുകളിൽപെടാത്ത അനേകം സ്ഥലത്ത് മൽസ്യം പിടിത്തവും അതുപോലെയുള്ള തൊഴിലും കൊണ്ട് ജീവിക്കുന്നതായ അനേകമാളുകളുണ്ട്. അങ്ങയുടെ ജില്ലയിൽത്തന്നെ അങ്ങനെയുള്ള സ്ഥലങ്ങളുണ്ട്. ശ്രീ. ബാലകൃഷ്ണന്റെ നാട്ടിലുള്ള ചിറകുകളിൽനിന്ന് മത്സ്യം പിടിച്ച് ജീവിക്കുന്നവരുണ്ട്. അവരാരും മൽസ്യത്തൊഴിലാളികൾക്കുള്ള വില്ലേജിൽ ഉൾപ്പെട്ടവരല്ല. അവർ ചൈനാനെറ്റോ സാധാരണ നെറ്റോ മറ്റോ ഉപയോഗിക്കുന്നുവെങ്കിൽ ഒരു മാസം ഒരു രൂപ കോൺട്രിബ്യൂഷൻ ഫണ്ടിലേക്ക് വയ്ക്കുന്നു. അവരെ മൽസ്യത്തൊഴിലാളിയായി അംഗീകരിക്കുന്നില്ല. പക്ഷെ അവർ ഇതുകൊണ്ടു മാത്രം ജീവിക്കുന്നവരാണ്. പ്രത്യേകിച്ച് ഹരിജനങ്ങളാണ്. ഇതുപോലുള്ള പ്രദേശങ്ങളിൽ ഗവൺമെന്റിന്റെ കനാലിലായാലും പഞ്ചായത്ത് തോടുകളിലായാലും സ്വകാര്യ വ്യക്തികളുടെ തോടുകളിലായാലും കളങ്ങളിലായാലും അവിടെ നിന്നൊക്കെ മൽസ്യം പിടിക്കുന്നതായ ഇവർക്ക് വല ഉപയോഗിക്കുന്നു എന്നുള്ള പേരിൽ കോൺട്രിബ്യൂഷൻ നൽകേണ്ടി വരുന്നു. ഈ വിഭാഗക്കാർ ആണ്ടിൽ 9 രൂപ കോൺട്രിബ്യൂഷൻ കൊടുക്കണം. പക്ഷെ ഇന്നത്തെ ഡഫനിഷനിൽ അവർ വില്ലേജിൽ ഉൾപ്പെടാത്തവരായതുകൊണ്ട് അവർ ഫിഷർമെൻ ആവുകയില്ല. പക്ഷെ ഇതിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ നിയമപ്രകാരം ഫിഷറീസ്

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജിൽ ഉള്ളവർക്കു മാത്രമാണ് ഇതു ബാധകമാവുന്നതെന്നാണ്. മൽസ്യം പിടിച്ച് ജീവിക്കുന്നതായ മുഴുവൻ ആളുകളെയും ഇതിൽ ഉൾപ്പെടുത്തണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. മത്സ്യത്തൊഴിലാളി വില്ലേജുകളിലുള്ള ആളുകൾക്കു പുറമെ മത്സ്യം പിടിക്കുകയും ചെമ്മീൻ കിള്ളുകയും മൽസ്യ വ്യവസായപരമായ തൊഴിലിൽ ഏർപ്പെട്ടിരിക്കുകയും ഫാമുകളിലും മറ്റും ജോലി ചെയ്യുകയും ചെയ്യുന്ന തൊഴിലാളികൾക്കുകൂടി ഈ ഫണ്ടിന്റെ ആനുകൂല്യം കിട്ടത്തക്ക വിധത്തിൽ ഭേദഗതി വേണമെന്നാണ് പറയുന്നത്.

അതുപോലെതന്നെ സ്കീം വരുമ്പോൾ ഓൾഡ് ഏജ് അസിസ്റ്റൻസ് എന്നുള്ളത് ഓൾഡ് ഏജ് പെൻഷൻ ആക്കുകയോ മ്റ്റോ ചെയ്യുന്നതിനുള്ള നടപടിക്രമമെടുക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സ്വാഗതാർഹമാണ്. പെൻഷൻ എന്നുള്ള നിലയിൽ, അതിൽ ഞങ്ങളുടെ ഭേദഗതിയെന്നുള്ള നിലയിൽ, ഞങ്ങൾ അംഗീകരിച്ചിരിക്കുന്നത്, അച്ഛനും അമ്മയും കല്ല്യാണം കഴിയാത്ത മൈനറായിട്ടുള്ള കുട്ടികളും ഒരു ഫാമിലി എന്നുള്ള നിലയിലെടുത്ത് അവരുടെ വരുമാനം 5000 രൂപയ്ക്കു താഴെയാണെങ്കിൽ അവർക്ക് ഓൾഡ് ഏജ് പെൻഷൻ കൊടുക്കത്തക്കവിധത്തിൽ ഭേദഗതി ചെയ്യേണ്ടതാണ്.

ശ്രീ. വി. ദിനകരൻ: നമ്മൾ ഈ ബില്ല് വളരെ വിശദമായി ചർച്ചചെയ്തവരാണ്. അങ്ങനെ ചർച്ച ചെയ്തതിനുശേഷം അപ്പുറത്തിരിക്കുന്നവർ ഡിസൻറിംഗ് നോട്ട് എഴുതിയിരിക്കുന്നു. സി.ഐ.ടി.യുവിന്റേയും എ.ഐ.ടി.യു.സി.യുടേയും അതുപോലെതന്നെ മൽസ്യത്തൊഴിലാളി കോൺഗ്രസ്സിന്റേയും യു.ടി.യു.സി. ഉൾക്കൊള്ളുന്ന പ്രതിപക്ഷ മൽസ്യത്തൊഴിലാളി സംയുക്ത സമര സമിതിയുടെ കൺവീനറാണ് ശ്രീ. താമരാക്ഷൻ. പ്രതിപക്ഷ മെമ്പർമാർ ഡിസൻറിങ്ങ് നോട്ട് എഴുതിയപ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷമായിട്ടുള്ള ഡിസൻറിംഗ് നോട്ട് ആണെന്നുള്ള ഒരൊറ്റ കാരണത്താൽ അല്ലേ ശ്രീ. താമരാക്ഷൻ ഡിസൻറിംഗ് നോട്ട് എഴുതാതിരുന്നത്? അതുപോലെതന്നെ പെൻഷൻ വേണമെന്ന് നിങ്ങൾ ഡിസൻറിംഗ് നോട്ട് എഴുതിയിരിക്കുന്നു. പെൻഷൻവേണമെന്ന് സെലക്ട് കമ്മിറ്റിയിൽ എന്നെപ്പോലുള്ള വ്യക്തികൾ വളരെ ശക്തിയായി വാദിച്ച അവസരത്തിൽ പെൻഷൻ വേണമെന്നുണ്ടെങ്കിൽ അതിന് പ്രത്യേകമായി ഫണ്ട് അലോട്ട്മെൻറ് ഉണ്ടായിരിക്കണമെന്നു പറഞ്ഞ് തടസ്സവാദ മുന്നയിച്ചിട്ട് ശ്രീമതി ഗൗരിയമ്മയെപോലുള്ളവർ ഇപ്പോൾ പെൻഷൻ വേണമെന്ന് ഡിസൻറിംഗ് നോട്ടെഴുതിയത് മത്സ്യത്തൊഴിലാളികളെ തെറ്റിദ്ധരിപ്പിക്കാനുള്ള നടപടിയായിട്ടല്ലേ കാണാൻ സാധിക്കുകയുള്ളു?

ശ്രീമതി കെ.ആർ. ഗൗരി: ആദ്യം എന്നോട് ചോദിച്ചത് അനുജനോട് ചോദിച്ചാൽ മതി. അത് ഞാനല്ല പറയേണ്ടത്. ശ്രീ. താമരാക്ഷനാണ്. അത് വീട്ടിൽവച്ച് തമ്മിൽ ചോദിച്ചാൽ മതി.

പിന്നെ ഡിസൻറിംഗ് നോട്ട് എഴുതിയകാര്യം; ഞങ്ങൾ കമ്മിറ്റി കൂടി. കമ്മിറ്റി കൂടിക്കഴിഞ്ഞതിനുശേഷം ഞങ്ങൾക്ക് ഒന്നിച്ചു കൂടാൻ സാധിക്കാത്ത സ്ഥിതി ഉണ്ടായി. ശ്രീ. ദിനകരനുള്ള ഒരു പ്രത്യേക വിചാരമെന്താണെന്നു വച്ചാൽ, ഫിഷർമെൻ എന്നു പറഞ്ഞാൽ അവരെ പ്രതിനിധീകരിക്കാൻ ദിനകരനെന്നു പറയുന്ന ഒരൊറ്റ ആളേ ഈ ലോകത്തുള്ളൂ എന്നാണ്. അല്ലെങ്കിൽ പിന്നെ ഞാൻ സംസാരിക്കുമ്പോൾ എഴുന്നേറ്റുനിന്ന് ഈ വിധത്തിൽ പറയുമോ? ഞാൻ പറയുന്നത്, കമ്മിറ്റി കൂടിക്കഴിഞ്ഞതിനുശേഷം ഞങ്ങൾക്ക് ഒന്നിച്ചുകൂടാൻ

LIBRARY ARCHIVES Kerala Legislative Assembly

തരപ്പെട്ടില്ല. തരപ്പെടാതെ വന്നതുകൊണ്ട് കമ്മ്യൂണിസ്റ്റു പാർട്ടിയിലുള്ള മെമ്പർമാർ ആദ്യം ഡിസൻറിംഗ് നോട്ട് എഴുതിക്കൊടുത്തു. അതിനു ശേഷമാണ് ശ്രീമാൻ കെ.വി. സുരേന്ദ്രനാഥ് എഴുതിക്കൊടുക്കാൻ വന്നത്. ശ്രീ. താമരാക്ഷനെ അപ്പോഴും കിട്ടിയില്ല. ഞങ്ങൾക്ക് ഒരു സമയപരിധി വച്ചിരുന്നു, ഇത്രാം തീയതിയ്ക്കുള്ളിൽ കൊടുക്കണമെന്ന്. ആളുകളെയെല്ലാം തേടിനടന്ന് അവസാനം ഇത് സമയപരിധിയ്ക്കുള്ളിൽ കൊടുക്കാൻ ഒക്കാതെ വന്നാലുള്ള ഭവിഷ്യത്ത് ഓർത്ത്, സെക്രട്ടറി പുറകേ നടന്ന് വാങ്ങിച്ചുകൊണ്ടുപോവുകയാണ് ചെയ്തത്. രണ്ടാമതായി ഞാൻ പെൻഷനു എതിരായി വാദിച്ചുവെന്നു പറയുന്നത് ശുദ്ധ കളവാണ്. മിനിറ്റ്സ് എടുത്തുനോക്കിക്കൊള്ളുവിൻ. ഞാൻ പറഞ്ഞതായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ എനിക്ക് സമ്മതമാണ്. ഞങ്ങൾ അന്നും പറഞ്ഞു, ഞങ്ങളുടെ അഭിപ്രായം. അവർ ആഗ്രഹിക്കുന്നത് പെൻഷൻ ആണ്. അതുകൊണ്ട് പെൻഷൻ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം, പക്ഷേ അതിന് പരിധി വയ്ക്കണമെന്ന് പറഞ്ഞു. വരുമാനത്തിൽ പരിധി വയ്ക്കണം. വെറും മൽസ്യത്തൊഴിലാളി ആണെന്നുള്ളതുകൊണ്ട് അല്ലാതെ, വരുമാനത്തിൽ പരിധി വച്ച് താഴേയ്ക്കിടയിലുള്ള ആളുകൾക്ക് കൊടുക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

ഞാൻ ഇത് പറയുമ്പോൾ ശ്രീ. ദിനകരൻ എന്തുകൊണ്ടാണ് ഡിസൻറിംഗ് നോട്ട് എഴുതാത്തതെന്ന് എനിക്ക് അറിഞ്ഞുകൂടാ. പ്രതിപക്ഷത്തിൻറെ കൂടെ വന്നതുമില്ല. ഒരുപക്ഷേ അപ്പുറത്തിരിക്കുന്നതുകൊണ്ടായിരിക്കും എഴുതാതിരുന്നത്. ആ നിലയിൽ എഴുതാതിരുന്നതിനു ശേഷം ഞങ്ങളുടെ തലയിൽ കുറവും ചാർത്തി മിടുക്കനാകാൻ ഞാൻ മാത്രമേ ലോകത്ത് മൽസ്യത്തൊഴിലാളികളെ പ്രതിനിധീകരിക്കാനുള്ളൂ എന്ന ഭാവത്തിൽ സംസാരിക്കുന്നത് ശരിയല്ല.

സർ, ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. രണ്ട് നിയമത്തിലും പരസ്പരം വൈരുദ്ധ്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും വരുമെങ്കിലും രണ്ടിലും ഓവർലാപ്പിംഗ് വരുമെങ്കിലും ആ ഓവർലാപ്പിംഗ് ആയിട്ട് വന്നിരിക്കുന്ന സംഗതികൾ മാറ്റിതീർക്കത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കണം. അതേസമയം ഇന്ന് വിട്ടുപോയിട്ടുള്ള മൽസ്യത്തൊഴിലാളികളെകൂടി ഇതിൻറെ ഡെഫനിഷനിൽ ഉൾപ്പെടുത്തി, ആ വിഭാഗങ്ങളെകൂടി ചേർത്തുകൊണ്ട് ഈ നിയമം വിസ്തൃതമാക്കി, മൽസ്യത്തൊഴിൽകൊണ്ട് ജീവിക്കുന്ന ആളുകൾ കൂടി ഇതിൻറെ സംരക്ഷണവലയത്തിൽ ഉൾപ്പെടത്തക്കവിധത്തിൽ ആവശ്യമായിട്ടുള്ള ഭേദഗതി ഞങ്ങൾ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീമതി ഗൗരിയമ്മ അവതരിപ്പിച്ച ഡിസൻറിംഗ് നോട്ടിനെ അനുകൂലിച്ചുകൊണ്ട് ഡിസൻറിംഗ് നോട്ട് എഴുതിയ അംഗമാണ് ഞാൻ. ഇതിൽ സെലക്ട് കമ്മിറ്റി തെളിവെടുപ്പ് നടത്തുമ്പോൾ കേരളത്തിലെ മൽസ്യത്തൊഴിലാളികൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ സെലക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽപെട്ടിരുന്നു. അതിനെയെല്ലാം അടിസ്ഥാനപ്പെടുത്തി മൽസ്യത്തൊഴിലാളി രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ അഭിപ്രായങ്ങൾ സെലക്ട് കമ്മിറ്റി ആരാഞ്ഞിട്ടുണ്ട്. പ്രതിപക്ഷം സെലക്ട് കമ്മിറ്റിയിൽ പറഞ്ഞ കുറേയേറെ നിർദ്ദേശങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിച്ചിട്ടുണ്ട്. ആദ്യം അവതരിപ്പിച്ച ബില്ലിൽനിന്ന് ചില മാറ്റങ്ങളും വരുത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറായിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി മൽസ്യത്തൊഴിലാളി വെൽഫെയർ ഫണ്ട് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണമാണ് നാം ഇപ്പോൾ നടത്തുന്നത്. ഇതിൽ വെൽഫെയർ ഫണ്ടിൽ, ബോർഡിന്റെ ഘടനയിൽ മുമ്പ് നിർദ്ദേശിക്കപ്പെട്ടിരുന്നത് ഏഴ് മെമ്പർമാർ ഉൾക്കൊള്ളുന്ന ബോർഡ് ആയിരുന്നുവെങ്കിൽ സെലക്ട് കമ്മിറ്റി അത് 9 ആക്കി വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇപ്പോൾ ബോർഡിൽ തൊഴിലാളികളുടെ പ്രതിനിധികൾ രണ്ട് എന്നുള്ളത് മൂന്നാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. മൂന്നാക്കി വർദ്ധിപ്പിച്ചത്, മൽസ്യത്തൊഴിലാളികളുടെ ഗ്രാമസംഘങ്ങളിൽ പെട്ടവരെ ഗവൺമെന്റിനു നോമിനേറ്റ് ചെയ്യാം എന്നാണ് ഈ ബില്ലിനകത്ത് കൊടുത്തിട്ടുള്ള വ്യവസ്ഥ. അതുമാറ്റി ഈ മൂന്ന് മൽസ്യത്തൊഴിലാളി പ്രതിനിധികളെ ഗ്രാമസംഘത്തിൽ കൂടി തിരഞ്ഞെടുപ്പ് നടത്തി കൊണ്ടുവരണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്. അങ്ങനെയല്ലെങ്കിൽ മൽസ്യത്തൊഴിലുമായി പുലബന്ധം പോലുമില്ലാത്ത ആളുകൾ ഗ്രാമസംഘങ്ങളുടെ പേരിൽ.....

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: നമ്മൾ സെലക്ട് കമ്മിറ്റി മെമ്പർമാരായി തെളിവെടുത്തുകൊണ്ടിരുന്ന സമയത്ത് ഈ മെമ്പേഴ്സിനെ സംബന്ധിച്ചിടത്തോളം നമ്മൾ ചർച്ച നടത്തിയപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഇന്നു പറഞ്ഞ അഭിപ്രായം അന്ന് കമ്മിറ്റിയിൽ പറഞ്ഞില്ലല്ലോ. ഉണ്ടെന്നോ തെളിയിക്കാമോ? മെമ്പർമാരുടെ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന സജഷൻ വന്നു. അത് ഗവൺമെന്റുദ്യോഗത്തിൽനിന്ന് സ്വീകരിക്കുകയും ചെയ്തു. പക്ഷേ അവരെ തിരഞ്ഞെടുക്കണമെന്നുള്ളതിനെസംബന്ധിച്ച് ഒരു അഭിപ്രായം ശ്രീ. ബാലകൃഷ്ണൻ കമ്മിറ്റിയിൽ പറഞ്ഞോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഒപ്രാസീഡിംഗ്സ് നോക്കിയാൽ അതൊക്കെ മനസ്സിലാകും. അന്ന് പറയാൻ കഴിയാത്തതുകൊണ്ട് ശ്രീ. കുട്ട്യാലി ഇപ്പോൾ വിഷമിക്കേണ്ട.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഞാൻ കമ്മിറ്റിയിൽ പറഞ്ഞ അഭിപ്രായം പൂർണ്ണമായും ഇപ്പോഴും അംഗീകരിക്കുന്നു. അതുകൊണ്ടാണ് ഡിസൻറിംഗ് നോട്ട് എഴുതാതിരുന്നത്. മറിച്ച് ശ്രീ. ബാലകൃഷ്ണൻ കമ്മിറ്റിയിലെ അംഗമായിരിക്കേ ഇന്നു പറഞ്ഞ അഭിപ്രായം എന്തുകൊണ്ട് അന്നു പറഞ്ഞില്ല?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അന്ന് പറഞ്ഞതാണ്. അന്ന് പറഞ്ഞിട്ട് അംഗീകരിക്കാത്തതുകൊണ്ടാണ് ഡിസൻറിംഗ് നോട്ട് എഴുതേണ്ടിവന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സെലക്ട് കമ്മിറ്റിയിൽ നടന്ന ചർച്ച ഈ ചർച്ചാവേളയിൽ ഉന്നയിക്കുന്നത് ഒഴിവാക്കുന്നതാണ് നല്ലത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സെലക്ട് കമ്മിറ്റിയിൽ നടന്ന ചർച്ചയുടെ ഉള്ളടക്കം എന്താണെന്ന് ഞാൻ ഇവിടെ പറഞ്ഞിട്ടില്ല. സെലക്ട് കമ്മിറ്റിയിൽ നടന്ന ചർച്ച ഞാൻ പരാമർശിച്ചിട്ടില്ല. ബഹുമാനപ്പെട്ട കുട്ട്യാലി ചോദിച്ചതുകൊണ്ട് പറയേണ്ടിവന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ബോർഡിന്റെ ചെയർമാനെ 9 അംഗങ്ങളുടെ കൂട്ടത്തിൽ നിന്ന് ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയാണ്. ആദ്യം നിർദ്ദേശിക്കപ്പെട്ട ബില്ലിൽ ഫിഷറീസ് വകുപ്പിന്റെ സെക്രട്ടറിയായിരുന്നു ബോർഡിന്റെ ചെയർമാൻ. ഇപ്പോഴത്തെ ഭേദഗതി വരുത്തികൊണ്ട് ഈ 9 അംഗങ്ങളുടെ കൂട്ടത്തിൽനിന്ന് ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയാണ്. ശ്രീ. ദിനകരൻ ഇത്ര വലിയ ആവേശം കാണിക്കുന്നതിന്റെ പിന്നിലുള്ള ചരിത്രം അതാണ്. ശ്രീ. ദിനകരന്റെ വിചാരം ദിനകരനെ ചെയർമാനാക്കുമെന്നാണ്. എന്തായാലും കോൺഗ്രസ്സ് (ഐ) യിൽ ആൺകുട്ടികളും വേറെയുണ്ടെന്ന് ശ്രീ. കരുണാകരൻ ദിനകരനെ കുറച്ച് ദിവസം കഴിയുമ്പോഴേ കാണിച്ചുതരും. ദിനകരനാണെങ്കിൽ പിന്നെ ബോർഡിനെക്കുറിച്ച് പറയേണ്ട ആവശ്യമില്ല.

ശ്രീ. കെ. കരുണാകരൻ: ശ്രീ. ബാലകൃഷ്ണന്റെ മനസ്സിലുണ്ടായിരുന്ന ആഗ്രഹം ഉപേക്ഷിച്ചതുകൊണ്ടാണോ ഇത് പറയുന്നത്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എന്റെ മനസ്സിൽ അങ്ങനെയൊന്നുമില്ല. എനിക്ക് ബോർഡിന്റെ ചെയർമാൻ ആവുകയും വേണ്ട. പക്ഷേ നിങ്ങളും ജനാധിപത്യപരമായി ഈ ബോർഡിനകത്തുള്ള ഒരാളെ ഗവൺമെന്റ് നിശ്ചയിക്കുമെന്നു പറയുമ്പോഴേ അത് മന്ത്രിയാകണമെന്നു പറഞ്ഞത് നല്ല കാര്യമായി എനിക്ക് തോന്നുകയാണ്. ശ്രീ. എം.പി. ഗംഗാധരനെ പറഞ്ഞ് ഉപദേശിച്ച് ആ ബോർഡിന്റെ ചെയർമാൻ സ്ഥാനത്തുനിന്ന് ഒഴിവാക്കിയാൽ തരക്കേടില്ലായിരുന്നു എന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് പറയുവാനുള്ളത്. ഞാൻ ശ്രീ. ഗംഗാധരന്റെ കാര്യം പറയാൻ ഉദ്ദേശിച്ചതല്ല എങ്കിലും പറയുകയാണ്, ശ്രീ. ഗംഗാധരൻ ഈ ബില്ലൊന്ന് പഠിക്കണം. പ്രായാധിക്യം വന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഡേജ് അസിസ്റ്റൻസ് കൊടുക്കാൻ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രായാധിക്യം വന്ന മത്സ്യത്തൊഴിലാളികൾക്ക് ഓഡേജ് അസിസ്റ്റൻസ് കൊടുക്കണമെന്നാണ് 3-ാം വകുപ്പ് സബ്ക്ലാസ് (4) എഫ് അനുശാസിക്കുന്നത്. അത് പെൻഷനാക്കി മാറ്റണം. മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ എന്ന മുദ്രാവാക്യം ഇന്ന് എല്ലാ സംഘടനകളും ഉന്നയിച്ചിരിക്കുകയാണ്. ഈ പരിതഃസ്ഥിതി കണക്കിലെടുത്തുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇങ്ങനെയുള്ള ഭേദഗതികളോടുകൂടി ഈ ബില്ല് പാസാക്കുകയും കേരളത്തിലെ ദുർബലജനവിഭാഗങ്ങൾക്ക് ആശ്വാസം കൊടുക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും വേണം. മത്സ്യത്തൊഴിലാളികൾക്ക്, വീടില്ലാത്തവർക്ക് വീട് ഉണ്ടാക്കികൊടുക്കണം. ഉണ്ടാക്കിയ വീടുകൾ അടിയന്തിരമായി കൊടുക്കണം. അത് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെക്കൊണ്ട് പറയിപ്പിക്കുന്നതിനുമുമ്പുതന്നെ കൊടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതായിരുന്നു. പ്രധാനമന്ത്രി പറഞ്ഞാൽ മാത്രമേ വീട് കൊടുക്കുകയുള്ളൂ എന്ന അവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ടാകുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അത് ഭൂഷണമല്ലാതായിപ്പോയി. അതുകൊണ്ട് ഈ രംഗത്ത് കാര്യമാത്ര പ്രസക്തമായി പ്രവർത്തിച്ച് ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ചലനാത്മകമാക്കിത്തീർക്കാനും മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നടപടികളിൽ ശ്രദ്ധിക്കാനും ഈ ബില്ല് പാസാകുന്നതോടുകൂടി സാദ്ധ്യമാകട്ടെ എന്നു പ്രത്യാശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി.കെ. ചക്രപാണി)

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, ഈ ബില്ലിന്റെ റിപ്പോർട്ടിൽ വിയോജനക്കുറിപ്പ് എഴുതാൻ ഇടയായ ചില കാര്യങ്ങളെക്കുറിച്ച് വിശദീകരിക്കാൻ മാത്രമേ ഞാൻ ഇപ്പോഴും ആഗ്രഹിക്കുന്നുള്ളൂ. ഈ ബില്ലിനകത്ത് ശ്രീമതി ഗൗരിയമ്മ ചൂണ്ടിക്കാണിച്ചതുപോലെ, ഫിഷർമെൻ എന്നത് നിർവ്വഹിച്ചിരിക്കുന്നത് "Fishermen" means a fisherman as defined in clause (e) of Section 2 of the Kerala Fishermen Welfare Societies Act, 1980.

ആക്ടിൽ ഫിഷർമെൻ എന്നത് നിർവ്വചിച്ചിട്ടുള്ളത്, ഫിഷിംഗ് ഓപ്പറേഷൻ നടത്തുന്ന ആരും ഫിഷർമെൻ എന്നാണ്. അത് ശ്രീമതി ഗൗരിയമ്മ വായിച്ചതുകൊണ്ട് ഞാൻ വായിക്കുന്നില്ല. രണ്ട് തരം മൽസ്യപ്പിടുത്തം അതിനകത്ത് പറഞ്ഞിട്ടുണ്ട്. മെക്കനൈസ്ഡ് ഫിഷിംഗ് അല്ലാത്ത നിലയിലുള്ള ഫിഷിംഗ് ഓപ്പറേഷനും പെടുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ ആക്ടിനകത്ത്, ഫിഷറീസ് വില്ലേജിനകത്തുപെടുന്ന ആളുകളും മാത്രമേയുള്ളൂ എന്ന് പറയുന്നു. ഈ ആക്ടിനകത്ത് ഫിഷറീസ് വില്ലേജിനകത്തുപെടുന്ന ഫിഷിംഗ് ഓപ്പറേഷൻ നടത്തുന്നവരെ മാത്രം ഉൾപ്പെടുത്തുമെന്നാണ്. എന്നാൽ വില്ലേജിനകത്തല്ലാത്ത, ഫിഷിംഗ് ഓപ്പറേഷൻ നടത്തുന്ന ആളുകളെ ഇതിനകത്ത് ഉൾപ്പെടുത്തുമോയെന്ന് വ്യക്തമല്ല. അതുകൊണ്ട് ഇതിനകത്ത്, ഫിഷിംഗ് ഓപ്പറേഷൻ നടത്തുന്നവരെ, ഫിഷറീസ് വില്ലേജിനകത്തുള്ളവരായാലും പുറത്തുള്ളവരായാലും ഈ ആനുകൂല്യങ്ങൾ, അല്ലെങ്കിൽ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ അവർക്കുകൂടി അനുഭവിക്കാനുള്ള അവകാശം കൊടുക്കണമെന്നുള്ളതാണ് പ്രധാനമായ ഒരു ഡിസൻറ്. കടലിലും കായലിലുമൊക്കെ പോകുന്നവരെയാണ് ഫിഷറീസ് ബില്ലിനകത്ത് ഗവൺമെൻറ് ഫിഷർമെൻ ആയി ഐഡൻറിഫൈ ചെയ്തിട്ടുള്ളത്. ഗവൺമെൻറ് ഐഡൻറിഫൈ ചെയ്യാത്ത ഒട്ടനവധി മേഖലകളിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ടവർ ഉണ്ട്. ഉദാഹരണമായി പ്രാൺ ഫിൽറ്ററിംഗ് നടത്തുന്ന ഏറിയായുണ്ട്. മൽസ്യക്കെട്ട്, അല്ലെങ്കിൽ മൽസ്യകാപ്പ് എന്നു പറയുന്ന സ്ഥലം. മിക്കവാറുമുള്ള കടലോരവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിൽ, കോരംനിലങ്ങളിൽ, കായൽ നിലങ്ങളിൽ കരിനിലങ്ങളിൽ ചെമ്മീക്കെട്ട് വളരെ പ്രധാനപ്പെട്ട ഒരു ഫ്ലർപ്പാടാണ്. ചെമ്മീക്കെട്ടുമായി ബന്ധപ്പെട്ട് അവിടെ മീൻപിടുത്തമാണ് നടക്കുന്നത്. നമ്മുടെ സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കുന്നതിൽ കൂടുതലും ചെമ്മീനാണല്ലോ. അതുകൊണ്ട് ആ മേഖല ഫിഷിംഗ് ഓപ്പറേഷനിൽപെട്ട സ്ഥലമാണ്. അവിടത്തെ പ്രാൺ ഫിൽറ്ററിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട തൊഴിലാളികളും ഫിഷിംഗ് ഓപ്പറേഷൻ നടത്തുന്നവരല്ലേ? അവർ ഫിഷറീസ് വില്ലേജിൽ അംഗങ്ങളായിട്ടില്ല എന്ന ഒരൊറ്റക്കാരണത്താൽ അവരെ ഒഴിവാക്കിയതിനു എന്താണ് ന്യായീകരണം? അതുകൊണ്ട് അവരെകൂടി ഇതിനകത്ത് ഉൾപ്പെടുത്തണമെന്നാണ് ഞങ്ങളും ഈ ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നത്. ഫിൽറ്ററിംഗ് നടത്തുന്ന ഇത്തരം ആളുകളിൽനിന്ന്, കോൺട്രാക്ടർ അല്ലെങ്കിൽ സഹകരണസംഘങ്ങളും ഉള്ളിടത്ത് ഒരു ഫണ്ട് കോൺട്രിബ്യൂഷനും വാങ്ങുന്നുണ്ട്. ആ തൊഴിലാളികളും പിടിക്കുന്ന ചെമ്മീനിന്റെ തോതനുസരിച്ച്, അവരോടും ഫണ്ട് പിരിക്കുന്നുണ്ട്. പക്ഷേ അവിടെ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇതിനകത്ത് അംഗത്വം കൊടുക്കുകയില്ലെന്നു പറഞ്ഞാൽ അവർക്കുവേണ്ടി മറ്റൊരു ക്ഷേമ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടോ നിയമമോ ഉണ്ടാക്കാൻ കഴിയുമോ? ഇത്തരം സമഗ്രമായ ഒരു ബില്ല് ഉണ്ടാക്കാൻ ശ്രമിക്കുമ്പോഴും അവരെ ഒഴിവാക്കിയതിനു യാതൊരു നീതീകരണവുമില്ല. നേരത്തേപ്പോലെ, ഫിഷറീസ് സൊസൈറ്റീസ് ആക്ടിനകത്ത് ഐഡൻറിഫൈ ചെയ്ത ഗ്രാമങ്ങളിലെ തൊഴിലാളി കൾക്ക് ക്ഷേമ പ്രവർത്തനമെന്നുള്ള വ്യവസ്ഥ ഈ ബില്ലിനകത്തു മുണ്ട്. അതിൽ പെടാത്ത ആളുകളുണ്ടെങ്കിൽ അവരെയും ഇതിന കത്ത് ഉൾപ്പെടുത്തി ഇതിന്റെ ആനുകൂല്യം കൊടുക്കുന്നത് തടയേണ്ട കാര്യമുണ്ടോ?

മറ്റൊരു കാര്യം പരമ്പരാഗതമായിത്തന്നെ ഈ ജോലി ചെയ്യുന്ന ആളുകളുണ്ട്. കിഴക്കൻ പ്രദേശങ്ങളിലും ഉൾനാടുകളിലുമൊക്കെ കായലുകളിൽ മൽസ്യം തപ്പിപ്പിടിച്ച് ജീവിക്കുന്ന ആളുകളുണ്ട്. നല്ല പുഴയിൽ പോലും ഒരുപക്ഷേ അങ്ങ്തന്നെ (ബഹുമാനപ്പെട്ട ചെയർതന്നെ) ചിലപ്പോൾ കണ്ടുകാണും. വെല്ലിംഗ്ടൺ ഐലൻറിന്റെ സമീപത്തൊക്കെ വെള്ളത്തിന് ആഴം കുറഞ്ഞ സ്ഥലത്ത് അഞ്ചും ആറും സ്ത്രീകളും വലിയ കൂടയുമായി വെള്ളത്തെ തള്ളിനീക്കിക്കൊണ്ട് കഴുത്തുവരെ വെള്ളത്തിൽ നിന്ന് ചെമ്മീൻ പിടിച്ച് കൂടയ്ക്കകത്തിട്ട് ചുമന്നുകൊണ്ടുനടന്ന് വിൽക്കുന്ന കാഴ്ച. അത്തരം ആളുകളും, കായലോരങ്ങളിലും പുഴവക്കിലും മറ്റ് പുറമ്പോക്കുകളിലും മറ്റ് ജലാശയങ്ങളിലും നിന്ന് മൽസ്യംപിടിച്ച് ജീവിതം നയിക്കുന്നുണ്ട്. അത്തരം ആളുകളെ എന്തിന് ഒഴിവാക്കണം? പരമ്പരാഗതമായി, കാലാകാലങ്ങളായി അത്തരം ജോലി ചെയ്ത് ജീവി ക്കുന്ന ധാരാളം പുലയസ്ത്രീകളും നമ്മുടെ നാട്ടിലുണ്ട്. നെൽകൃഷി പല സ്ഥലത്തും പോയിയെങ്കിലും ഈ തൊഴിൽകൊണ്ട് ഉപജീവനം കഴിക്കുന്ന ആളുകളുണ്ടെങ്കിൽ അവരെ നമ്മൾ ഒഴിവാക്കു ന്നതിൽ എന്ത് ന്യായീകരണമുണ്ട്. അങ്ങനെ ഇത്ര സങ്കുചിതമായി നിർത്തുന്നതിൽ യാതൊരു യുക്തിയുമില്ല, ന്യായവുമില്ല എന്നുള്ള തുതന്നെയാണ് ഞങ്ങളെ ഡിസെൻറിംഗ് നോട്ട് എഴുതാൻ പ്രേരി പ്പിച്ചത്. അതുപോലെതന്നെ മൽസ്യം പിടിച്ചാൽ അത് അപ്പോൾ തന്നെ വിൽക്കുന്നില്ല. ഞങ്ങളുടെ പ്രദേശത്തൊക്കെ മൽസ്യം പിടിച്ചാൽ അത് അപ്പോൾ വിൽക്കില്ല. പിന്നീട് ഉണക്കി വിൽക്കും. ചെമ്മീ നൊക്കെയാണെങ്കിൽ ഉണക്കി വിൽക്കും. ഉണക്കിയ ചെമ്മീൻ പിന്നീടാണ് വിൽക്കുന്നത്. ഇങ്ങനെ ഉണക്കി കേടുവരാതെ സൂക്ഷിക്കുന്നതിനെ യാണ് പ്രോസസ്സിംഗ് എന്നുപറയുന്നത്. വീടുകളിലായാലും ഷെഡ്ഡുകളിലായാലും ചെമ്മീൻ പ്രോസസ്സ് ചെയ്ത് ഉപജീ വിക്കുന്ന ആളുകളും മൽസ്യബന്ധനവുമായി ബന്ധപ്പെട്ട ആളുക ളാണ്. അതുകൊണ്ട് പ്രോസസ്സിംഗിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കുകൂടി ഈ ആനുകൂല്യം ലഭിക്കത്തക്കവിധത്തിൽ ഇതിന്റെ ഡെഫനിഷൻ വിപുലീകരിക്കണം. മൽസ്യത്തൊഴിലാളി ഗ്രാമങ്ങളിലുള്ള അംഗങ്ങൾക്ക് മാത്രമായി ഇത് ചുരുക്കരുതെന്നു ള്ളതാണ് ഡിസെൻറിന് പ്രധാനമായിട്ടുള്ള ഒരു കാരണം.

ബഹുമാനപ്പെട്ട ഗൗരിയമ്മ, മൽസ്യ ഫാക്ടറികളിൽ പീലിംഗ് നടത്തുന്നവരെക്കുറിച്ചു പറഞ്ഞു. ഇന്ന് പല സ്ഥലത്തും പീലിംഗ് ഷെഡ് ഉടമസ്ഥൻമാരില്ല. ഓരോ വീട്ടിലും പത്തുപേരോ, അഞ്ചുപേരോ, നാലുപേരോ ഇരുന്ന് പീല് ചെയ്ത് കൊണ്ടുപോയി വിൽക്കുന്നത് പല സ്ഥലങ്ങളിലും കാണാൻകഴിയും. പണ്ട് പിടി ക്കുന്ന ചെമ്മീൻ അതുപോലെ കൊണ്ടുപോയി വിറ്റിരുന്ന സ്ഥാനത്ത് ഇപ്പോൾ അത് പീല് ചെയ്ത് മീറ്റായി വിൽക്കുന്നു. പീല് ചെയ്യുന്ന ആളുകൾ വീടുകളിലാണ് പീല് ചെയ്യുന്നത്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

പീൽ ചെയ്യുന്നവർക്കു ആരാണ് എംപ്ലോയർ? പീലിംഗ് നടത്തുന്ന സ്ത്രീത്തൊഴിലാളികൾക്ക് മറ്റ് സഹായത്തിനു നിയമത്തിന്റെ സംരക്ഷണത്തിനോ ആനുകൂല്യത്തിനോ വ്യവസ്ഥയില്ലാത്ത കാര്യം ആർക്കും നിഷേധിക്കാനാവുന്നതല്ല. അതുകൊണ്ട് പീലിംഗ് ഷെഡ്ഡുകളിൽ പണിയെടുക്കുന്നവർക്കുകൂടി ഇതിന്റെ ആനുകൂല്യം ലഭിക്കണം. അതിന് ഡെഫനിഷനിൽ അവരെക്കൂടി ഉൾപ്പെടുത്തണമെന്നുള്ളതാണ് പ്രധാനമായി ഒരു ഡിസെന്റിനു കാരണമായി ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് പരിഗണിക്കേണ്ടതാണ്. അത് ഉൾക്കൊള്ളാനുള്ള വിശാലത ഉണ്ടാകണം. ഇതിനകത്ത് സങ്കുചിതമായി കാണേണ്ട ഒരു കാര്യവുമില്ല. ഇവിടെ ഒരു തെറ്റിദ്ധാരണ ഉണ്ടോയെന്ന് എനിക്കറിയില്ല. ഏതായാലും ചില സ്ഥലങ്ങളിൽ ഒരു പ്രചരണം നടക്കുന്നുണ്ട്. അതായത് പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മാത്രമായി ലഭിക്കേണ്ട ആനുകൂല്യം കൂടുതൽ ആൾക്കാർക്ക് കൊടുക്കുന്നതു കൊണ്ട് പരമ്പരാഗത മൽസ്യത്തൊഴിലാളികളായ ആൾക്കാർക്ക് നഷ്ടം ഉണ്ടാകത്തക്ക രീതിയിലുള്ള ഭേദഗതികളാണ് ചിലർ നിർദ്ദേശിക്കുന്നതെന്ന്. നിർഭാഗ്യവശാൽ ചിലർ ഇങ്ങനെ പ്രചരിപ്പിക്കുന്നുണ്ട്. ഈ ആനുകൂല്യം കുറെ തൊഴിലാളികൾക്കുകൂടി കൊടുക്കുന്നതു കൊണ്ട് അർഹതയുള്ള ആർക്കെങ്കിലും ഈ ആനുകൂല്യം നഷ്ടപ്പെടുമെന്നു പറയുന്നതിന്റെ യുക്തി എനിക്ക് മനസ്സിലാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഒരു സുഹൃത്ത് എന്നോട് ചോദിച്ചു 'നിങ്ങളിൽ ചില ആളുകൾ ഞങ്ങൾക്കു മാത്രമായി കിട്ടാനുള്ള പെൻഷൻ വേറെ ആളുകൾക്കുകൂടി കൊടുക്കാൻ ശ്രമിക്കുന്നു, അത് ശരിയാണോ മാഷേ' എന്ന്. ഞാൻ അവരോടു പറഞ്ഞു നിങ്ങൾക്ക് അവകാശപ്പെട്ടത് ഇല്ലായ്മ ചെയ്തിട്ട് മറ്റ് ആളുകൾക്ക് കൊടുക്കുന്നതിനെക്കുറിച്ച് ഞങ്ങൾ പറഞ്ഞിട്ടില്ല. നിങ്ങൾക്കു കിട്ടാനുള്ളത് മുഴുവൻ കിട്ടുമ്പോഴത്തന്നെ അതുപോലെ അർഹതയുള്ള പത്തുപേർക്കോ അല്ലെങ്കിൽ നൂറുപേർക്കോ കിട്ടുമെങ്കിൽ നിങ്ങൾ എന്തിന് ബേജാറാകണം, എന്തിന് എതിർക്കണം എന്ന്. നഷ്ടം വരുമെങ്കിൽ നമുക്കു തർക്കിക്കാം, കുറച്ച് ആളുകൾക്കുകൂടി ഇതിന്റെ ആനുകൂല്യം കിട്ടുമെങ്കിൽ അതിനെ എതിർക്കുന്നതിന്റെ പൊരുൾ എനിക്ക് മനസ്സിലാകുന്നില്ല. ഞങ്ങളുടെ ആളുകൾക്കുവേണ്ടി ഉണ്ടാക്കിയതാണിതെന്നു വളരെ സങ്കുചിതമായ പ്രചരണത്തിനുവേണ്ടിയാണെങ്കിൽ അങ്ങനെ ബാലിശമായ പ്രചരണത്തിനു വേണ്ടിയുള്ള നിയമനിർമ്മാണം നമുക്കു അനുവദിച്ചുകൊടുക്കാൻ പാടില്ലെന്ന് വകുപ്പു മന്ത്രിയായ ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

നിയമത്തിനകത്ത് പുതിയ സ്കീംസ് ഉണ്ടാക്കി നടപ്പിലാക്കുമെന്ന് പറയുന്നുണ്ട്. ബോർഡിന്റെ അധികാരങ്ങൾ പറയുന്നകൂട്ടത്തിൽ ഇങ്ങനെ ഒരു അധികാരം കൊടുക്കുന്നത്—നാം ആഗ്രഹിക്കാത്ത വിധത്തിൽ, നാം ആലോചിക്കാത്ത വിധത്തിൽ സ്കീംസ് ഉണ്ടാക്കാനോ ഭേദഗതികൾ ഉണ്ടാക്കാനോ ഈ ബോർഡിന് അധികാരം കൊടുക്കുന്നത്—ശരിയല്ല. പുതിയ സ്കീംസ് ഉണ്ടാക്കിയാൽ അങ്ങനെ ഉണ്ടാക്കുന്ന സ്കീംസ് നിയമസഭയുടെ പരിഗണനക്ക് സമർപ്പിക്കണമെന്നുള്ളതാണ് ഞങ്ങൾ ഇവിടെ വച്ചിട്ടുള്ള ഡിസെന്റ്.

മൂന്നാമത്തെ ഡിസെന്റ് ഞാൻ എഴുതാൻ കാരണം ഇതിൽ ചെറിയൊരു ജനാധിപത്യ അവകാശം എനിക്കുണ്ട് എന്ന് വച്ചിട്ടാണ്. അതായത് ജനപ്രതിനിധികൾ എന്നുള്ളനിലയിൽ മൽസ്യ

LIBRARY ARCHIVES Kerala Legislative Assembly

തെഴിലാളികളുടെ പ്രതിധികരം മൂന്നുപേരെ എടുക്കാൻ ഇതിനകത്ത് തീരുമാനിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളികളുടെ പ്രതിനിധികരം ആരായിരിക്കണമെന്നുള്ളത് തീരുമാനിക്കേണ്ട അവകാശം മൽസ്യത്തൊഴിലാളികരംക്കായിരിക്കണം, അവർ മൽസ്യത്തൊഴിലാളിഗ്രാമത്തിലുള്ളവരാണെങ്കിൽ. അത് ഈ ആക്ട് പ്രകാരം മെമ്പർഷിപ്പ് എടുക്കുന്ന മൽസ്യത്തൊഴിലാളിയായിരിക്കണം. ഇതിനെ എതിർക്കാൻ ദിനകരന് എങ്ങനെ ധൈര്യം ഉണ്ടായി? ദിനകരൻ ഉംപ്പെടെയുള്ള ആളുകരംക്ക് ഇതിൽ അംഗമാകാമെങ്കിൽ ഇവരുടെ അഭിപ്രായം അനുസരിച്ച് ആരാണെന്ന് തീരുമാനിക്കാൻ ആ തൊഴിലാളികളെ അനുവദിക്കാതിരിക്കത്തക്കവിധത്തിൽ അത് പാടില്ലെന്നുള്ള അഭിപ്രായം എന്തുകൊണ്ട് ദിനകരൻ പറഞ്ഞില്ലെന്നുള്ള കാര്യത്തിൽ ഇനിയും വിശദീകരണം കിട്ടേണ്ടതുണ്ട്. എല്ലാം മുഖ്യമന്ത്രിയോ ഗവൺമെൻറോ നോമിനേറ് ചെയ്യണമെന്നു പറഞ്ഞാൽ ഇപ്പോരം കൊള്ളാമെന്ന് വിചാരിക്കണ്ട, നാളെ ഇത് മാറി അവരുടെ ആളുകളെ നോമിനേറ് ചെയ്യണമെന്ന് പറഞ്ഞാലോ? നോമിനേഷൻ നല്ലതാണെന്ന് ഇപ്പോരം അപ്പുറത്തിരിക്കുമ്പോരം തോന്നും. നാളെ ഇത് മോശമാണെന്നു തോന്നുന്ന ഘട്ടം വരുമെന്നുള്ളതുകൊണ്ട് തിരഞ്ഞെടുപ്പായിരിക്കും നല്ലത്. ജനങ്ങളുടെ മൗലികമായ അവകാശം കയ്യേറുന്ന നടപടി തെറ്റാണ്. ഈ സൊസൈറ്റി കോൺട്രിബ്യൂട്ട് ചെയ്തവരായാലും ഇതിലെ അംഗങ്ങളുടെ അവകാശങ്ങളെ കയ്യേറുന്ന നടപടി തെറ്റാണ്. അതുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ പ്രതിനിധികരം തിരഞ്ഞെടുക്കപ്പെടുന്നവരായിരിക്കണം. അതിൽ കടൽ മൽസ്യത്തൊഴിലാളികരംക്ക് പങ്ക് ഉണ്ടാകണം. കായൽ മൽസ്യത്തൊഴിലാളികരംക്ക് പങ്ക് ഉണ്ടാകണം. എല്ലാ മൽസ്യത്തൊഴിലാളികരംക്കും അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കാൻ കഴിയണമെന്നാണ് പ്രത്യേകം പറയാനുള്ളത്. ആ ഭേഗതികൊണ്ട് ഗവൺമെൻറിന് ഒന്നും നഷ്ടപ്പെടാൻ പോകുന്നില്ല. കാരണം സൊസൈറ്റീസ് എല്ലാം ഇവിടെ ഉണ്ടല്ലോ.

ഈ ആക്ടിനകത്തെ മറ്റൊരു പ്രശ്നം പെൻഷനാണ്, പെൻഷനുവേണ്ടി പ്രക്ഷോഭണം കൂട്ടിയ പ്രമുഖനായ ഒരാളാണ് ദിനകരൻ. ആ ദിനകരൻ പെൻഷൻ എന്ന വാക്ക് ഈ ആക്ടിനകത്ത് പറയണ്ട എന്ന അഭിപ്രായത്തിൽ എങ്ങനെ എത്തി? എന്തുകൊണ്ട് അത് നിഷേധിച്ചു?

ശ്രീ. വി. ദിനകരൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. സെലക്ട് കമ്മിറ്റിയുടെ രേഖ പൂർണ്ണമായും ഗവൺമെൻറിൻെറ മുമ്പിലുണ്ട്. ഞാൻ വളരെ ശക്തിയായി പെൻഷൻ എന്ന പദം ഉപയോഗിച്ചപ്പോരം ശ്രീമതി ഗൗരിയമ്മയാണ് കർശനമായി പറഞ്ഞത് പെൻഷൻ എന്നുള്ള പദം ഉപയോഗിക്കാൻ പാടില്ലെന്ന്. എന്നിട്ട് ഇവിടെ വന്നു പറഞ്ഞ് തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ: ഇതിൽ പോയിൻറ് ഓഫ് ഓർഡർ ഒന്നുമില്ല.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, ദിനകരൻ മൽസ്യത്തൊഴിലാളികളുടെ സമരങ്ങരംക്ക് നേതൃത്വം കൊടുക്കുന്ന ആളാണ്. വേറെ മൽസ്യത്തൊഴിലാളികരം ഒന്നിച്ച് സമരം ചെയ്യുമ്പോരം ദിനകരൻ തനിച്ചും സമരം ചെയ്യുന്ന ആളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നതുപോലെ ദിനകരന് മൽസ്യത്തൊഴിലാളികളോട് താൽപ്പര്യം ഉണ്ടായിട്ടല്ല, അതിന്റെ പേരിൽ തട്ടിപ്പ് നടത്താൻ കഴിയുമോ എന്നുള്ളതുകൊണ്ടാണ് അദ്ദേഹം ധീവരന്റെയും മൽസ്യത്തൊഴിലാളികളുടേയും പേര് ഉപയോഗിക്കുന്നത്. അല്ലാതെ അവരോട് സ്നേഹമൊന്നുമില്ല. അവരോട് എന്ത് ക്രൂരത കരുണാകരൻ ചെയ്താലും അതിനൊക്കെ കൈപൊക്കിക്കൊടുക്കുകയും ചെയ്യും.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: മൽസ്യത്തൊഴിലാളികളുടെ സമരത്തിലെ ഒരു പ്രധാന ആവശ്യം മൽസ്യത്തൊഴിലാളികളുടെ പ്രതിനിധികൂടം വേണമെന്നുള്ളതാണ്. ഈ രാജ്യത്തെ മുഴുവൻ മൽസ്യത്തൊഴിലാളികളും അംഗീകരിക്കുന്ന ഒരു ആവശ്യമാണ്. ഈ രാജ്യത്തെ മുഴുവൻ മൽസ്യത്തൊഴിലാളികളും അംഗീകരിക്കുന്ന പെൻഷൻ എന്ന ആവശ്യം സെലക്ട് കമ്മിറ്റിയെക്കൊണ്ട് അംഗീകരിപ്പിക്കാൻ കഴിയാത്ത പശ്ചാത്തലത്തിൽ ദിനകരന് ആത്മാർത്ഥതയുണ്ടെങ്കിൽ അക്കാര്യത്തിലെങ്കിലും ഒരു ഡിസെന്റിംഗ് നോട്ട് കൊടുക്കാൻ എന്തായിരുന്നു തടസ്സം? ഇപ്പോഴും ദിനകരന് ആത്മാർത്ഥത തെളിയിക്കാനുള്ള അവസരം വന്നിരിക്കുന്നു. ഞങ്ങളും ഇത് പെൻഷൻ എന്നാക്കി ഭേദഗതി ചെയ്യാൻ ഡിസെന്റിംഗ് നോട്ടിൽ പറഞ്ഞിട്ടുണ്ട്. ആ ഡിസെന്റിംഗിൽ ദിനകരന്റെ അഭിപ്രായം എന്താണെന്നറിയാൻ ഞങ്ങൾക്ക് ആഗ്രഹം ഉണ്ട്. അക്കാര്യത്തിലെങ്കിലും ഞങ്ങളോടൊപ്പം നിൽക്കാൻ ദിനകരൻ തയ്യാറാണോ? ഈ നിയമ നിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ അത് തെളിയിക്കണം. വെറുതേ പ്രചരിപ്പിക്കാൻ നടന്നിട്ട് കാര്യമില്ല. പ്രചരണം നടത്തി പ്രക്ഷോഭണം നടത്തിയും ആളുകളെ സംഘടിപ്പിക്കാൻ നടന്നിട്ട് കാര്യമില്ല. ഇതേപ്പറ്റി പ്രക്ഷോഭണങ്ങളും ഉണ്ടാക്കി എന്നല്ലാതെ കാതലായ പ്രശ്നം വരുമ്പോൾ പറയേണ്ട സ്ഥലത്ത് പറയാനും എതിർക്കേണ്ട സ്ഥലത്ത് എതിർക്കാനും എതിർക്കേണ്ട വിധത്തിൽ എതിർക്കാനും അത് സാധിച്ചുകൊണ്ട് നിയമസഭയിൽ പങ്കെടുക്കാനുമൊക്കെ കഴിയേണ്ടതായിരുന്നു. നിർഭാഗ്യവശാൽ ദിനകരന് അതിന് സാധിച്ചില്ല.

എനിക്ക് മുഖ്യമന്ത്രിയോട് ഒരഭ്യർത്ഥനകൂടി ഉണ്ട്. വെൽഫെയർ സൊസൈറ്റീസ് ആക്ട് പാസ്സാക്കിയിട്ട് ഇപ്പോൾ അഞ്ചുകൊല്ലം പൂർത്തിയായി. അത് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അത് നടപ്പിലാക്കിയിട്ടില്ല. അത് നടപ്പിലാക്കുന്നില്ല. അത് നടപ്പിലാക്കാൻ മുഖ്യമന്ത്രിക്ക് ആഗ്രഹം ഉണ്ടാകുമെന്നാണ് എനിക്കുതോന്നുന്നത്. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടാൽ തോന്നുന്നത് അങ്ങനെയാണ്. അദ്ദേഹത്തിന് അതൊന്ന് ശ്രദ്ധിക്കാൻ ഇതുവരെ നേരം കിട്ടിയിട്ടില്ലെന്നാണ് എനിക്കുതോന്നുന്നത്. അതിന്കൂടി കുറച്ചു സമയം കണ്ടെത്തണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. അതുകൂടി നടപ്പിലാക്കാൻ കഴിയണം. അതുപോലെതന്നെ ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ ഈ ബിൽ നടപ്പിലാക്കാൻ മുഖ്യമന്ത്രിയുടെ തിരക്കും അസൗകര്യവും തടസ്സമായി വരരുത്. മൽസ്യത്തൊഴിലാളികളുടെ കാലാകാലങ്ങളായുള്ള പ്രക്ഷോഭണത്തിന്റെയും സമരത്തിന്റെയും ഫലമായുണ്ടായ ഈ നിയമം നടപ്പാക്കാൻ മുഖ്യമന്ത്രി എത്തു തിരക്കിനിടയിലും തയ്യാറാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞങ്ങളുടെ ഡിസെന്റിംഗ് നോട്ട് സഭയുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, വളരെ ദീർഘമായി സംസാരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ഗൗരിയമ്മയും ബഹുമാനപ്പെട്ട പീതാംബരൻ മാസ്റ്ററും വിശദമായി പറഞ്ഞുകഴിഞ്ഞു. സെലക്റ്റ് കമ്മിറ്റി വളരെ സൂക്ഷ്മമായി പരിശോധിച്ചതിന്റെ ഫലമായി ഈ ബിൽ

5 P.M.] വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം. അങ്ങനെ പറയുന്നതിന്റെ അർത്ഥം ഇനി കൂടുതൽ മെച്ചപ്പെടുത്താൻ ഇല്ല എന്നല്ല. ഇനി വളരെയേറെ മെച്ചപ്പെടുത്താൻ കഴിയും; ചെയ്യുകയും വേണം. അങ്ങനെ മെച്ചപ്പെടുത്താൻ കഴിയുന്നതിൽ മുഖ്യമായ ചില കാര്യങ്ങളാണ് നോട്ട് ഓഫ് ഡിസെന്റിംഗും, ക്ലാസ് ബൈ ക്ലാസ് (clause by clause) ഡിസ്ക്കഷന് ഞങ്ങൾ ടേബിൾ ചെയ്തിരിക്കുന്ന ഭേദഗതികളിലും കൂടി കൊണ്ടുവരാൻ ശ്രമിക്കുന്നത്. വളരെയധികം മാറ്റം വരുത്താൻ കഴിയും. കാരണം ഈ വ്യവസായം വളരെ സങ്കീർണ്ണമായ സ്വഭാവമുള്ളതാണ്. അതിന് ഒരു പരമ്പരാഗത മേഖലയുണ്ട്, ഒരു ആധുനിക മേഖലയുണ്ട്, പഴയ ജാതിയുടെ അടിസ്ഥാനത്തിൽ, കുലത്തൊഴിൽ എന്ന രീതിയിലുള്ള മീൻപിടുത്തത്തിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ഉണ്ട്. പുതിയതായി ഈ തൊഴിലിൽ പ്രവേശിക്കുന്നവരുണ്ട്. അങ്ങനെ മീൻപിടിത്തംതന്നെ പല രംഗങ്ങളിലായി വികസിച്ചു കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ കഴിഞ്ഞ ഇരുപതു കൊല്ലക്കാലത്തിനിടയ്ക്ക് ഏറ്റവും കൂടുതൽ വികസിച്ച ഒരു ഉപജീവനമാർഗ്ഗമെന്നു പറയുന്നത് മീൻപിടിത്തമാണ്. കടലിലെ മീൻപിടിത്തം ഉണ്ട്, കായലിലെ മീൻപിടിത്തം ഉണ്ട്, ഉൾനാടൻ ശുദ്ധജല തടാകങ്ങളിലെ മീൻപിടിത്തം ഉണ്ട്. അതുപോലെതന്നെ ഫിഷ് ഫാംസും ഉണ്ട്. ഫിഷ് ഫാംസ് ഇന്നു മിക്കവാറും എല്ലാ താലൂക്കുകളിലും ഉണ്ട്. വ്യാപാരാടിസ്ഥാനത്തിൽ ഫിഷ് ഫാംസ്, ഫിഷിംഗുമായി പരമ്പരാഗതമായി യാതൊരു അടുപ്പവും ഇല്ലാത്ത വ്യക്തികൾക്കു പണം മുടക്കി പണം കൊയ്തെടുക്കുന്നതിനുള്ള തൊഴിലായി വളർന്നു വരികയാണ്. പണ്ടു തറവാടുകളിൽ കുളിക്കാൻ ഉപയോഗിച്ചിരുന്ന ചെറിയ ചെറിയ കുളങ്ങളുണ്ട്. അതു കൺവർട്ട് ചെയ്ത് ഫിഷ് ഫാംസ് ആക്കിമാറ്റുകയും വ്യാപാരാടിസ്ഥാനത്തിൽ മീൻകൃഷി ചെയ്യുകയും അതുകൊണ്ടുപോയി വിൽക്കുകയും ചെയ്യുന്നു. ഫിഷിംഗുമായി ബന്ധമില്ലാത്ത താലൂക്കുകളിൽ, ഉൾനാടൻ താലൂക്കുകളിൽ പോലും ഫാംസ് തുടങ്ങിയിരിക്കുകയാണ്. അങ്ങനെ പല വിധത്തിലും ഫിഷിംഗ് നടക്കുന്നുണ്ട്. ഫിഷ് എന്ന സാങ്കേതിക പദത്തിൽ ഉൾപ്പെടാത്ത കക്കാ, ശംഖ്, ചെമ്മീൻ, കൊഞ്ച് എന്നിവയുടെ കൃഷി ഇവിടെ ആക്കുളം കായലിൽ നടത്തിക്കൊണ്ടിരുന്നു. ഇപ്പോൾ പല കാരണങ്ങളാലും അത് കുഴഞ്ഞുപോയി. എങ്കിൽതന്നെയും വലിയ തോതിൽ നടത്തിക്കൊണ്ടിരുന്നു. അങ്ങനെ വിവിധ മേഖലകളിൽ വിവിധതരത്തിൽ, മെക്കനൈസ്ഡ് ആയിട്ടുള്ളതും അല്ലാത്തതുമായ ഫിഷിംഗ് നടന്നുവരുന്നു. പ്രൈമറി പ്രോസ്സസിംഗ് എന്നു പറയുന്നത് പണ്ടു ഉപ്പിട്ട് ഉണക്കുന്നതിനെയായിരുന്നു. കടപ്പുറത്തുതന്നെ വെയിലത്ത് ഉണക്കിയെടുക്കുകയെന്നുള്ളതായിരുന്നു ആകെയുള്ള പ്രോസ്സസിംഗ്. അതിന്റെ സ്ഥാനത്ത് ഇന്ന് ഐസ് പ്ലാന്റുകൾ വന്നു, ഫ്രീസിംഗ് വന്നു, സ്മോക്കിംഗ് വന്നു. എണ്ണത്തിൽ കുറവാണെങ്കിലും കുറച്ചു പ്ലാന്റുകൾ സ്മോക്കിംഗിനും ഉണ്ടായിരിക്കുന്നു. അതുപോലെതന്നെ പാക്കിംഗ് സമ്പ്രദായം. കേടുകൂടാതെ മൽസ്യം സൂക്ഷിക്കുന്നതിനു മെച്ചപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പലതരം പാക്കിംഗ് സമ്പ്രദായങ്ങളും സ്വീകരിക്കുവാൻ തുടങ്ങിയിട്ടുണ്ട്.

വിപണനത്തെ സംബന്ധിച്ചിടത്തോളം തീരപ്രദേശങ്ങളിൽ നിന്നും അൻപതും അറുപതും കിലോമീറ്റർ ദൂരെയുള്ള സ്ഥലങ്ങളിൽപോലും തുടിപ്പുമാറാത്ത മീൻ നേരംവെളുത്തുവരുമ്പോഴേയ്ക്കും കിട്ടത്തക്കരീതിയിൽ ഫിഷ് മാർക്കറ്റിംഗ് വിപുലപ്പെട്ടിരിക്കുകയാണ്. ഇതിന്റെ അർത്ഥം എന്താണ്? ആ വ്യവസായത്തിന്റെ ഘടനയിലും ലേബർ ഫോഴ്സിന്റെ സ്വഭാവത്തിലും മാറ്റം വരുത്തിയിരിക്കുന്നു. ഞങ്ങളുടെ നോട്ട് ഓഫ് ഡിസെന്റിൽ പറഞ്ഞിരിക്കുന്നതുപോലെ, തെറ്റിദ്ധാരണവേണ്ട, ആധുനിക മേഖലയിൽ പ്രവർത്തിക്കുന്ന, സംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന മീൻപിടിത്ത തൊഴിലാളികളും സുരക്ഷിതരാണ്. അവരുടെ വിലപേശാനുള്ള ശക്തി കൂടുതലാണ്, അവരുടെ വരുമാനം ഭേദമാണ്. അതുകൊണ്ട് താരതമ്യേന അവർക്ക് സംരക്ഷണം കുറച്ചുമതി എന്ന തെറ്റിദ്ധാരണ വേണ്ട.

ശ്രീ. വി. ദിനകരൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞു, പ്രധാനമായിട്ടും മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിറുത്തിയുള്ള ഒരു ബില്ലാണ് ഇത്. അല്ലാതെ മൽസ്യ സംസ്ക്കരണ വിപണന മേഖലയിലുള്ള തൊഴിലാളികളെ ഉദ്ദേശിച്ചല്ല എന്നു പറയുകയും ചെയ്തു. തന്നെയുമല്ല ഇത് മുതലാളി തൊഴിലാളി ബന്ധത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന ഒരു ബില്ലല്ല.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: അതിലേയ്ക്ക് ഞാൻ വരികയാണ്. നമ്മൾ തമ്മിലുള്ള അഭിപ്രായവ്യത്യാസം അതാണ്. മൽസ്യത്തൊഴിലാളി എന്നു പറയുമ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നത് ജാതിയുടെ അടിസ്ഥാനത്തിലുള്ള പഴയ കുലത്തൊഴിലിൽ, പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗം തൊഴിലാളികളെ മാത്രമാണ്. ഡിസെൻറിംഗ് നോട്ട് എഴുതിയ ഞങ്ങളുടെയൊക്കെ അഭിപ്രായത്തിൽ അതു മാത്രമല്ല, ഞാൻ ഇവിടെ വിവരിച്ച പല പല മേഖലകളുമുണ്ട്. ആധുനിക സെക്ടർ ഉണ്ട്. വലിയ ട്രോളറുപയോഗിച്ചു മീൻപിടിക്കുന്നവരും ചെറിയ ട്രോളർ ഉപയോഗിച്ചു മീൻപിടിക്കുന്ന ബോട്ടുകളും ഉണ്ട്. വെറും യമഹ ഉപയോഗിക്കുന്ന ചെറുകിട മേഖലയും ഉണ്ട്. ഉൾനാടൻ മീൻപിടിത്തവും, കായൽ മീൻപിടിത്തവും ഉണ്ട്. അങ്ങനെ പല പല മേഖലകളിൽ വികസിച്ച് വളരെവേഗത്തിൽ രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ് ഇത്. അതിന്റെ പ്രക്രിയ അനുസരിച്ച് വേണ്ട സംരക്ഷണം എല്ലാ മേഖലയിലുമുള്ള ആളുകൾക്ക് കൊടുക്കണമെന്നുള്ളതാണ് ഞാൻ പറയുന്നത്. അടിസ്ഥാനപരമായ അഭിപ്രായവ്യത്യാസം അതാണ്. മൽസ്യത്തൊഴിലാളി എന്നു പറഞ്ഞാൽ പഴയതരത്തിൽ മീൻ പിടിക്കുന്ന ആളുകളെ മാത്രമേ പെടുത്താവൂ എന്ന പിടിവാശിയാണ്. മീൻ പിടിക്കുന്നവരെപ്പോലെതന്നെ മൽസ്യത്തൊഴിലാളിയാണ് മീൻ ഉണക്കുന്നവർ. മീൻ പിടിക്കാൻ പോകുന്ന പുരുഷന്റെ ഭാര്യ, കടൽത്തീരത്ത് ഇരുന്നു മീൻ ഉണക്കുന്നുണ്ടാകും. അവരെയും ഒഴിവാക്കാൻ പാടില്ല. ആ വിഭാഗത്തെകൂടി ഉൾക്കൊള്ളിക്കാനാണ്. ആ തത്വം മറ്റു വിഭാഗങ്ങളിൽ കൂടി അപ്ലൈ ചെയ്താൽ അവരെകൂടി ഉൾപ്പെടുത്താൻ കഴിയും. അവർക്ക് ബാർഗെയിനിംഗ് കപ്പാസിറ്റി കൂടുതലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇപ്പോഴുള്ള വ്യവസ്ഥ അനുസരിച്ച് പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിയുടെ ഭാര്യയോ മാറാരെങ്കിലുമോ തലച്ചുമടായിട്ടു കൊണ്ടുവരികയോ ചെയ്താൽ അവരെല്ലാം ഇതിന്റെ പരിധിയിൽ വരുന്നുണ്ട്.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: ശരിയാണ് സർ, അത് നമ്മളെല്ലാം കൂടി ഒന്നിച്ചിരുന്ന് തീരുമാനിച്ചതാണ്. അതേ പ്രിൻസിപ്പിൾ അൽപംകൂടി എക്സ്റ്റെൻഡ് ചെയ്താൽ, ലോജിക്കലായിട്ട് എക്സ്റ്റെൻഡ് ചെയ്താൽ ഉൾപ്പെടുന്ന ചില ആളുകളെ ഇതിന്റെ വേർഡിംഗിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു എന്നുള്ളതാണ് പരാതി. ആ പരാതി തീർത്താൽ ഈ ബിൽ മെച്ചപ്പെടുകയായിരിക്കും ചെയ്യുന്നത്. ഇതിലുള്ള ഒരു തെറ്റിദ്ധാരണ ഈ വിഭാഗത്തിലുള്ള ആളുകൾക്ക് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായിട്ട്, കൂടുതൽ വിലപേശാൻ കഴിവുണ്ടെന്നും, അവർക്ക് കൂടുതൽ വരുമാനമുണ്ട് എന്നുമാണ്. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടെന്നും അതിനാൽ തൽക്കാലം പരമ്പരാഗത വിഭാഗത്തിൽപെടുന്ന ആളുകൾക്ക് കൂടുതൽ ഊന്നൽ കൊടുക്കണമെന്നുള്ളതാണ് ധാരണ. ആ ധാരണയുമായി ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. അതുകൊണ്ട് മറ്റു ചില വിഭാഗങ്ങളെകൂടി ഉൾപ്പെടുത്തണമെന്നാണ് പറയുന്നത്. അതാണ് കാതലായിട്ടുള്ള ഒരു അഭിപ്രായവ്യത്യാസം.

അതുപോലെതന്നെ മറ്റു ചില കാര്യങ്ങളുമുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ക്ലാസ് ബൈ ക്ലാസ് ഡിസ്കഷൻ വരുമ്പോൾ അമൻറ്മെൻറ് അവതരിപ്പിക്കുമ്പോൾ പറയാവുന്ന കാര്യങ്ങളേയുള്ളൂ. ഏറ്റവും പ്രധാനപ്പെട്ട ചില കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ഈ ബിൽ പാസ്സാക്കുന്നതോടൊപ്പം സ്കീംസ് ഉണ്ടാക്കി നടപ്പാക്കുന്നതിനാവശ്യമായ ഫൈനാൻസ് സ്വരൂപിക്കണം. ആ സ്കീംസ് സൂക്ഷ്മ പരിശോധന നടത്തി അതിന് ഫൈനാൻസ് ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന ഒരു സംവിധാനമുണ്ടാക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. അല്ലാതെ എല്ലാ കാലത്തേക്കും നടപ്പാക്കാനുള്ള സ്കീംസ് രൂപീകരിക്കുന്നതിനോ സ്കീമിന് ഡയറക്ഷൻ നിർണ്ണയിക്കുന്നതിനോ വേണ്ടിയല്ല. ഇത് സ്കീംസ് ഉണ്ടാക്കുന്നതിനും ആ സ്കീംസിന് ഫൈനാൻഷ്യൽ സപ്പോർട്ട് കൊടുക്കുന്നതിനും ഉതകുന്ന ഒരു എനേബിളിംഗ് എനാക്റ്റ്മെൻറായിട്ടാണ് നാം ഇപ്പോൾ നിയമം ഉണ്ടാക്കുന്നത്. ഈ ബില്ലിന്റെ ഘടന അതാണ്. സ്കീംസിന്റെ മുഖ്യമായ ഭാഗം മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കാവശ്യമായ സ്കീമുകളാണ്. സ്കീംസ് എന്തായിരിക്കണം? അതിന്റെ സ്വഭാവം എന്തായിരിക്കണം? അത് എങ്ങനെ പ്രവർത്തിക്കണം? അതിന്റെ ഫൈനാൻസ് എങ്ങനെ കൊടുക്കണം? മുഖ്യമായ കാര്യം സ്കീം ആയതുകൊണ്ട് ഈ ബിൽ പാസ്സാക്കുമ്പോൾ അതോടൊപ്പംതന്നെ ആ സ്കീമിനെപ്പറ്റി നിയമസഭയ്ക്കും കേരളത്തിലെ ജനങ്ങൾക്കും വ്യക്തമായ ധാരണ ഉണ്ടാകണം എന്നതാണ്. അവർക്ക് അഭിപ്രായം പറയാൻ കഴിയണം. അവരുടെ പൊതു അംഗീകാരം ഉണ്ടാകണം. അതുകൊണ്ടാണ് ഈ നോട്ട് ഓഫ് ഡിസൻറിൽ ഞങ്ങൾ നിർദ്ദേശിച്ചിരിക്കുന്നത്. അങ്ങനെയുണ്ടാകുന്ന സ്കീം നിയമസഭയുടെ മേശപ്പുറത്തു വയ്ക്കണം എന്ന്. നിയമസഭയ്ക്ക് അഭിപ്രായം പറയാൻ കഴിയണം. ആവശ്യമായ

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ആ അഭിപ്രായാനുസരണം വരുത്താൻ കഴിയണം. അതിനുള്ള ഒരു സംവിധാനം സ്ലബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം ഉള്ള ബില്ലിൽ ഉൾപ്പെടുത്തണം എന്നു നിർദ്ദേശിക്കുന്നതാണ് ഏറ്റവും കാതലായ ഭേദഗതി. അത്, മറ്റു പല എനാക്ടമെന്റിലും ഉണ്ട്. അത് അവർ മേശപ്പുറത്തു വയ്ക്കുന്നുണ്ട്. അങ്ങനെ സ്കീംസ് ടേബിളിൽ വയ്ക്കണമെന്ന പ്രൊവിഷനുണ്ട്, അതെന്തുകൊണ്ടാണ് ഇതിൽ ഇല്ലാത്തത്? അതു ഭേദകരമാണ്. ഇതിന്റെ കാതലായ, ജീവനായ ഭാഗം, ഇതിന്റെ ചട്ടക്കൂട്, പണം പിടിച്ചെടുക്കുന്ന സമ്പ്രദായം അല്ല ഈ പണം ഉപയോഗിച്ച് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങളുടെ സ്വഭാവമാണ്. ആ പൊതുസ്വഭാവം നിയമസഭ അറിയണം അതിനുള്ള സംവിധാനം വേണം. അതിനുതക്ക ഭേദഗതി ഈ ബില്ലിൽ വരുത്തണമെന്നാണ് എനിക്കു പറയാനുള്ളത്.

രണ്ടാമത് ഒരു സാർവ്വത്രികമായ പരാതിയുണ്ട്. ഇവിടെ സൊസൈറ്റി ഉണ്ടാക്കാനുള്ള പ്രക്രിയ ആരംഭിച്ചു. അത് ആരംഭിച്ചു കഴിഞ്ഞപ്പോഴും ഒന്നുരണ്ടുസ്ഥലങ്ങളിൽ ചില പരാതികൾക്ക് ഇടയായി. കുറെയൊക്കെ വാസ്തവത്തിൽ കൃത്രിമമായ തർക്കങ്ങളായിരുന്നു. അങ്ങനെ തർക്കം വന്നതിന്റെ തുടൽപറ്റി സൊസൈറ്റി രൂപീകരണം നിറുത്തിവയ്ക്കുകയും അതിനു പകരം, ഏലക്ഷനു പകരം, നോമിനേറ്റ് ചെയ്യുന്ന ഒരു ഫുർപ്പാട് സ്വീകരിക്കുകയും ചെയ്തു. അങ്ങനെ നിലവിൽ വരുന്ന ഫിഷർമെൻ സൊസൈറ്റികളും അഞ്ചു കൊല്ലക്കാലം നിലനിൽക്കും. അപ്പോഴും അടുത്ത അഞ്ചു കൊല്ലത്തേയ്ക്ക് മെമ്പർഷിപ്പിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്ന സൊസൈറ്റികളും നിലവിൽവരാൻ പോകുന്നില്ല. വളരെയധികം മാനിപ്പുലേഷന് സൗകര്യം കൊടുക്കുന്ന ഒരു സമ്പ്രദായമാണ് അത്. ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ആളും ഇതിൽ അഞ്ചുവർഷക്കാലം നിലനിൽക്കും എന്നുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. സീതിഹാജി)

രണ്ടാമത് ഫണ്ട് ബോർഡിന്റെ കോമ്പോസിഷൻ നോക്കുകയാണെങ്കിൽ നോൺ ഒഫീഷ്യൽസായിട്ട് എട്ടുപേരുള്ള ബോർഡിൽ മൂന്നു ആളുകളെയാണ് നിർദ്ദേശിച്ചിരിക്കുന്നത്. ആ മൂന്നു ആളുകളിൽ അഞ്ച് ഉദ്യോഗസ്ഥൻമാരും കൂടിയിരുന്ന് ഉണ്ടാക്കുന്ന ഒരു ബോർഡാണ് ഇപ്പോൾ വിഭാവനം ചെയ്യുന്നത്. ഇതിന് ഒരു മാറ്റം വരുത്തുകയും നോൺ ഒഫിഷ്യൻസിന് ഭൂരിപക്ഷമുള്ള ഒരു ബോർഡുണ്ടാക്കുകയും വേണം. നോമിനേറ്റ് ചെയ്യപ്പെടുന്ന നോൺ ഒഫീഷ്യൽസ് എന്നുള്ളതല്ല, നേമെറെച്ച് മൽസ്യത്തൊഴിലാളികളും നേരിട്ട് തിരഞ്ഞെടുക്കുന്ന അഞ്ചു നോൺ ഒഫീഷ്യൽസ് ഉൾപ്പെടുന്ന ഒരു ബോർഡായിട്ട് അത് മാറ്റണം. ഇങ്ങനെവരുന്ന ബോർഡിന്റെ കാലാവധി നിർദ്ദേശിച്ചിരിക്കുന്ന അഞ്ചു കൊല്ലത്തിനു പകരം മൂന്നുകൊല്ലമായി ചുരുക്കണം. സ്ഥാപിതതാൽപ്പര്യങ്ങൾ ഉണ്ടാക്കുന്നതിന് സഹായിക്കുന്ന ദീർഘമായ കാലാവധി കൊടുക്കാതിരിക്കുന്നതാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഭംഗി. അങ്ങനെ ചെയ്യുന്നതായിരിക്കും ഉത്തമമെന്നാണ് ഞങ്ങളുടെ മറ്റൊരു ഭേദഗതി. അതുപോലെ ഈ പണമുണ്ടാക്കുന്നത്, പെൻഷൻ കൊടുക്കണം, ഭവനനിർമ്മാണത്തിന് കൊടുക്കണം. ഇങ്ങനെ ക്ഷേമപ്രവർത്തനങ്ങളുടെ വിവിധവശങ്ങളിലേക്കുള്ള ഫിനാൻസ് കണ്ടു പിടിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ഈ പ്രോസസ്സസ് പ്രവർത്തനത്തിലായിക്കഴിഞ്ഞാൽ പിന്നെ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ കൂടുതൽ ആവശ്യങ്ങൾ വരും; ആവശ്യങ്ങൾ ന്യായ യുക്തവുമായിരിക്കും. അതിനുള്ള പണം കണ്ടെത്തിയേതീരൂ. പരമ്പരാഗതമായ മൽസ്യത്തൊഴിലാളികളുടെ കയ്യിൽനിന്നും നാടൻവള്ള ത്തിന്റെ ഉടമയുടെ കയ്യിൽനിന്നും ഈടാക്കുന്ന പണം ഇതിന് മതിയായി എന്നു വരികയില്ല. ഇതിനകത്ത് ഈ ഭാരം ചുമക്കാൻ കഴിവുള്ളവർ, പ്രാപ്തിയുള്ളവർ സംഘടിതമേഖലകളിൽ ട്രോളറും വലിയ ബോട്ടുകളും ഉപയോഗിച്ച് ഒന്നിലധികം ബോട്ടുകളുടെ ഉടമയായിട്ട്, കമ്പനിയായിട്ട്, ഫേം ആയിട്ട് ഒക്കെ പ്രവർത്തിക്കുന്ന ആധുനികമേഖലയിലെ ഉടമകളാണ്. അതുകൊണ്ട് അവരിൽനിന്നും നമ്മൾ ഈടാക്കുന്ന അംശം 400—ൽ നിന്ന് 600 ആയിട്ടും 1,000—ൽ നിന്ന് 1,500 ആയിട്ടും റേറിനെ സംബന്ധിച്ച് ഡിസ്ക്കസ് ചെയ്തിട്ട് വർദ്ധിപ്പിക്കുകയും അങ്ങനെ ഈ ഫണ്ടിലേക്ക് കൂടുതൽ മുതൽക്കൂട്ടുണ്ടാക്കുകയും ചെയ്യാൻ കഴിയണമെന്നുള്ളതാണ് മറ്റൊരു കാര്യം. ഇതൊക്കെയാണ് മുഖ്യമായിട്ടും ഈ ബിൽ കുറെ കൂടി മെച്ചപ്പെടുത്താൻ പറ്റുന്ന തരത്തിലുള്ള ഭേദഗതികൾ വരുത്താവുന്നത്. ഈ ഭേദഗതികൾ വരുത്തി നിയമമായിക്കഴിഞ്ഞാൽ ഇത് നടപ്പിലാക്കുന്നതിനെ ആശ്രയിച്ചിരിക്കും ഇതിന്റെ എല്ലാ കാര്യ ങ്ങളും. നടപ്പിലാക്കുമ്പോൾ അതിവിപുലമായതരത്തിൽ വളർന്നുവരുന്ന വ്യവസായമായ ഫിഷിംഗ് വ്യവസായത്തിൽ പരമ്പരാഗതമായ തൊഴിലാളി, ജാതിയുടെ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളി അല്ലാത്ത ആളുകൾകൂടെ അതിന്റെ പരിധിയിൽ വരത്തക്ക വണ്ണം ആധുനികമേഖലയിൽ വരുന്ന ആളുകൾക്ക് പരിപൂർണ്ണസംരക്ഷണം കിട്ടത്തക്കവണ്ണം ക്ഷേമനിധി വേണം. അതിനുവേണ്ടിയുള്ള ഈ നിയമനിർമ്മാണം ഭാവിയിലെങ്കിലും ശരിയാകത്തക്കവണ്ണം അതിനുള്ള അടിത്തറ നിർദ്ദേശിക്കണം. എല്ലാവരും പറയുന്ന കാര്യങ്ങളെല്ലാം ഇതിനകത്ത് നടപ്പിലാക്കണമെന്നുള്ളതല്ല. ചെയ്യുന്നതിനുള്ള അധികാരം ഗവൺമെന്റിന്, ഈ ഫണ്ടിന്, ഈ ബോർഡിന് കിട്ട ത്തക്കവണ്ണമുള്ള എനേബ്ളിംഗ് പ്രൊവിഷൻകൂടി ഉൾപ്പെടുത്തുന്നതിൽ ദോഷമൊന്നുമില്ല, ബുദ്ധിമുട്ടുകളൊന്നുമുണ്ടാവുകയില്ല. അതുംകൂടി ചെയ്യണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. കൂടുതലൊന്നും ഞാൻ പറയുന്നില്ല. മറ്റു കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞു കഴിഞ്ഞതാണ്. ഈ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ഈ ബിൽ ക്ലാസ് ബൈ ക്ലാസ് ഡിസ്ക്ഷനു എടുക്കണമെന്ന് ഞാൻ ആവശ്യപ്പെ ടുന്നു.

Shri P. Vijayadas: I move that the Kerala Fishermen's Welfare Fund Bill, 1984 as reported by the Select Committee be circulated for obtaining public opinion. സർ, കേരളം മൽസ്യവ്യവസാ യത്തെ സംബന്ധിച്ചിടത്തോളം വളരെയേറെ സാദ്ധ്യതയുള്ള ഒരു സംസ്ഥാനമാണ്. നമ്മുടെ വ്യവസായങ്ങൾ പലതും തകരുകയോ തകർക്കപ്പെടുകയോ അല്ലെങ്കിൽ നശിക്കുകയോ ചെയ്യുന്ന ഈ സാഹചര്യത്തിൽ ഈ മൽസ്യസമ്പത്തിനെ സംരക്ഷിക്കാനും ആ വ്യവസായം കൂടുതൽ പ്രോൽസാഹിപ്പിക്കാനും കഴിയുന്ന ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ളത്. അതുകൊണ്ടാണ് ഇവിടെ പലരും സൂചിപ്പിച്ചത് ഉൾനാടൻപ്രദേശങ്ങളിലും അതുപോലെ മറ്റു ഗ്രാമപ്രദേശങ്ങളിലും ഈ മൽസ്യവ്യവസായവുമായി ജനങ്ങൾ കൂടുതൽ ബന്ധപ്പെടുകയും അങ്ങനെ സമ്പത്തുണ്ടാക്കാനുള്ള പ്രയത്നം അവർ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നതെന്ന്. ഈ വ്യവസായവുമ

LIBRARY ARCHIVES Kerala Legislative Assembly

മായി കൂടുതൽ ആളുകൾ ബന്ധപ്പെടുകയും, അത്തരത്തിൽ അവരുടെ ഉപജീവനമാർഗ്ഗം മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം നടക്കുന്നതായുമാണ് നമുക്ക് കാണാൻ കഴിയുന്നത്. ഗവൺമെൻറിന്റെ ഭാഗത്തു നിന്നും അവരെ പ്രോൽസാഹിപ്പിക്കാനും അവരെ സഹായിക്കാനുമുള്ള നടപടിയുണ്ടാകണം. ഞാൻ സൂചിപ്പിക്കുന്നത് നമ്മൾ ഒരു നിയമമുണ്ടാക്കുമ്പോൾ ദീർഘവീക്ഷണത്തോടുകൂടി ഇതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും പ്രയോജനകരമായി ഈ നിയമം മാറണമെന്നുണ്ടെങ്കിൽ നേരത്തെ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾ എന്ന ആ മേഖലയിൽ ഒതുക്കി നിറുത്തണമെന്നുള്ളത് എത്ര ആലോചിച്ചിട്ടും നമുക്ക് മനസ്സിലാകാത്ത കാര്യമാണ്. പരമ്പരാഗത മൽസ്യവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന ആ തൊഴിലാളികൾക്ക് ഒരു ദോഷവും വരാത്ത അവരെ യാതൊരു തരത്തിലും ബാധിക്കാത്ത ചില കാര്യങ്ങൾ ആ മേഖലയിൽതന്നെ പണിയെടുക്കുന്ന മറ്റു തൊഴിലാളികൾക്കുകൂടി ലഭ്യമാക്കുന്ന നടപടി ഉണ്ടാക്കിയാൽ എന്താണ് തകരാറ്? നമ്മുടെ സംസ്ഥാനത്തുള്ള ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുകൂടി ഇത് ഉണ്ടാക്കിക്കൊടുക്കുവാനുള്ള നിയമമുണ്ടാക്കുന്നതല്ലേ കൂടുതൽ ഉചിതം എന്നു നമ്മൾ ആലോചിക്കേണ്ടിയിരിക്കുന്നു.

ശ്രീ. വി. ദിനകരൻ: ഇവിടെ സംസാരിച്ച അവസരത്തിൽ തെറ്റായ ധാരണ അറിഞ്ഞോ അറിയാതെയോ വന്നിട്ടുണ്ട്. ചില പ്രത്യേകവിഭാഗത്തിനുവേണ്ടിയാണ് ഈ ബിൽ എന്ന ഒരു ധാരണ വന്നിട്ടുണ്ട്. 1980–ൽ അധികാരത്തിൽവന്ന ഗവൺമെൻറിന്റെ കാലഘട്ടത്തിൽ ശ്രീ. പി.എസ്. ശ്രീനിവാസൻ കൊണ്ടുവന്ന ഫിഷർമെൻ വെൽഫെയർ സൊസൈറ്റി ആക്ടിൽ Those who engaged in fishing is a fishermen എന്നു പറഞ്ഞിട്ടുണ്ട്. അതിനകത്ത് ജാതിയില്ല, മതമില്ല, ഒന്നുമില്ല. ആര് മൽസ്യബന്ധനത്തിൽ ഏർപ്പെടുന്നുവോ അവർ മൽസ്യത്തൊഴിലാളിയാണ് എന്നാണ് നിർവ്വചനത്തിൽ പറഞ്ഞിരിക്കുന്നത്. വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കാത്ത ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെൻറിന്റെ കാലത്താണ് ഇത് കൊണ്ടുവന്നതെന്ന് അങ്ങേർക്കറിയാമോ?

ശ്രീമതി കെ.ആർ. ഗൗരി: ഈ പുതിയ ബിൽ പ്രകാരം 3–ാം വകുപ്പിൽ അഞ്ചാമത്തേത് പറഞ്ഞിരിക്കുന്നത് Every fisherman who is a meber Welfare Society constituted under Section 4 of the Kerala Fishermen of the fishermen's Welfare Societies Act, 1980 (7 of 1981) shall be a member the fund എന്നാണ്. ആ വെൽഫെയർ സൊസൈറ്റിയിലെ മെമ്പറായിട്ടുള്ള ആളിനുമാത്രമേ ഈ ഫണ്ടിൽ മെമ്പറാകാൻ പാടുള്ളൂ.

ശ്രീ. പി. വിജയദാസ്: ഞാൻ പറഞ്ഞത് ഒരു കമ്മ്യൂണിറ്റിയേയോ ഒരു പ്രദേശത്തേയോ ഉൾക്കൊള്ളിക്കണമെന്നല്ല. ഈ സഭ ഒരു നിയമം പാസാക്കുമ്പോൾ ആ നിയമംകൊണ്ട് മറ്റൊരു വിഭാഗത്തിന് ദോഷമില്ലാത്ത കാര്യം; അത് ഈ സംസ്ഥാനത്തിലെ പത്തു ജനങ്ങൾക്കുകൂടി പ്രയോജനകരമായ ഒരു കാര്യമാണെങ്കിൽ ആ ജനങ്ങളെകൂടി ഉൾക്കൊള്ളിക്കുന്ന ഒരു നിയമം കൊണ്ടുവരുന്നതല്ലേ കൂടുതൽ ഉചിതം എന്നാണ്. ജനപ്രതിനിധികളെന്ന നിലയിൽ നമ്മൾ നിയമമുണ്ടാക്കുമ്പോൾ അങ്ങനെ ആലോചിക്കണമെന്നാണ് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചത്. ഈ സംസ്ഥാനത്ത് ഈ തൊഴിലാളികളെ, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ സംരക്ഷിക്കാനാണ് ഈ ക്ഷേമനിധികൊണ്ടുദ്ദേശിക്കുന്നതെങ്കിൽ ദീർഘവീക്ഷണത്തോടുകൂടി ഭാവിയിലും ഇങ്ങനെയുള്ള ആളുകളെകൂടി ഉൾക്കൊള്ളിക്കാനുള്ള നടപടി ഈ നിയമത്തിൽ ഉണ്ടാകണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതുകൊണ്ട് ഒരു കമ്മ്യൂണിറ്റിക്കോ ഒരു പ്രദേശത്തുള്ള ആളുകൾക്കോ ഏതെങ്കിലും വിഭാഗത്തിനോ ദോഷം സംഭവിക്കുന്നുവെങ്കിൽ ആ പായുന്നത് മനസ്സിലാക്കാൻ കഴിയും. ആർക്കും ദോഷമില്ല, പത്ത് ആളുകൾക്കുകൂടി ഗുണമുണ്ടാകും. ജനങ്ങൾക്ക് ഗുണമുണ്ടാക്കുന്ന കാര്യത്തിലാണ് താൽപ്പര്യമെങ്കിൽ, ഗുണമുണ്ടാക്കുന്നതിനാണ് നിയമമുണ്ടാക്കുന്നതെങ്കിൽ അത് അംഗീകരിക്കുന്നതിൽ തെറ്റില്ല എന്നാണ് എന്റെ അഭിപ്രായം. അതാണ് ഞാൻ പറഞ്ഞത് ദീർഘവീക്ഷണത്തോടുകൂടി കാര്യങ്ങൾ ഉൾക്കൊള്ളിക്കണമെന്ന്. കേരളത്തിൽ നമുക്ക് കൂടുതൽ ആദായമുണ്ടാക്കാൻ കഴിയുന്ന, ഏറ്റവും വികസനസാദ്ധ്യതയുള്ള ഒരു മേഖലയാണ് ഈ മൽസ്യമേഖല.

മൽസ്യത്തൊഴിലാളി മേഖലയെ നമുക്ക് ചൂഷണം ചെയ്യാൻ കഴിയണം. അത് കഴിയണമെന്നുണ്ടെങ്കിൽ മറ്റ് പ്രദേശത്തുള്ള മൽസ്യത്തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്ന ആളുകളെക്കൂടി ഉൾപ്പെടുത്തണം. എങ്കിൽ മാത്രമേ അത് നടപ്പിലാക്കാൻ കഴിയുകയുള്ളു, അതുകൊണ്ടാണ് ഞാൻ ഇത് സൂചിപ്പിച്ചത്. അതുകൊണ്ട് ഈ നിയമത്തിന്റെ പരിധിയിൽ അവരെക്കൂടി ഉൾപ്പെടുത്തണം. അതിനകത്ത് രാഷ്ട്രീയമോ മതപരമോ ആയ ഒന്നുമില്ലാതെതന്നെ ആർക്കും ഉപദ്രവകരമല്ലാത്ത ഒരു കാര്യം കൂടി ഉൾക്കൊള്ളിക്കണമെന്ന് ഞാൻ സൂചിപ്പിക്കുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി സംസാരിച്ചപ്പോൾ ഈ നിയമം പാസാക്കിക്കഴിഞ്ഞാൽ നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു കാലവിളംബവുമുണ്ടാകുകയില്ലയെന്ന് പറഞ്ഞു. ഞാൻ തർക്കിക്കുന്നില്ല. നമ്മൾ മൽസ്യത്തൊഴിലാളി ഗ്രാമസംഘങ്ങളുണ്ടാക്കി. അതിന്റെ ഫെഡറേഷനുണ്ടാക്കി. 5.5 കോടി രൂപ ആ മൽസ്യ ഫെഡറേഷനിൽക്കൂടി ഈ തൊഴിലാളികൾക്ക് തൊഴിൽ കണ്ടെത്താൻവേണ്ടി അനുവദിച്ചു. അതിനുവേണ്ടി ഫണ്ട് കിട്ടി. 20 ശതമാനം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതവും 20 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും 60 ശതമാനം എൻ.സി.ഡി.സി. യുടെ വായ്പയുംകൂടി ചേർത്താണ് നമ്മൾ അത് കൊടുക്കുവാൻ തീരുമാനിച്ചത്. എത്രനാളായി അതിനുവേണ്ടി തുക അനുവദിച്ചിട്ട്? എത്ര നാളായി ഈ ഗ്രാമസംഘങ്ങൾ ഉണ്ടാക്കിയിട്ട്? ഒരു ഗ്രാമസംഘങ്ങളിൽക്കൂടിയും അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല; അത് കൊടുക്കാൻകഴിഞ്ഞിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ സാമ്പത്തിക വർഷത്തിലാണ് അത് അനുവദിച്ചതെന്നുള്ള വിവരമറിയുമോ?

ശ്രീ. പി. വിജയദാസ്: ഇത് അനുവദിച്ചിട്ട് മാസങ്ങൾ കഴിഞ്ഞു. ഞാൻ ഇത് പറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കുറ്റം പറയാൻ വേണ്ടിയല്ല. ഈ 5.5 കോടിരൂപ കൊടുത്തത് വള്ളം വാങ്ങിക്കാൻ, അവർക്ക് മറ്റുതരത്തിലുള്ള ഉപകരണങ്ങൾ വാങ്ങിക്കാൻ അവരെ മറ്റ് വിധത്തിൽ സഹായിക്കാൻ എന്നിവയ്ക്കുവേണ്ടിയാണ്. ഞാൻ കടന്നു വരുന്നത് അഞ്ചുതെങ്ങിൽ പുഴുക്കളെപ്പോലെ ജീവിക്കുന്ന മൽസ്യത്തൊഴിലാളികളുടെയിടയിൽനിന്നുമാണ്. കേരളത്തിൽ ഇത്രമാത്രം പ്രയാസങ്ങളനുഭവിക്കുന്ന മൽസ്യത്തൊഴിലാളികൾ

LIBRARY ARCHIVES Kerala Legislative Assembly

വേറെയുണ്ടെന്ന് ഞാൻ കരുതുന്നില്ല. പുഴുക്കളെപ്പോലെ ജീവിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക്, ഇപ്പോഴുണ്ടായ വെള്ളപ്പൊക്കത്തിൽ അവരുടെ വീടുകളും നഷ്ടപ്പെടുകയുണ്ടായി. ഇന്നുവരെ അവർക്ക് വീടുണ്ടാക്കി കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഞാൻ കുറ്റം പറയുന്നതല്ല. അതിനുള്ള ഒരു നടപടിയും നമുക്ക് സ്വീകരിക്കുവാൻ കഴിഞ്ഞില്ല. ഈ ക്ഷേമനിധിയുണ്ടായാൽ അതിനുമാറ്റമുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ഞാൻ ഇത് സൂചിപ്പിക്കുവാൻ കാരണം ഈ നിയമങ്ങളുണ്ടാക്കുമ്പോഴും അത് നടപ്പിലാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുവെന്നുള്ളതാണ്. എങ്കിലും ഈ നിയമത്തിൽ ആ കാലതാമസമുണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ നമ്മൾ പല കോർപ്പറേഷനുകളും പല ബോർഡുകളുമുണ്ടാക്കി. എന്റെ സംശയംകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. പല കോർപ്പറേഷനുകളും പല ബോർഡുകളും ഒരേ സ്വഭാവമുള്ളതാണെങ്കിൽ അത് ഒന്നാക്കണമെന്നും നഷ്ടമോ അല്ലെങ്കിൽ പ്രവർത്തനവൈകല്യമോകൊണ്ട് അതിന് ബുദ്ധിമുട്ടുണ്ടെങ്കിൽ അത് ഒഴിവാക്കണമെന്നുമൊക്കെ നമ്മൾ പലവുരു തീരുമാനിക്കുകയും അഭിപ്രായം പറയുകയും ചെയ്തതാണ്. മൽസ്യഫെഡ് എന്നുപറയുന്ന ഫെഡറേഷൻതന്നെ വെൽഫയർ സ്കീമിൽപ്പറയുന്നപലതും നടപ്പിലാക്കുന്നുണ്ട്. നടപ്പിലാക്കാനുള്ള വ്യവസ്ഥ അതിനകത്തുണ്ട്. അതുകൊണ്ട് പ്രത്യേകമായ ഒരു ബോർഡ് ഉണ്ടാക്കി, അതിന് പ്രത്യേക ഏർപ്പാടുകളുണ്ടാക്കി അതിന്റെ പ്രവർത്തനം കൂടുതൽ ഒവൈകല്യമാക്കണമോയെന്ന് ഞാൻ സംശയിക്കുന്നു. അതുകൊണ്ട് ഈ ക്ഷേമപ്രവർത്തനം മൽസ്യഫെഡിനെ ഏൽപ്പിക്കുന്നതുകൊണ്ട് അപകടമുണ്ടോയെന്ന് പരിശോധിക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങനെയുള്ള പല കോർപ്പറേഷനുകളും അല്ലെങ്കിൽ ബോർഡുകളും പിരിച്ചുവിട്ട് ലാഭകരമായി നടത്തണമെന്നുള്ള സൂചനയുള്ളതുകൊണ്ടു മാത്രമാണ് ഞാൻ ഇത് പറയുന്നത്. ആ മൽസ്യഫെഡിന്റെ, ആ ഫെഡറേഷന്റെ കാര്യങ്ങളും ഈ ക്ഷേമ നിധി നടത്തണമെന്ന് എഴുതിവച്ചിട്ടുണ്ട്; നടക്കുന്നില്ലെന്നുള്ളത് വേറെകാര്യം. അത് ക്ഷേമനിധിയുണ്ടായാലും നടക്കുമോ ഇല്ലയോയെന്നുള്ളത് കണ്ടറിയണം. അതുമായി ബന്ധപ്പെടുത്തിപ്പോകുന്നതുകൊണ്ട് അപകടമില്ലെന്ന് എനിക്ക് തോന്നുന്നത് അതുകൊണ്ടാണ്.

അതുപോലെതന്നെ ഇവിടെ ഒരുകാര്യം സൂചിപ്പിച്ചു. ജനപ്രതിനിധികളെ അല്ലെങ്കിൽ അനൗദ്യോഗികാംഗങ്ങളെ ബോർഡിലേക്ക് കടത്തിവിടുമ്പോൾ അവരെ തിരഞ്ഞെടുത്താൽ എന്താണ് അപകടം? ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്നതിനുപകരം തിരഞ്ഞെടുത്തുകൂടേ? തിരഞ്ഞെടുപ്പിനെ ഭയപ്പെടുന്നതുകൊണ്ടല്ലേ തിരഞ്ഞെടുപ്പ് നടത്താത്തത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പിനെ ഇപ്പോൾ ഭയപ്പെടുകയാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പ് നടത്തുന്നതുപോലെ ഈ സ്ഥാപനങ്ങളിലും അനൗദ്യോഗികാംഗങ്ങളെ തിരഞ്ഞെടുത്ത് അയച്ചാൽ എന്താണപകടം? ഇങ്ങനെ ചെയ്യുന്നതുകൊണ്ട് കൂടുതൽ ജനാധിപത്യമര്യാദ നിലനിൽക്കുകയും ചെയ്യും. കൂടുതൽ ജനപ്രതിനിധികളെ ഇതിനകത്ത് ഉൾക്കൊള്ളിക്കണം. ഈ ബോർഡ് ഈ നിലയിൽ വരുന്നുവെങ്കിൽ ബഹുഭൂരിപക്ഷാംഗങ്ങളും അനൗദ്യോഗികാംഗങ്ങളായിരിക്കണം എന്നുകൂടി എനിക്കഭിപ്രായമുണ്ട്. ഇവരെ തിരഞ്ഞെടുക്കാനുള്ള വ്യവസ്ഥയുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കണം. നേരത്തേ മുഖ്യമന്ത്രിപറഞ്ഞകാര്യത്തിൽ ഞാൻ ഒന്നുകൂടി തറപ്പിച്ചുപറയുന്നു, ഈ ബില്ലുകളും ഈ നിയമങ്ങളും നടപ്പാക്കാനുള്ള അവസരം കിട്ടിയാൽ ഒരു കാലതാമസവുമില്ലാതെ നടപ്പിലാക്കാനുള്ള ശ്രമമുണ്ടാകണം. എന്റെ വാക്കുകൾ നിറുത്തുന്നു.

Shri V. J. Thankappan: "I move that the Kerala Fishermen's Welfare Fund Bill, 1984 as reported by the Select Committee be recommitted to the same Select Committee". ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഈ ബോർഡിലെ നോമിനേഷൻ ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്. വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ ബില്ലിലായാലും ഫിഷർമെൻ ബില്ലിലായാലും ഏതു ബില്ലിലായാലും ഈ ഗവൺമെന്റിന് തെരഞ്ഞെടുപ്പിൽ വിശ്വാസമില്ല. നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മന്ത്രി അവിടെ ഇരിപ്പുണ്ട്. അദ്ദേഹം ഇരുന്നു ചിരിക്കുകയായിരുന്നു, മി. വിജയദാസ് സംസാരിച്ചപ്പോൾ. തെരഞ്ഞെടുപ്പ് ഈ യുഗത്തിലൊന്നുമുണ്ടാകുകയില്ലയെന്ന് അദ്ദേഹം അസന്ദിഗ്ദ്ധമായി പറഞ്ഞുകഴിഞ്ഞു. ഫിഷർമെൻ സൊസൈറ്റിയിൽ തിരെഞ്ഞെടുപ്പ് ഇല്ല. അവിടെയും നോമിനേഷനാണ്. അതുപോലെതന്നെ ഈ സൊസൈറ്റിയിലും ബോർഡിലും നോമിനേഷനാണ്. തിരെഞ്ഞെടുപ്പിൽകൂടി ആ ബോർഡിൽ നോൺ ഒഫിഷ്യൽ മെമ്പർമാരെ കൊണ്ടുവരുന്നതിൽ ഈ ഗവൺമെന്റിന് വിശ്വാസമില്ല. തിരെഞ്ഞെടുപ്പിൽ ഈ ഗവൺമെന്റിന് യാതൊരു വിശ്വാസവുമില്ല. ഇവിടെ നേരത്തെ ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ പരമ്പരാഗതമായി ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വിഭാഗമുണ്ട്. ആധുനികമായ യന്ത്രസാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് മീൻപിടിച്ച് അത് സംസ്കരിച്ച് കയറ്റുമതി ചെയ്യുന്ന മറ്റൊരു വിഭാഗമുണ്ട്. റാറാറാ മുതൽ ഇവിടത്തെ കട്ടമരം ഉപയോഗിച്ച് മീൻപിടിക്കുന്ന ആളുകൾവരെ ഇന്ന് മൽസ്യവ്യവസായത്തിൽ ഏർപ്പെട്ടിട്ടുണ്ട്. കടലിൽപ്പോയി നേരിട്ടു മൽസ്യം പിടിക്കുന്നവരെപ്പോലെതന്നെ ആ മൽസ്യവ്യവസായവുമായി ബന്ധപ്പെട്ട മുഴുവൻ ആളുകൾക്കും ആനുകൂല്യം ലഭിക്കത്തക്കരീതിയിലുള്ള വകുപ്പുകൾകൂടി ഈ ബില്ലിൽ എഴുതിച്ചേർക്കണമെന്നുള്ളതാണ് എന്റെ പ്രധാനമായ മറ്റൊരു നിർദ്ദേശം. അതുപോലെതന്നെ ഈ സ്കീമിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായി ഡിസ്കസ് ചെയ്യാനും അത് മോഡിഫൈ ചെയ്യാനുമുള്ള അവകാശം ഗവൺമെന്റിനുവേണം, ഈ നിയമസഭയ്ക്കുവേണം. അതെല്ലാം വളരെ വ്യക്തമായി ഞാൻ ഡിസെന്റിംഗ് നോട്ടിൽ പറഞ്ഞിട്ടുള്ളതാണ്. ഈ വക നിർദ്ദേശങ്ങൾ മാത്രമേ എനിക്ക് പറയുവാനുള്ളു. ഇത്രയും നിർദ്ദേശിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീമതി ഭാർഗവി തങ്കപ്പൻ: സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധിയിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു.

ഈ ബിൽ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തെ ഉദ്ദേശിച്ചുകൊണ്ട് അവതരിപ്പിച്ചിട്ടുള്ള ഒരു ബില്ലാണ്. എന്നാൽ മൽസ്യം പിടിക്കുന്ന മുഴുവൻ തൊഴിലാളികളേയും ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കടലിൽ പോയി മൽസ്യം പിടിക്കുന്ന തൊഴിലാളികളും, അവരെ ആശ്രയിച്ച് മൽസ്യം വിറ്റ് ജീവിക്കുന്ന ആളുകളും

LIBRARY ARCHIVES Kerala Legislative Assembly

ഇവരെയാണ് പ്രധാനമായും ഈ ബില്ലിന്റെ പരിധിയിൽപെടുത്തിയിട്ടുള്ളത് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. മൽസ്യ വ്യവസായ വുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളും നമ്മുടെ നാട്ടിലുണ്ട്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ക്ഷേമപദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിച്ചുകൊണ്ടുവന്ന ബില്ലിന്, തീർച്ചയായും എന്റെ അഭിപ്രായത്തിൽ, വളരെയേറെ പരിമിതികളുണ്ട്. വളരെ വിശാലമായ കാഴ്ചപ്പാടോടുകൂടി നമ്മുടെ നാട്ടിലെ മൽസ്യത്തൊഴിലാളികളെ നോക്കിക്കാണണം. സാമൂഹ്യമായും സാമ്പത്തികമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന മൽസ്യത്തൊഴിലാളികൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ പതിനായിരക്കണക്കിനുണ്ട്. ഉൾനാടൻ തോടുകളിലും കായലുകളിലും നിന്ന് മൽസ്യം പിടിച്ച് നിത്യവൃത്തി കഴിക്കുന്ന, മൽസ്യം പിടിച്ച് വിറ്റ് അതിൽനിന്ന് കിട്ടുന്ന അഞ്ചോ ആറോ രൂപ (അത് മാത്രമാണ് അവരുടെ ദൈനം ദിന ചെലവുകൾക്കും മറ്റും വേണ്ടി അവർ ചെലവഴിക്കുന്നത്) കൊണ്ടുമാത്രം ജീവിക്കുന്ന തൊഴിലാളികൾ ഈ ബില്ലിന്റെ പരിധിയിൽപെടുന്നില്ല. അങ്ങനെയുള്ള തൊഴിലാളികൾക്കുവേണ്ടി സർക്കാരിന് എന്തെങ്കിലും ചെയ്യാൻ കഴിയണ്ടേ? ഇപ്പോൾ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഒരു വലിയ വിഭാഗം മൽസ്യത്തൊഴിലാളികളെ ഒഴിവാക്കുന്നു എന്നുള്ളത് വളരെ ഖേദകരമാണ്. അതുപോലെതന്നെ ചൂണ്ടയിട്ട് മൽസ്യം പിടിക്കുന്ന തൊഴിലാളികളുണ്ട്. ഉൾനാടൻ പ്രദേശങ്ങളിൽ ചൂണ്ടയിട്ട് മൽസ്യം പിടിക്കുന്ന തൊഴിലാളികൾ രാപകൽ ജോലി ചെയ്താലേ അവർക്ക് നിത്യവൃത്തി കഴിയാൻ എന്തെങ്കിലും വരുമാനം ഉണ്ടാകുകയുള്ളൂ. രാവും പകലും മെനക്കെട്ടിരുന്നാലും, ചിലപ്പോൾ ദിവസങ്ങളോളം ഇരുന്നാലേ എട്ടോ പത്തോ രൂപ കിട്ടാറുള്ളൂ. ചിലപ്പോൾ ഇങ്ങനെ ദിവസങ്ങളോളം ഇരുന്നാലും മൽസ്യം കിട്ടാറില്ല. അങ്ങനെ മെനക്കെടുന്ന തൊഴിലാളികളെ എന്തുകൊണ്ട് ഈ ബില്ലിന്റെ പരിധിയിൽപ്പെടുത്തുന്നില്ല? അവർക്ക് വരുമാനം കൂടുതലുണ്ടായിട്ടാണോ? എങ്കിൽ ആ പണിക്ക് അവർ പോകുകയില്ലല്ലോ? മൽസ്യക്കൃഷി നടത്തുന്ന ആളുകളെ ഒഴിവാക്കിയാൽ നമുക്ക് മനസ്സിലാക്കാം. മൽസ്യക്കൃഷി നടത്തി ലക്ഷക്കണക്കിന് രൂപയുണ്ടാക്കുന്ന അവർ മൽസ്യത്തൊഴിലാളികളായാലും മൽസ്യക്കൃഷിക്കാരായാലും അവരെ നമുക്ക് മനസ്സിലാക്കാം. അവരെ ഒഴിവാക്കണം. പക്ഷേ, ചൂണ്ടയിട്ട് മൽസ്യം പിടിക്കുന്ന ആളുകൾ, തോടുകളിൽ ചെറിയ ചെറിയ വലയിട്ട് മൽസ്യം പിടിക്കുന്നവർ കായലുകളിൽ പോയി മൽസ്യം പിടിച്ച് ജീവനമാർഗ്ഗം കണ്ടെത്തുന്നവർ, അങ്ങനെയൊരു വലിയ വിഭാഗം മൽസ്യത്തൊഴിലാളികളെ ഒഴിവാക്കിക്കൊണ്ട് മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി പദ്ധതികൾ ഉണ്ടാക്കാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നു, പാസ്സാക്കുന്നു എന്ന് പ്രചരണം നടത്തിയിട്ട് എന്താണ് ഫലം? നമ്മുടെ ഉദ്ദേശശുദ്ധി നല്ലതാണെങ്കിൽ തീർച്ചയായും ഈ വിഭാഗം ആളുകളെയും ഈ ബില്ലിന്റെ പരിധിയിൽ പെടുത്തണമെന്നാണ് എന്റെ അഭിപ്രായം.

അതുപോലെതന്നെ നമ്മുടെയൊക്കെ വീടുകളിൽ മൽസ്യം കൂട്ടകളിലാക്കി, തലയിൽ ചുമന്നുകൊണ്ടുവന്ന് വിൽക്കുന്ന ആയിരക്കണക്കിന് സ്ത്രീകളുണ്ട്. തലയിൽ കൂട്ടയിൽ ചുമന്ന് ഈ മൽസ്യത്തിൽ നിന്ന് ഒലിക്കുന്ന വെള്ളം തലമുതൽ കാലുവരെ ഒഴുകി അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

വസ്ത്രം മുഴുവൻ നാറ്റവും പിടിച്ച് ഈ തൊഴിൽ ചെയ്തു ജീവിക്കുന്ന തൊഴിലാളികളല്ലേ? അവർ ഈ മൽസ്യഗ്രാമത്തിൽ താമസിക്കുന്നവരല്ല. നമുക്കറിയാം ഗ്രാമപ്രദേശങ്ങളിൽനിന്നു എത്രയോ സ്ത്രീകൾ തിരുവനന്തപുരത്തു പാളയം മാർക്കറ്റിലും ചാലയിലും പോയി മൽസ്യം വാങ്ങി കുട്ടയിൽ ചുമന്നു കാൽനടയായി (പുരുഷൻമാരാണെങ്കിൽ സൈക്കിളോ ചവിട്ടിയെങ്കിലും മൽസ്യം കൊണ്ടുപോയി വിൽക്കും. സ്ത്രീകൾക്കു സൈക്കിളോ ചവിട്ടാനറിയില്ലല്ലോ) എത്രയോ മൈലുകൾ നടന്നു വീടുകളിൽ കൊണ്ടുപോയി, ചെറിയ ചന്തകളിൽ കൊണ്ടുപോയി ഈ മൽസ്യം വിറ്റു അവരുടെ പിഞ്ചുകുഞ്ഞുങ്ങളെ പോറ്റുന്ന എത്രയോ തൊഴിലാളികളുണ്ട്. ആ തൊഴിലാളികളെ ഈ ബില്ലിന്റെ പരിധിയിൽ പെടുത്തണ്ടേ? അവരുടെ ക്ഷേമത്തിനുവേണ്ടി നമുക്കു എന്തെങ്കിലും ചെയ്യാൻ കഴിയണ്ടേ? ഈ ക്ഷേമപദ്ധതികൾ നടപ്പിലാക്കുമ്പോൾ തീരപ്രദേശങ്ങളിൽ താമസിക്കുന്ന മൽസ്യത്തൊഴിലാളികളേയും ആ മൽസ്യഗ്രാമങ്ങളിൽപെടുന്നവരേയും മാത്രം ഉൾപ്പെടുത്തിയാൽ ഇതിന്റെ ഉദ്ദേശം നല്ല ഉദ്ദേശമല്ല, അതു വെറും ഒരു പ്രചരണത്തിനുവേണ്ടിയുള്ള ഒരു ബിൽ ആണു് എന്നേ എനിക്കു് ഇതിനെക്കുറിച്ചു് പറയാൻ കഴിയുകയുള്ളു.

മൽസ്യവ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തൊഴിലാളികൾ നമ്മുടെ രാജ്യത്തിനു് വരുമാനം ഉണ്ടാക്കുന്നതു് കോടിക്കണക്കിനു് രൂപയല്ലേ? നമ്മുടെ സർക്കാരിനു് വലിയ നഷ്ടമൊന്നുമില്ല. പ്രകൃതിദത്തമായി കായലുകളിലും കടലിലും എല്ലാം ഉണ്ടാകുന്ന മൽസ്യം പോയി പിടിച്ചുകൊണ്ടുവന്നു സമ്പത്തുണ്ടാക്കുന്നവരുണ്ട്. അവർ മാത്രംവിറ്റാൽ ഇതു വിറ്റഴിയില്ലല്ലോ. നമ്മുടെ ആഭ്യന്തരവിപണിയിൽ എത്രമാത്രം മൽസ്യം വിറ്റഴിയുന്നുണ്ടു്! അങ്ങനെ ആഭ്യന്തരവിപണിയിൽ വിറ്റഴിക്കുന്നതുമൂലം നമ്മുടെ സമ്പത്തിൽ ഒരു നല്ല വരുമാനം ഉണ്ടാകുന്നില്ലേ? നമ്മുടെ രാജ്യത്തിനു് ഇങ്ങനെ വരുമാനം ഉണ്ടാക്കുന്ന പാവപ്പെട്ട തൊഴിലാളികളെ ഈ മൽസ്യത്തൊഴിലാളികളുടെ നിർവ്വചനത്തിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. ഈ ബില്ലിൽ അതു് ഉൾപ്പെടുത്തണമെന്നാണു് എനിക്കു് പ്രധാനമായും ഈ ബില്ലിനെക്കുറിച്ചു് സംസാരിക്കുമ്പോൾ പറയാനുള്ളതു്.

മൽസ്യത്തൊഴിലാളികളുടെ ജീവിതരീതി നമുക്കു് ഓരോരുത്തർക്കും അറിയാമല്ലോ. ഇന്നു് മൽസ്യം വിറ്റു് ഉപജീവനമാർഗ്ഗം തേടാനാഗ്രഹിക്കുന്ന തൊഴിലാളികൾ വായ്പക്കു് ബാങ്കിൽ ചെന്നാൽ പോലും അതു് കിട്ടാറില്ല. വായ്പ കൊടുക്കാത്ത എത്രയോ ബാങ്കുകൾ ഉണ്ടു്. അവരുടെ ക്ഷേമം പിന്നെ ആരു് നോക്കും? ഇവിടെ ഒരു സർക്കാർ ഉള്ളപ്പോൾ ബാങ്കിൽനിന്നു് വായ്പ കിട്ടി ആ വായ്പ കൊണ്ടു് മൽസ്യം വാങ്ങി വിറ്റു് നിത്യവൃത്തി കഴിക്കാനാഗ്രഹിക്കുന്ന ലക്ഷക്കണക്കിനു് മൽസ്യത്തൊഴിലാളികൾ (സ്ത്രീകൾ ഉൾപ്പെടെ) ഉണ്ടു്. അവർക്കു് സംരക്ഷണം കൊടുക്കുന്നതാരു്? അപ്പോൾ ഒരു വലിയ വിഭാഗം മൽസ്യത്തൊഴിലാളികളെ ഒഴിവാക്കിയാൽ ഈ പദ്ധതി ഏതാനും ചില ആളുകൾക്കുവേണ്ടി മാത്രം, ഏതാനും ചില തൊഴിലാളികൾക്കു വേണ്ടി മാത്രം ഉള്ളതാണു്. ആ ഒരു വലിയ വിഭാഗം തൊഴിലാളികൾക്കു് ചെയ്യുന്ന നല്ല കാര്യം നല്ലതല്ല എന്നു ഞാൻ പറയുന്നില്ല; നല്ലകാര്യം തന്നേയാണു്. ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

അതിനെ സ്വാഗതംചെയ്യുന്നു; പക്ഷേ ഉദ്ദേശശുദ്ധി മറന്ന് നമ്മൾ പ്രവർത്തിക്കരുത്.

അതുപോലെ ഈ ബില്ലിൽ പെൻഷനെ സംബന്ധിച്ച് സെലക്ട് കമ്മിറ്റി അഭിപ്രായപ്പെട്ടതാണ്. നമുക്കറിയാം. പ്രായം ചെന്ന കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കുന്നു; ഇപ്പോൾ ഫണ്ട് ഇല്ലാത്തതുകൊണ്ട് കൊടുക്കാൻ കഴിയുന്നില്ല. പക്ഷേ അത് നല്ലതല്ലേ? പ്രായം ചെന്ന ആളുകൾക്ക് പെൻഷൻ കൊടുക്കാൻ കഴിയണ്ടേ നമുക്ക്? നമ്മുടെ രാജ്യത്തിനുവേണ്ടി പണിയെടുത്തവരുടെ വയസ്സുകാലത്ത് ഒരു നയാപൈസയെങ്കിലും നമ്മുടെ സർക്കാരിന് കൊടുക്കാൻ കഴിയുന്നത് ഒരു നല്ല കാര്യമല്ലേ? അഭിമാനമല്ലേ? പെൻഷൻ ഈ ബില്ലിൽക്കൂടി വ്യവസ്ഥ ചെയ്തുകൊണ്ട് കൊടുക്കാനുള്ള നടപടിയും സ്വീകരിക്കണം. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബില്ലിൽ ധാരാളം സ്കീമുകൾ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ച് ഉണ്ട്. ഞാൻ അതൊന്നും പറയുന്നില്ല. അപ്പോൾ തീർച്ചയായും ഈ സഭ ഇതുപോലുള്ള ബില്ലുകൾ ചർച്ച ചെയ്യുമ്പോൾ ധാരാളം സമയമെടുത്ത് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. ഏതാനും മിനിട്ടുകൊണ്ട് സംസാരിച്ച് തീർക്കാനുള്ളതല്ല. ഇതേക്കുറിച്ച് സംസാരിക്കാൻ എനിക്ക് അവസരവും കിട്ടിയിട്ടില്ല. സ്കീം ഉണ്ടാക്കുമ്പോൾ ഞാൻ ഈ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തണം. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി, പെൺമക്കളുടെ വിവാഹത്തിനുവേണ്ടി, അവർക്ക് വീട് ഉണ്ടാക്കികൊടുക്കുന്നതിനുവേണ്ടി, സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ഉണ്ടാക്കികൊടുക്കുന്നതിനുവേണ്ടി അങ്ങനെ എല്ലാവിധ ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതികൾ ഈ ബിൽ നിയമമാകുമ്പോൾ ഉണ്ടാക്കാനും ഈ ബില്ലിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്ന ഒരു വലിയ വിഭാഗം മൽസ്യത്തൊഴിലാളികളെ ഈ ബില്ലിന്റെ പരിധിയിൽപെടുത്താനും ഉള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തി ഈ നിയമം പാസ്സാക്കണമെന്നുമാണ് എന്റെ അഭിപ്രായം; ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ബില്ലിന്റെ ചർച്ചാവേളയിൽ കാര്യമായ അഭിപ്രായവ്യത്യാസമൊന്നും കാണാൻ സാധിച്ചില്ല. ഒന്നാമതായി മൽസ്യത്തൊഴിലാളികളുടെ ഡഫനിഷനെ സംബന്ധിച്ചാണ് ഇവിടെ പറഞ്ഞത്. മൽസ്യത്തൊഴിലാളികളുടെ ഡെഫനിഷൻ, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ വെൽഫയർ സൊസൈറ്റീസ് ആക്ടിൽ ഉൾക്കൊള്ളിച്ചതാണ്. ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ ആ സൊസൈറ്റികളിലെ അംഗങ്ങളല്ല, ആ വില്ലേജിലെ ഫിഷർമെൻ ആണ് ഇതിൽ വരുന്നത്. ഇത് വളരെ ക്ലിയറായിട്ട് പറയുന്നുണ്ട്. അവർ അംഗങ്ങൾ ആകേണ്ട; അംഗങ്ങൾ അല്ലാത്തവർക്കും ഇതിന്റെ ആനുകൂല്യം കിട്ടും. പ്രധാനമായി ഈ ബില്ലുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് പരമ്പരാഗത മൽസ്യത്തൊഴിലാളികളെ സഹായിക്കലാണ്. പരമ്പരാഗത മൽസ്യത്തൊഴിലാളികൾ എന്നു പറയുമ്പോൾ കടലിൽ പോയി മീൻപിടിക്കുന്ന (ഏത് വിഭാഗത്തിൽപ്പെട്ട ആളുകളായാലും ശരി) വർക്കുവേണ്ടിയുള്ള നിയമമാണ് ഇത്. ഒരു വീട്ടിൽ നിന്ന് ഒരാൾ മീൻപിടിച്ചുകൊണ്ടുവരുകയും അയാളുടെ ഭാര്യ വീടുകളിൽ കൊണ്ടുപോയി വ്യാപാരം ചെയ്യുകയും ചെയ്താൽ അവരെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ക്കൂടി ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മറിച്ച് മദ്യമുള്ളവരെ ഇതിന്റെ പരിധിയിൽ പെടുത്തിയാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും പരിഗണിക്കണം. അവർ വെറും വ്യാപാരികളാണ്. പിടിച്ചെടുക്കുന്ന മൽസ്യം വാങ്ങിച്ചുവയ്ക്കുന്നവർ വ്യാപാരികളാണ്. അവരെ ഉൾപ്പെടുത്തിയാൽ ഇത് ദുരുപയോഗപ്പെടുത്താൻ വളരെയധികം സാദ്ധ്യതകളുള്ളതുകൊണ്ടാണ് ഉൾപ്പെടുത്താതിരിക്കുന്നത്. നിയമംകൊണ്ടുവരുമ്പോൾ എല്ലാവിഭാഗം ആളുകളേയും ഉൾക്കൊള്ളിച്ചു എന്നു വരികയില്ല. ഇവർ ഒരു പ്രത്യേക കാറ്റഗറിയാണ്. ഇവർ പരമ്പരാഗതമായി മൽസ്യം പിടിച്ച് ജീവിതമാർഗ്ഗം കണ്ടെത്തുന്നവരാണ്. ഉദാഹരണമായിട്ട് എന്താണ് പീലിംഗ്? വലിയ ഫാക്ടറി ഉടമകൾ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി നടത്തുന്ന കൃത്രിമമായ ഏർപ്പാടാണ് പീലിംഗ്. ഫാക്ടറി ആക്ട് നടപ്പിലാക്കുന്ന കാര്യത്തിൽ, അതല്ലെങ്കിൽ ഫാക്ടറികൾക്ക് നിലവിലുള്ള തൊഴിൽനിയമങ്ങൾ നടപ്പിൽ വരുത്തുന്ന കാര്യത്തിലുള്ള വിട്ടുവീഴ്ചകൾ തിരുത്തുകയും അത് തടയുകയുമാണ് വേണ്ടത്. അവർക്കെതിരെ കർക്കശമായ നടപടികൾ സ്വീകരിക്കണം. തൊഴിലാളികളോട് അനുഭാവം ഇല്ലാഞ്ഞിട്ടല്ല. അവരേയും പെടുത്തിക്കഴിഞ്ഞാൽ വലിയ വ്യവസായികൾ ബാദ്ധ്യതയിൽ നിന്ന് അവർ ഒഴിഞ്ഞുമാറുകയും ഉള്ള ഫണ്ട് അർഹതപ്പെട്ടവരുടെ കയ്യിൽ ചെന്നെത്തുന്നതിനു പകരം മറ്റ് പലരും അനുഭവിക്കുകയും ചെയ്യും. അവർ അദ്ധ്വാനിവർഗ്ഗങ്ങളെന്ന നിലയിൽ വ്യാപകമായി ഉൾക്കൊള്ളിക്കാൻ ബാദ്ധ്യതപ്പെട്ടവരാണ്. പക്ഷേ അവരെ ഉൾക്കൊള്ളിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട ഒരു മെമ്പർ ചോദിച്ചു, മൽസ്യം പിടിച്ച് അന്ന് വിൽക്കാൻ സാധിച്ചില്ലെങ്കിൽ അവരുടെ വീടിന്റെ മുറ്റത്തു വച്ച് ഉണക്കി വിറ്റാൽ അവരും ഇതിന്റെ പരിധിയിൽ വരുമോ എന്ന്. അവരും ഇതിന്റെ പരിധിയിൽ വരും. നേരെമറിച്ച് പ്രോസസ്സിങ്ങ് എന്നു പറയുന്നത് ഒരു പ്രത്യേക ഏർപ്പാടായിട്ട് വരുകയാണെങ്കിൽ, ഞാൻ ആദ്യം പറഞ്ഞതുതന്നെയാണ് ഇവിടേയും വരുന്നത്. അത് അക്സെപ്ട് ചെയ്യുകയാണെങ്കിൽ, ഏത് വിഭാഗത്തിനു വേണ്ടി മെൻഷൻ ചെയ്യാൻ ആഗ്രഹിക്കുന്നോ അത് നഷ്ടപ്പെടും.

ശ്രീമതി കെ.ആർ. ഗൗരി: സർ, പീലിംഗും പ്രോസ്സ്സിങ്ങുമെല്ലാം ഉണ്ട്. വൻകിടവ്യവസായികൾ മാത്രമല്ല പീലിംഗ് ഷെഡ് നടത്തുന്നത്, ചെറുകിടവ്യവസായികളുമുണ്ട്. വൻകിടവ്യവസായികൾ ഫ്രീസ് ചെയ്യുകയും പ്രോസസ്സ് ചെയ്യുകയും മറ്റ് വിധത്തിലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നുണ്ട്. അതുപോലുള്ള ഫാക്ടറി ഉടമകളോട് കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നുണ്ട്. അവരോട് തത്വത്തിൽ എങ്ങനെയാണ് കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നത്? അവർ എന്താണോ വാങ്ങുന്നത്, അതിന്റെ ടേണോവറിന്റെ ഒരു ശതമാനം വാങ്ങിക്കാമെന്ന് നമ്മൾ അതിൽ നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ വാങ്ങിക്കുകയും ആ തൊഴിലാളികളെ ഒഴിച്ചുനിർത്തുകയും ചെയ്താൽ അവർക്ക് മേലിൽ എന്തെങ്കിലും വെൽഫെയർ ആക്ടിവിറ്റീസിന്റെ ബെനിഫിറ്റ് ലഭിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സർ, ഫാക്ടറിയിൽ പീലിംങ്ങ് നടത്തുന്ന തൊഴിലാളികൾ ചെറുകിടക്കാരായാലും വൻകിടക്കാരായാലും അവർ ഈ സ്റ്റേറ്റിലെ ചില വ്യവസ്ഥകൾകൊണ്ട് അനുഭവമുള്ളവരാണ്. ചെറുകിട കുടിവ്യവസായം എങ്ങനെയുണ്ടായി; ശ്രീമതി ഗൗരിയമ്മ ചോദി

ക്കുന്നത്, ഈ ആനുകൂല്യം എങ്ങനെ കിട്ടുമെന്നാണ്. അവർക്ക് കൊടുത്താൽ ഫാക്ടറിക്കാർക്കും മറ്റ് തൊഴിലാളികൾക്കും കൊടുക്കേണ്ടേ? അവരോട് ഈടാക്കുന്ന സംഖ്യ മൽസ്യവ്യാപാരം ചെയ്യുന്നതിൽ നിന്നല്ല, മൽസ്യം പിടിച്ച് അവരെ ഏൽപ്പിക്കുന്ന മൽസ്യത്തിന്റെ ഒരു ഭാഗമായിട്ടാണ്.

ശ്രീമതി കെ.ആർ. ഗൗരി: സർ, മുഖ്യമന്ത്രി ഡിപ്പാർട്ടുമെന്റിൽ ചോദിച്ചാൽ മതി കാര്യങ്ങൾ അറിയാം. പീൽ ചെയ്യുന്ന ചെമ്മീന്റെ 80 ശതമാനവും സ്റ്റേറ്റിന്റെ പുറത്തുനിന്ന് കൊണ്ടുവരുന്നതാണ്. ഗുജറാത്ത്, ബാംഗ്ലൂർ, കന്യാകുമാരി, മാംഗ്ലൂർ എന്നീ പ്രദേശത്തുനിന്നാണ് 80 ശതമാനവും ചെമ്മീൻ വരുന്നത്. അവരോട് പൈസവാങ്ങിക്കരുത് എന്നല്ല ഞാൻ പറയുന്നത്. അവർ പിടിക്കുന്നതു കൊണ്ടാണ് ഉൽപ്പെടുത്തിയതെന്നു പറഞ്ഞത് ഞാൻ പറയുകയാണ് ഇതിൽ 80 ശതമാനവും പുറത്തുനിന്നു വരുന്നതാണ്. ആ ചെമ്മീൻ ഇവർ ഫ്രീസ് ചെയ്യുകയും പീൽ ചെയ്യുകയും കയറ്റി അയയ്ക്കുകയും ചെയ്യുകയാണ്. അങ്ങനെ കയറ്റി അയയ്ക്കുന്നതിന് വേണ്ടി ബുദ്ധിമുട്ടുന്ന തൊഴിലാളികൾ—ഇത് കമ്മ്യൂണലാകാതിരിക്കുവാനാണ് പറയുന്നത്—തൊഴിലാളികളാണ്. മൽസ്യത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ ആ തൊഴിലാളികൾ, ഈ തൊഴിലാളികൾ എന്നു വേർതിരിക്കാതെ അവർ ചെയ്യുന്ന ജോലിക്ക് കിട്ടുന്ന പ്രതിഫലത്തിൽനിന്ന് കോൺട്രിബ്യൂഷൻ വന്നാൽ (എന്റെ നിയോജകമണ്ഡലത്തിൽ ആയിരിക്കണക്കിന് തൊഴിലാളികളുണ്ട്) തത്വത്തിൽ അവർക്കുകൂടി ആനുകൂല്യം കിട്ടാനുള്ള ഒരു ഭേദഗതിയാണ്. മുഖ്യമന്ത്രി ഇതിനെപ്പറ്റി ആലോചിച്ചു ചെയ്താൽ മതി. ശ്രീ. കെ.വി. സുരേന്ദ്രനാഥ് പറഞ്ഞതിനോട് ഞാൻ അനുകൂലിക്കുകയാണ്. വ്യാഖ്യാനത്തിൽ ഇത് അപ്പൈ ചെയ്യുന്നത് ഫിഷർമെൻ വില്ലേജിലെ മെമ്പറേ ചെയ്യുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ എന്റെ വാദഗതിയെ അംഗീകരിക്കുന്നതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. അത് കമ്മ്യൂണൽ ആയിട്ട് പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി. പീലിങ്ങ് സമുദായം എന്ന് ഞാൻ കേട്ടിട്ടില്ല. പരമ്പരാഗത മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഹിന്ദുക്കളുണ്ട്, മുസ്ലീങ്ങളുമുണ്ട്. മൽസ്യത്തൊഴിലാളികൾ എന്നു പറയുമ്പോൾ ഒരു പ്രത്യേക ജാതിയുടെയോ സമുദായത്തിന്റെയോ അല്ല. നിർഭാഗ്യവശാൽ അങ്ങനെയൊരു പ്രവണത നടക്കുന്നതായി അറിയാൻ കഴിഞ്ഞു. അതിന് നമ്മളെങ്കിലും ആയുധമാകരുത്. അവർ ജാതിയുടെ ഭേദമെന്യേ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. നമുക്ക് ഇതുവരെ ഉണ്ടായിരുന്ന ധാരണയിൽനിന്ന് വിപരീതമായിട്ടുള്ള ആളുകൾ മീൻപിടിക്കുന്നുണ്ട്. ഞാൻ ഈയിടെ ലിസ്റ്റ് നോക്കിയപ്പോൾ രാമൻനായർ എന്നു പറയുന്ന ഒരാൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടു. അവർ തുടർച്ചയായി മൽസ്യം പിടിക്കുന്നയാളുകളാണ്. അതുകൊണ്ട് ജാതിയുടേയും മതത്തിന്റേയും പേരിലല്ല ഞാൻ പറഞ്ഞത്. ഗൗരിയമ്മ പറഞ്ഞതുപോലെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മൽസ്യം കൊണ്ടുവന്ന് ഇവിടെ പീൽ ചെയ്യുന്നുണ്ട്. അങ്ങനെ പലവർക്കുമുണ്ട്. പരമ്പരാഗതമായി മൽസ്യം പിടിക്കുന്ന ഈ ആളുകൾ, ആരാലും പരിഗണിക്കപ്പെടാതെ അവഗണിക്കപ്പെട്ടുകിടക്കുകയായിരുന്നു. ഇങ്ങനെയുള്ള ആ വിഭാഗത്തിന് ആശ്വാസം നൽകാനുള്ള ഈ

LIBRARY ARCHIVES Kerala Legislative Assembly

നടപടി അവർ സംരേിക്കുന്ന പണം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാത്ത ഇരിക്കുന്നതാണ് നല്ലത്. ഇത് നടപ്പിലാക്കിവരുമ്പോൾ മറ്റുള്ളവരെയെല്ലാം ചേർക്കാൻ കഴിയുമെന്ന് ആലോചിക്കണം. കൂടുതൽ തൊഴിലാളികളെ ഉൾപ്പെടുത്താൻ നിർബന്ധിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, അടുത്തത് നോമിനേഷന്റെ കാര്യമാണ്. മദ്യവ്യവസായം തുടങ്ങി, എല്ലാ വ്യവസായത്തിലും നോമിനേറ്റഡ് മെമ്പേഴ്സ് ഉണ്ട്. അവിടെയും വെൽഫയർ സ്കീം പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. ഈ നിയമം പാസ്സായിക്കഴിഞ്ഞാൽ ഇതു നടപ്പിലാക്കാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു. വോട്ടേഴ്സ് പട്ടിക ഉണ്ടാക്കി ഇലക്ഷൻ നടത്തണം. ഈ ഫണ്ടിന്റെ പ്രവർത്തനത്തിന് കാലതാമസം ഉണ്ടാകാതിരിക്കാൻ വേണ്ടി, നോമിനേഷൻ അല്ലാതെ സാധിക്കുകയില്ല. നോമിനേഷൻകൊണ്ട് മറ്റ് ബുദ്ധിമുട്ടുകൾ ഇല്ല എന്നുള്ളതുകൊണ്ട് ആ ഒരു നിർദ്ദേശം സ്വീകരിക്കാൻ സാധിക്കാതെ വന്നതിൽ ഖേദമുണ്ട്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: താൽക്കാലികമായ നോമിനേഷനെന്ന് അങ്ങ് പറയുന്നുണ്ട്. സ്ഥിരമായ സംവിധാനം ഉണ്ടാകുമ്പോൾ തിരെഞ്ഞെടുക്കപ്പെട്ടവരാകും എന്നൊരു ഭേദഗതി അംഗീകരിക്കാമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ ഒരു ഭേദഗതി അംഗീകരിച്ചതായി കേട്ടിട്ടുണ്ടോ? എന്തായാലും ശരി ഫണ്ടിനെ സംബന്ധിച്ചിടത്തോളം നോമിനേഷൻ വേണം. ഫണ്ട് വർദ്ധിപ്പിക്കണമെന്നു ഞാൻ തന്നെ പറഞ്ഞു. ഇപ്പോൾ 300 രൂപ ആയിരമായി വർദ്ധിപ്പിച്ചിരിക്കുന്നു. ഇനിയും കാലാകാലങ്ങളിൽ വർദ്ധിപ്പിക്കും. ഈ ഫണ്ടിനെ സംബന്ധിച്ചു ഒരു സാമാന്യരൂപം കിട്ടിക്കഴിയുമ്പോൾ അല്ലെങ്കിൽ ഇതു പ്രാവർത്തികമാകുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളുടെ അടിസ്ഥാനത്തിൽ ഭേദഗതികൾ കൊണ്ടുവരാം. ഗവൺമെന്റ് ഇതൊരു ക്ലോസ്ഡ് ചാപ്റ്ററായി കരുതുന്നില്ല. ഇതു ഇങ്ങനെ വേഗത്തിൽ നടപ്പിലാക്കുന്നത് ഈ വിഭാഗത്തിന് ആശ്വാസം എത്തിച്ചുകൊടുക്കാൻ വേണ്ടി മാത്രമാണ്. ഇത് ഇവിടെ പലപ്പോഴും ഡിസ്കസ് ചെയ്തിട്ടുള്ളതാണ്. ഇതു പ്രചരണത്തിനുവേണ്ടിയാണെന്ന നിലയിൽ എടുക്കരുത്. ഇതിൽ ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിമർശനങ്ങളും നിർദ്ദേശങ്ങളും കാര്യമായിട്ടൊന്നും വന്നിട്ടില്ല. ഇക്കാര്യത്തിലുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ മനസ്സിലാക്കണമെന്നു വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ഇതു വേഗത്തിൽ പാസ്സാക്കി നടപ്പിലാക്കുന്നതുകൊണ്ട് അതിവേഗം ഇതു നടപ്പിലാക്കാൻ സംവിധാനം ഉണ്ടാക്കും. ഇക്കാര്യത്തിൽ ഏതെല്ലാം നിർദ്ദേശങ്ങൾ ഏതു ഭാഗത്തുനിന്നുണ്ടായാലും അത് അനുസരിക്കാനും പരിശോധിക്കാനും സ്വീകരിക്കാനും തയ്യാറാണെന്നു അറിയിച്ചുകൊണ്ട് ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. വിജയദാസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി.ജെ. തങ്കപ്പൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

സെലക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ടു അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

വകുപ്പുതിരിച്ചുള്ള ചർച്ച

2-ാം വകുപ്പ്

Shri Kanam Rajendran: Sir, I move my amendments: (1) In clause 2, sub-clause (d) for the words ''buying and selling fish'', substitute the words ''buying or selling fish''.

(2) In clause 2, sub-clause (d) item (ii) after the words ''or company'', add the words ''or partnership''.

(3) In clause 2, sub-clause (d) item (ii) after the words ''out side the State of Kerala''. add the words ''but shall not include a person who buys fish and carries it on his head or on a bi-cycle to the market for retail sale''.

(4) In clause 2, sub-clause (h) item (ii) delete the words ''engaged in fishing''.

സർ, പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് ആദ്യത്തേത്. ''buying and selling fish''.....എന്നു പറഞ്ഞാൽ വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്നാണ് അതിന് അർത്ഥം. വാങ്ങുകയോ വിൽക്കുകയോ എന്നാണെങ്കിൽ മീൻ വാങ്ങിച്ചിട്ട് മീനായിത്തന്നെ വിൽക്കണമെന്നില്ല. മീൻ പ്രോസസ് ചെയ്തുവിൽക്കുന്നുണ്ട്. വാങ്ങുകയോ വിൽക്കുകയോ ചെയ്യുക എന്നു പറയുമ്പോൾ വാങ്ങുന്ന ആളിനോ വിൽക്കുന്ന ആളിനോ രണ്ടും കൂടി ചെയ്യാൻ പറ്റും. നിയമത്തിന്റെ അടിസ്ഥാനത്തിൽ buying and selling fish എന്നു പറയുന്നതുകൊണ്ട് അതിന്റെ അർത്ഥം പൂർണ്ണമാകുകയില്ല. അതുകൊണ്ട് buying or selling fish എന്നാക്കണം.

ക്ലാസ് 2 സബ് ക്ലാസ് (ഡി) യിൽ ലൈറ്റം 2 ആണ് രണ്ടാമത്തേത്. after the words ''or company'' add the words ''or partnership''. കമ്പനിയും ഉൾപ്പെടുന്ന അസ്സോസിയേഷനുകളെല്ലാം ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫേം എന്നു മാത്രമേ ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുള്ളൂ. പാർട്ട്ണർഷിപ്പ് ഫേംസ് ധാരാളം ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് പാർട്ട്ണർഷിപ്പ് ഫേം ഒഴിവായിപ്പോകാതിരിക്കാൻ വേണ്ടി ''or partnership'' എന്നുകൂടി ചേർക്കണം. അടുത്തത് അതേ ക്ലാസിൽ തന്നെ ''outside the State of Kerala'' എന്നതിനുശേഷം ക്ലാസ് 2 സബ്ക്ലാസ് ഡി യിൽ ലൈറ്റം 2 after the words ''outside the State of Kerala add the words but shall not include a person who buys fish and carries it on his head or on a bicycle to the market for retail sale'' ഇതേ സംബന്ധിച്ചിടത്തോളം—എല്ലാ ട്രേയ്ഡ് യൂണിയൻ സംഘടനകളും ഇക്കാര്യത്തിൽ സെലക്റ്റ് കമ്മിറ്റി മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഈ ഡീലർ എന്നുള്ള ഡെഫനിഷനിൽ സൈക്കിളിൽ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോയും തലച്ചുമടായി കൊണ്ടുപോയും മൽസ്യം വിൽക്കുന്ന ആളുകളെ ഉൾപ്പെടുത്താൻ പാടില്ല. ഉൾപ്പെടുന്നില്ല എന്നു സൂചിപ്പിച്ചാൽ മാത്രമേ ഇതു വ്യക്തമാകുകയുള്ളു. അതുപോലെ ക്ലാസ് 2, സബ്ക്ലാസ് (h) ഐറ്റം 2. delete the words— ''engaged in fishing''.

Fishing vessel means a ship or boat, whether or not fitted with mechanical means of propulsion, എന്നു പറഞ്ഞു കഴിഞ്ഞതിനുശേഷം which is engaged in fishing എന്നു പറയുന്നു. which is engaged in fishing എന്നു പറയുന്നത് 'h' clause—ൽ കോമണായിട്ടുള്ള ഒരു വാക്കാണ്. ''which is engaged in fishing'' എന്നു പറഞ്ഞുകഴിഞ്ഞതിനുശേഷം ''engaged in fishing'' എന്നു വീണ്ടും ആവർത്തിച്ചു പറയുന്നുണ്ട്. ഇതു ഒരു അഡീഷണാലിറ്റിയാണ്. ഇത് ആവശ്യമില്ല. ഇതു ഒഴിവാക്കണം.

Shri Varkala Radhakrishnan: Sir, I move my amendments: (1) In clause 2, sub-clause (d) in the opening sentence after the words ''buying and selling fish'', add the words ''or transporting fish''.

(2) In sub-clause (g) of clause 2 add the following at the end, namely:—''and includes a person who makes his living by occupation connected with prawn filtering, graders of peelings sheds, workers engaged in mechanised jobs in freezing plants and persons who live by catching fish from Government ponds, panchayat channels, or other water logged areas''.

(3) In clause 2, sub-clause (h) item (ii) after the word ''vallam'', insert the word ''Kattamaram''.

ഈ നിയമത്തിൽ ക്ലാസ് 2, ഡെഫനിഷനാണ്. അതിൽ 34–ാം ഭേഗതി buying and selling fish എന്നതിനാണ്. buying and selling process നടന്നാലേ ഈ ഡെഫനിഷൻ ബാധകമാകുകയുള്ളു. ഞാൻ കുറെ മൽസ്യം കേരളത്തിനകത്തുനിന്നു വാങ്ങുന്നു. വാങ്ങിയിട്ട് സെയിൽ നടത്തുന്നത് തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ആണെന്നു വയ്ക്കുക കാരണം ട്രാൻസ്പോർട്ട് ഇതിനകത്തു വരുന്നില്ല. കേരളത്തിൽ കൂടി മൽസ്യം ട്രാൻസ്പോർട്ട് ചെയ്യുന്ന പ്രോസസ് കൂടി വരുന്നില്ലെങ്കിൽ ഇവിടെ വാങ്ങുകയും വിൽപ്പന വേറെ സ്ഥലത്ത് നടക്കുകയും ചെയ്യും. അതു നിയമത്തിന്റെ പരിധിയിൽ നിന്നു രക്ഷപ്പെടാനുള്ള പഴുതു കൊടുക്കും. ഗവൺമെന്റിന് ദോഷം സംഭവിക്കാതിരിക്കാനും മൽസ്യത്തൊഴിലാളികളെ രക്ഷിക്കാനും വേണ്ടി ട്രാൻസ്പോർട്ടിംഗ് എന്നു കൂടി എഴുതിച്ചേർക്കണം. അതു ചേർത്തില്ലെങ്കിൽ ഇവിടെ വാങ്ങലും വിൽപ്പന പുറത്തും നടക്കും. അതുപോലെ തന്നെ പുറത്തു നിന്നു വാങ്ങുകയും ഇവിടെ വിൽപ്പന നടത്തുകയും ചെയ്യും. ഇതിൽ ഒരു പ്രോസസ് ഉപേക്ഷിക്കപ്പെടും. അതുകൊണ്ട് എല്ലാ പ്രോസസും ഇതിനകത്തുതന്നെ വരാൻവേണ്ടി transporting fish എന്നുള്ള ഒരു ഭേഗതി ചേർക്കണം. പിൽക്കാലത്ത് അബദ്ധം പറാതിരിക്കാൻ ഇങ്ങനെ ഒരു ഭേഗതി വരുത്തുന്നത് ബുദ്ധിപൂർവ്വകമായിരിക്കും.

GPM. 2/490/08

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത ഒരു ഭേദഗതി ഞാൻ ഇവിടെ കൊടുത്തിരിക്കുന്നത് ഗൗരിയമ്മയും ഇവിടെ പറഞ്ഞതാണ്. desending note-ന്റെ corner stone ആയിട്ടുള്ളൊരു ഭേദഗതിയാണ്.... ഫിഷർമെൻ എന്നുള്ള ഡെഫനിഷനിൽ "and includes a person who makes his living by occupation connected with prawn filtering, graders of peeling sheds, workers engaged in mechanised jobs in freezing plants and persons who live by catching fish from Government ponds, panchayat channels or other water logged areas" എന്നുകൂടി ചേർക്കണം. നേരത്തെ ഗൗരിയമ്മ പ്രസംഗിച്ചപ്പോഴും ഇതിന്റെ ഉള്ളടക്കം പറഞ്ഞു. അതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല.

സർ, ഒരു കാര്യം എനിക്ക് പറയാനുള്ളത് നമ്മുടെ നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങളും സമുദായത്തിലെ അടിത്തട്ടിൽ കിടക്കുന്ന നൂറുകണക്കിനുള്ള മറ്റാളുകളും 'ചാനൽ', അതുപോലുള്ള ചില സ്ഥലങ്ങളും ഇവിടെ നിന്നൊക്കെ ചൂണ്ടപോലുള്ള ചില ഉപകരണങ്ങളുമായി ചെന്ന് മൽസ്യം പിടിക്കുന്ന ഒരു ഏർപ്പാടുണ്ട്. കേരളം മുഴുവനും അങ്ങനെയൊരു ഏർപ്പാടുണ്ട്. അവർ കൂടുതലും ഷെഡ്യൂൾഡ് കാസ്റ്റിലും ഷെഡ്യൂൾഡ് ട്രൈബിലും പെട്ട ആൾക്കാരാണ്. അങ്ങനെയുള്ള ആൾക്കാരിൽനിന്നും പണം പിരിക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. അവർ കോൺട്രിബ്യൂഷൻ കൊടുക്കണം. അവരുടെ കൈയിൽ നിന്നും കോൺട്രിബ്യൂഷൻ വാങ്ങുകയും അതേസമയം അവരെ വെൽഫയർ ഫണ്ടിന്റെ പ്രവർത്തന പരിധിയിൽ നിന്നും ഒഴിവാക്കുകയും ചെയ്യുന്നത് അധാർമ്മികമാണ്; അനീതിയാണ്. അതുകൊണ്ട് അവരുടെ കൈയിൽനിന്നും കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഡെഫനിഷൻ കുറേക്കൂടി വിപുലപ്പെടുത്തി ഈ പാവപ്പെട്ടവരെക്കൂടി ഈ ഫണ്ടിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്താനാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. "or by any other local variations thereof" എന്നു പറയുമ്പോഴും അതിൽ വഞ്ചിയും വള്ളവും ഉൾപ്പെടുന്നു.

നമ്മുടെ നാട്ടിൽ ധാരാളമായി മീൻപിടിക്കുന്നത് കട്ടമരത്തിൽ ആണ്. ചില സ്ഥലത്ത് 'ചാളത്തടി'യെന്നും 'കെട്ടുമരം' എന്നുമൊക്കെപ്പറയും. അത് വള്ളവും അല്ല വഞ്ചിയുമല്ല. നിയമത്തിൽ പറയുന്ന 'other local variations'-ലും ഇതു പെടുകയില്ല. അതുകൊണ്ടാണ് കട്ടമരം എന്നു ഞാൻ പറഞ്ഞത്. വളരെ സാർവ്വത്രികമായി ഈ കോസ്റ്റൽ ഏരിയായിൽ ഒക്കെ കാണാൻ കഴിയുന്ന ഒന്നാണിത്. അതായത് രണ്ട് സോഫ്റ്റ് വുഡ്ഡ് ചേർത്തു കെട്ടി അതിൽപോയി മീൻ പിടിക്കുന്ന ഏർപ്പാട്. മൽസ്യത്തൊഴിലാളികൾ വളരെ സാർവ്വത്രികമായി മീൻപിടിക്കാൻ ഉപയോഗിക്കുന്ന ഒരു സമ്പ്രദായമാണത്. അതുകൊണ്ട് 'കട്ടമരമോ' 'ചാളത്തടിയോ' 'കെട്ടുമരമോ' എന്തായാലും വേണ്ടില്ല ഇതുകൂടി ഈ നിയമത്തിന്റെ നിർവ്വചനത്തിന്റെ പരിധിയിൽപ്പെടുത്തണം. എന്റെ അറിവ് ശരിയാണെങ്കിൽ വളരെ വിപുലമായ തോതിൽ ഉപയോഗിക്കപ്പെടുന്ന ഒരു സംവിധാനമാണിത്. വഞ്ചിയും വള്ളവുമൊക്കെ വളരെ തുച്ഛമാണ്. സാധാരണക്കാരായ മൽസ്യത്തൊഴിലാളികൾ വളരെക്കൂടുതൽ ഈ 'കെട്ടുമരം' മീൻപിടിക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് ഇതുകൂടി ഇതിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഭേദഗതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അറിവിലേക്കായി ഞാൻ പറയുക

LIBRARY ARCHIVES Kerala Legislative Assembly

ാണ് ഗവൺമെൻറിനും ഇതുകൊണ്ട് ഗുണമാണുള്ളത്. അതു കൊണ്ട് ഈ ഭേഗതി മുഖ്യമന്ത്രി സ്വീകരിക്കണം. ഗവൺമെൻറ് ഏത് എന്നുള്ളത് ഞാനിപ്പോൾ നോക്കുന്നില്ല. ഏതു ഗവൺമെൻറായാലും ആ ഗവൺമെൻറിന് സഹായകരമായ നിലയിലാണ് ഈ ഭേഗതി കൊണ്ടുവന്നിട്ടുള്ളത്. ഇതു സ്വീകരിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാനിത് അവതരിപ്പിക്കുന്നു.

Smt. K.R. Gouri: Sir, I move my amendments. (1) In clause 2, sub-clause (d) add the following at the end namely:—

"But does not include a dealer whose annual turnover from dealing in fish does not exceed rupees twenty-four thousand a year".

(2) In clause 2, sub-clause (g) shall be redrafted as follows, namely:—

"(g) "fisherman" means any person engaged mainly in fishing operation or any worker whose main source of income is from processing fish or prawn".

(3) In clause 2, sub-clause (g) shall be redrafted as follows:

"(g) "fisherman" means any person engaged mainly in fishing operations, watchers and other persons, used as workers in prawn-filtration area or fish farms and workers and peelers in prawn peeling sheds, whose main source of income is from these works".

(4) In clause 2, sub-clause (h) item (i) delete the word "and" appearing at the end.

(5) In clause 2, sub-clause (h) item (ii) add the word "and" at the end.

(6) In clause 2, sub-clause (h) after item (ii) add the following as item (iii) namely:—

"(iii) trawlers".

അതിൽ ഒന്നാമത്തെ ഭേഗതി ഡീലറിൻറെ ഡെഫനിഷനാണ്. ഡീലറിൻറെ ഡെഫനിഷനിൽ "dealer" means any person who carries on within the State of Kerala the business of buying and selling fish or processing fish for export or domestic marketing and includes എന്നു ചേർത്തിരിക്കുന്നതും നോക്കുക. commission of the dealer ആയി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ചെറിയ വിൽപ്പനക്കാരെ, ഇതിൽ നിന്ന് ഒഴിപ്പിക്കണം. അതിൽ ഞാൻ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "but does not include a dealer whose annual turnover from dealing in fish does not exceed rupees twentyfour thousand a year". 14-ാമത്തെ വകുപ്പിൽ ഈ നിയമത്തിന് ഗവൺമെൻറു എക്സംപ്ഷൻ പറഞ്ഞിട്ടുണ്ട്. എക്സംപ്ഷൻ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. അതു പോലെ എന്നാണ് എൻറെ അഭിപ്രായം. Government may by notification in the Gazette, exempt any dealer, whose annual turnover from fish does not exceed Rs. 24,000 per annum from all or any of the

LIBRARY ARCHIVES Kerala Legislative Assembly

provisions of this Act, subject to such condition as may be specified in the notification. ഇതു ഞാൻ പറയുന്നത് സാധാരണ സൈക്കിളിൽ വാങ്ങിവിൽക്കുന്നവരും അല്ലാതെ തലച്ചുമടായിട്ട് വാങ്ങിവിൽക്കുന്നവരുമായ ആൾക്കാരുണ്ട്. ചെറിയ കച്ചവടക്കാർ, ജീവിതം ഈ കച്ചവടം കൊണ്ടു കഴിയുന്നവർ എന്നാൽ ഫിഷർമാന്റെ ഡെഫനിഷനിൽ ഫാമിലിയിൽ ഉള്ള dealers സൈക്കിളിലും തലച്ചുമടായിട്ടും വിൽക്കുന്നവരെ മാത്രമേ fishermen ആയി അംഗീകരിക്കൂ. അല്ലാത്തവരെ ചേർക്കുകയില്ല. ഇവർ ഡീലറിന്റെ ഡെഫനിഷനിലും അല്ലാതെസൈക്കിളിലും തലച്ചുമടായും മീൻ വിൽക്കുന്ന ആളുകൾ ഫിഷർമെൻ ആയി അംഗീകരിച്ചു 24,000 രൂപയിൽക്കൂടുതൽ ടേണോവർ ഉള്ളവരാണെങ്കിൽ മാത്രമേ ഡീലറായിട്ട് അംഗീകരിക്കാവൂ എന്നാണ് എന്റെ ഭേദഗതി. ഗവൺമെന്റും അതു ചെറിയ തോതിൽ അംഗീകരിച്ചിരിക്കുന്നു. എന്താണെന്നു വച്ചാൽ ഗവൺമെന്റു പറയുന്നത്, Government may by notification in the Gazette, exempt any dealer. ഓരോ ഡീലറെ സംബന്ധിച്ചും അയാളുടെ കാര്യങ്ങൾ നോക്കി നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്തത് അയാളെ എക്സംപറ്റ് ചെയ്യാമെന്നാണ് പറയുന്നത്. നമ്മുടെ നാട്ടിൽ സൈക്കിളിൽ കച്ചവടം ചെയ്യുന്നവരും, തലച്ചുമടായി മൽസ്യം വിൽക്കുന്നവരുമായ ലക്ഷക്കണക്കിന് ആൾക്കാരുണ്ട്. അവരെ ഓരോരുത്തരേയും ഗവൺമെന്റു നോട്ടിഫൈ ചെയ്തു എക്സംപ്റ്റ് ചെയ്യാമെന്ന് പറഞ്ഞാൽ നടക്കാത്ത കാര്യമാണ്. ഡിസ്ക്ഷൻ നടത്തിക്കഴിഞ്ഞപ്പോൾ നമുക്കുണ്ടായിരുന്ന ധാരണ 24,000 രൂപയോളം ടേണോവറുള്ള ചെറിയ വിൽപ്പനക്കാരെ ഡീലറിന്റെ എക്സംപ്ഷനിൽ ചേർത്ത് അവരെ സാധാരണ നിലയിൽവിട്ട് അവരിൽ നിന്നും dealer contribution രൂപ പിരിക്കുന്നത് ഒഴിവാക്കിക്കൊടുക്കണം എന്നുള്ളതായിരുന്നു. എന്നാൽ ആക്ടിൽ വന്നപ്പോൾ നമ്മുടെ ധാരണയ്ക്കു വിരുദ്ധമായി ഗവൺമെന്റ് ഓരോ കേസിലും നോക്കി നോട്ടിഫിക്കേഷൻ നടത്തുമെന്നാണ് പറയുന്നത്. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്നത് എന്താണെന്നുവച്ചാൽ Government may by notification in the Gazette, exempt any dealer, whose annual turnover from fish does not exceed Rs. 24,000 per annum from all or any of the provisions of this Act, subject to such conditions as may be specified in the notification. എന്നാണ്. ഈ notification ഓരോ കേസും നോക്കി ചെയ്യുന്നത് എളുപ്പമല്ല. ഗവൺമെന്റിനും, ഈ വിഭാഗക്കാർക്കും കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുകയേ ഉള്ളൂ. ഇതൊന്നുമില്ലാതെ 24,000 രൂപക്ക് ടേണോവർ ഉണ്ടാകുന്ന കച്ചവടം നടത്തുന്ന ആളുകളെ ഡീലറിന്റെ കാറ്റഗറിയിൽനിന്നും ഒഴിവാക്കണമെന്നാണ് എനിക്കുള്ള അഭിപ്രായം. മുഖ്യമന്ത്രി അത് എതിർക്കുകയില്ലെന്ന് ഞാൻ വിശ്വസിക്കുകയാണ്. കമ്മറ്റിക്ക് ഉണ്ടായിരുന്ന ധാരണയും അതാണ്. അല്ലെങ്കിൽ ഗവൺമെന്റിന് ഇതുകൊണ്ട് ഒരു ഭാരമാണ് വരാൻ പോകുന്നത്. ഓരോ സൈക്കിൾ കച്ചവടക്കാരനേയും നോട്ടിഫൈചെയ്ത് എക്സംപ്റ്റ്ചെയ്യുകയെന്നുപറഞ്ഞാൽ സാധിക്കുന്ന ഒരു കാര്യമാണോ? സാധിക്കുന്ന കാര്യമല്ല. ഫിഷർമാന്റെ കുടുംബത്തിൽ അല്ലാത്ത ആളുകൾ ഏതെങ്കിലും വിധത്തിൽ വിൽക്കുകയാണെങ്കിൽ അവരെ നോട്ടിഫൈ ചെയ്യണം. ആ വിധത്തിൽ വന്നാൽ അതു സാദ്ധ്യമായിട്ടുള്ള കാര്യമല്ലാത്തതുകൊണ്ട് ഞാൻ പറഞ്ഞിരിക്കുന്ന ഭേദഗതി അംഗീകരിക്കണം. ഞാൻ ആദ്യം സംസാരിച്ചപ്പോൾ അങ്ങ് കുറച്ചു സ്റ്റാറ്റായിട്ട് നിന്നു. രണ്ടാമതു സംസാരിച്ചപ്പോൾ അല്പമൊന്നു മയപ്പെട്ടുവന്നു. അതായതു ഡീലറിനേയും ബാക്കിയുള്ളവരേയുമൊക്കെപ്പറ്റി പിന്നീട് നമുക്കാലോചിക്കാമെന്നുള്ളതായിരുന്നു. എന്നാൽ ഞാൻ മൂന്നാമതു

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചാൽ അവരെക്കൂടി ചേർക്കുമെന്നാണ് എന്റെ ഇപ്പോഴത്തെ വിശ്വാസം.

ഈ വ്യവസായത്തെ സംബന്ധിച്ച് അല്ലെങ്കിൽ മൽസ്യത്തൊഴിലാളി എന്നുള്ളതിനെ സംബന്ധിച്ച് ആധുനികലോകവും വരാൻ പോകുന്ന ഇതിന്റെ വികസനത്തെക്കാണുന്ന ആളുകളും ഞാൻ പറഞ്ഞിട്ടുള്ള ഈ ഡെഫനിഷനിട്ടാൽ നിങ്ങഃക്കിഷ്ടമുള്ളപ്പോഃ അവരെ ചേർത്താൽ മതിയാകും. ഡെഫനിഷൻ ഇതാണ്. ''fisherman'' means any persons engaged mainly in fishing operation or any worker whose main income is from processing fish or prawn''. ഇതാണ് ഞാൻ പറഞ്ഞിട്ടുള്ളത്. കച്ചവടക്കാരെയൊന്നും ഞാൻ ഇതിൽ ചേർത്തിട്ടില്ല. ഇതിൽ അങ്ങേയ്ക്ക് ബുദ്ധിമുട്ടുമില്ല. കാരണം ഈ ഫിഷിങ്ങ് ഹാംസ്, ഫിൽറ്ററേഷൻ ഏരിയ, ഫാക്ടറീസ്, പീലിങ്ങ് ഷെഡ് ഇതുപോലുള്ള സ്ഥലങ്ങളിൽനിന്നും നമ്മഃ കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നുണ്ട്. അവരെ രജിസ്റ്റർ ചെയ്യിക്കണം. അങ്ങനെ രജിസ്റ്റർ ചെയ്യേണ്ടി വന്നു കഴിഞ്ഞാൽ അവിടത്തെ തൊഴിലാളികഃ ആരെന്നുള്ളത് കണ്ടുപിടിക്കാൻ വിഷമമില്ല. വിഷമമുള്ള ഏരിയയൊക്കെ ഈ ഡെഫനിഷനിൽത്തന്നെ ഞാൻ വിട്ടുകളഞ്ഞിട്ടുണ്ട്.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: മൽസ്യം വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ആളുകളെപ്പറ്റിയാണ് ഇതിനകത്ത് പറഞ്ഞിരിക്കുന്നത്. വാങ്ങി അതേപടി വിൽക്കാതെ തൊലികളഞ്ഞ് മീറ്റാക്കി വിൽക്കുന്ന ഏർപ്പാടുണ്ട്. ആ പ്രോസസിൽ പെടുന്നവരെയാണോ ഇതിൽ ഉഃപ്പെടുത്തണമെന്ന് പറയുന്നത്?

ശ്രീമതി കെ.ആർ. ഗൗരി: പ്രോസസ് എന്നു പറഞ്ഞാൽ ഫിഷിങ്ങിന്റെ ഇന്നത്തെ പ്രോസസ് ആണ്. പ്രോസസ് ചെയ്യുന്ന വർക്കർ ആയിരിക്കണം, മുതലാളിയായിരിക്കാൻ പാടില്ല. അതുകൊണ്ടാണ് ഇതിൽ വർക്കർ എന്ന് എഴുതിച്ചേർത്തത്. 'workers engaged in processing operations' എന്നു പറയാൻ കാരണമതാണ്. വർക്കറല്ലാത്ത ആളുകളെ ഇതിൽ ചേർക്കുകയുംവേണ്ട. ചേർക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. നമ്മഃ ഇരുപതാം നൂറ്റാണ്ടിൽ നിന്ന് 21–ാം നൂറ്റാണ്ടിലേയ്ക്ക് പോവുകയാണ് എന്നാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രി പറഞ്ഞത്. നമ്മളൊക്കെ പഴയ ആളുകളാണ്. ഞാൻ 1952–ൽ ഇവിടെ വരുന്നതിനുമുമ്പ് മുഖ്യമന്ത്രി ഈ നിയമസഭയിൽ വരാൻ തുടങ്ങിയതാണ്. അന്നു മുതലേ ഇവിടൊക്കെ മൽസ്യം പിടിത്തം നടക്കുന്നു. ഈ രംഗത്തു വലിയ മാറ്റങ്ങളും വന്നു. ഈ ലോകത്ത് നടക്കുന്ന മാറ്റങ്ങളൊക്കെ കാണുന്നതാണ്. അന്ന് ചൂണ്ടൽകൊണ്ട് മീൻ പിടിക്കുകയും, വള്ളത്തിൽമാത്രം പോയി മീൻപിടിക്കുകയും ചെറിയ വലകൊണ്ട് മീൻ പിടിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് ആളുകഃ മോട്ടറൈസ്ഡ് ബോട്ടുകളും, യമഹയും ട്രോളറുമൊക്കെ ഉപയോഗിച്ചും ആധുനിക രീതിയിലുള്ള വലിയ നെറ്റുകഃ ഉപയോഗിച്ചുമൊക്കെ വളരെ ചെറിയ മീൻവരെ പിടിക്കാൻ കഴിയുന്ന തരത്തിൽ മൽസ്യബന്ധനം വളരെയധികം പുരോഗമിച്ചിരിക്കുന്നു. ഇവിടെ ചെമ്മീൻകൊണ്ട് ബിസ്ക്കറ്റ് ഉണ്ടാക്കി കയറ്റി അയയ്ക്കുന്നുണ്ട്. പ്രോസസിങ്ങ് വന്നു. അവിടെയും മാറ്റങ്ങഃ വന്നുകൊണ്ടിരിക്കുന്നു. അതിൽ ജോലിചെയ്യുന്ന തൊഴിലാളികളെക്കൂടി ഈ നിയമത്തിൽ ഉഃപ്പെടുത്തണം. ഗവൺമെന്റിന് കാശുണ്ടാക്കിത്തരുന്നവരാണിവർ. ഇപ്പോഴ

LIBRARY ARCHIVES Kerala Legislative Assembly

160 കോടി രൂപ ഇതുമൂലം വിദേശനാണ്യം കിട്ടുന്നുണ്ട്. ഇപ്പോഴും നെൽകൃഷി വളരെ കുറവാണ്. അതിനുപകരം ഫിൽട്ട റിങ്ങ് ഏരിയായാണ് ഉള്ളത്. നെല്ലിന്റെ ഡഫനിഷൻ തന്നെ മാറാൻ കാരണം നെൽകൃഷിയുടെ കുറവായതാണ്. ഈ ഫിൽട്ടറിങ്ങ് ഏരിയാ യിലെ വാച്ചർമാരെയും മറ്റു തൊഴിലാളികളേയും ഈ നിയമത്തിൽ ചേർക്കണം. സർ, ഈ വർക്കറെക്കൂടി അംഗീകരിക്കത്തക്കവിധത്തിൽ ഭേഗതി അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മൂന്നാമത്തേത്, 'delete the word "and" appearing at the end. അതിൽ ട്രോളേഴ്സ് എന്നുകൂടി ചേർക്കണം. കടലിൽ ട്രോളറിൽ മൽസ്യം പിടിക്കാൻ പോകുന്ന തൊഴിലാളികൾ ലക്ഷക്കണക്കിന് രൂപയുടെ മൽസ്യവുംകൊണ്ട് 25-ഉം, 30-ഉം ദിവസം കഴിഞ്ഞാണ് തിരിച്ചു വരുന്നത്. ഈ ട്രോളറിന് contribution അയ്യായിരം രൂപകൂടി ചേർക്കണം. ഈ ഭേഗതികൾ അംഗീകരിക്കും എന്നുള്ള വിശ്വാസത്തോടുകൂടി ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: എനിക്ക് കൂടുതലൊന്നും പറയാ നില്ല. രണ്ടാമത്തെ ക്ലാസിനെക്കുറിച്ച് സെലക്ട് കമ്മിറ്റിയുടെ റിപ്പോർ ട്ടിൽ അഞ്ചാമത്തെ പാരഗ്രാഫിൽ പറഞ്ഞിട്ടുണ്ട്. അച്ചടിച്ചതിൽ അതില്ല. അതുകൊണ്ട് അത് റിസ്റ്റോർ ചെയ്യണമെന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇവിടെ ബഹുമാന പ്പെട്ട വർക്കല രാധാകൃഷ്ണനും ബഹുമാനപ്പെട്ട കാനംരാജേന്ദ്രനും ബഹുമാനപ്പെട്ട ഗൗരിയമ്മയും അവതരിപ്പിച്ച ഭേഗതി പ്രകാരം "buying and selling" അല്ലാതെ "buying or selling" എന്നു വന്നുകഴിഞ്ഞാൽ രണ്ടിനത്തിലും ടാക്സ് ചെയ്യാമെന്നുള്ള ഒരു ബുദ്ധിമുട്ട് വരുന്നു. അതുകൊണ്ട് ആണ് 'ബയിങ്ങ് ആൻഡ് സെല്ലിങ്ങ്" എന്നു വച്ചത്. അല്ലെങ്കിൽ ഓരോ പോയിൻറിനും അവർക്ക് ടാക്സ് ചെയ്യാൻ സാധിക്കും. അത് ദോഷമായിട്ട് വരും. ശ്രീ. കാനം രാജേന്ദ്രന്റെ 4-ാമത്തെ ഭേഗതി അക്സപ്റ്റ് ചെയ്യാം. അതൊരു അഡിഷനാണ്. മറ്റുള്ള ഭേഗതികൾ സ്വീകരിക്കാൻ നിവൃത്തിയില്ല. ശ്രീമതി ഗൗരിയമ്മ പറഞ്ഞ ഭേഗതി സ്വീകരിക്കാൻ നിവൃത്തിയില്ല. ചെമ്മീൻകൊണ്ട് ഉപജീവനം കഴിക്കുന്ന ആളുകൾ എന്നുള്ള വ്യാഖ്യാനം അംഗീകരിച്ചാൽ ഫാക്ടറിത്തൊഴിലാളികൾ കൂടി ഇതിൽ വരും. ഈ വിഭാഗത്തിനു വേണ്ടി എന്തുചെയ്യാൻ കഴിയുമെന്ന് ഇത് നടപ്പിലാക്കുന്ന അവസരത്തിൽ നോക്കി എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ ഒരു ഭേഗതികൊണ്ടുവരാൻ പോലും വിരോധമില്ല. പക്ഷേ ഇത് അടിസ്ഥാനപരമായിട്ട് പരമ്പരാഗത തൊഴിലാളികൾക്കുള്ള ഒരു നിയമമായതുകൊണ്ട് സ്വീക രിക്കാൻ നിവൃത്തിയില്ല. അതിൽ ഞാൻ ഖേദിക്കുന്നു. ശ്രീ. കാനം രാജേന്ദ്രന്റെ 4-ാമത്തെ ഭേഗതി അംഗീകരിക്കാം.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഒന്നാമത്തെ ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതികൾ (നമ്പർ 2,3) സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച In clause 2, Subclause (h) item (ii) delete the words "engaged in fishing" എന്ന ഭേഗതി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരം 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

3-ാം വകുപ്പ്

Sri Kanam Rajendran: Sir, I move my amendments: (1) In Clause 3 after sub-clause (1) add the following as sub-clause (2) and re-number the remaining sub-clauses, namely:—

"(2) The Scheme framed under sub-section (i) shall be laid, as soon as may be after it is framed, before the Legislative Assembly, while it is in session for a total period of fourteen days which may be comprised in one session or in two successive sessions and if before the expiry of the session in which it is so laid or the session immediately following, the Legislative Assembly makes any modification in the Scheme, the Scheme shall, thereafter have effect only in such modified form; so however that any such modification shall be without prejudice to the validity of anything previously done under the Scheme".

(2) In clause 3, sub-clause 2(d) after the words "or the State Government" and the following namely:—

"or any Statutory Corporation or Board".

(3) In clause 3, sub-clause (4) after item (f) add the following items as items (g) and (h) add reletter the remaining item namely:—

"(g) for payment of loans or grants to fishermen to meet the expenses in connection with the constuction or repair of his dwelling house"

"(h) for the payment of loans and grants to fishermen for the purchase of fishing boat, nets, or such other fishing contrivances".

സർ, ആദ്യത്തെ ഭേദഗതി, ഇതിന്റെ സ്കീം തയ്യാറാക്കുന്നതിനെ സംബന്ധിച്ചു സ്കീം തയ്യാറാക്കിയതിനു ശേഷം അത് നിയമസഭയിൽ വെയ്ക്കുന്നതിനെ സംബന്ധിച്ചുള്ളതാണ്. സ്കീം തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ക്ലാസ് 3-യിൽ സബ് ക്ലാസ് (1) ആയി പറയുന്നുണ്ട്. അതിന്റെ താഴെ ഒരു പുതിയ ക്ലാസ് ചേർക്കണമെന്നാണ് എന്റെ ഭേദഗതി. അതിൽ പറയുന്നത്,

"(2) The Scheme framed under sub-section (i) shall be laid, as soon as may be after it is framed, before the Legislative Assembly, while it is in session for a total period of fourteen days which may be

LIBRARY ARCHIVES Kerala Legislative Assembly

compriced in one session or in two successive sessions and if before the expiry of the session in which it is so laid or the session immediately following the Legislative Assembly makes any modification in the Scheme, the Scheme shall, thereafter have effect only in such modified form; so however that any such modification shall be without prejudice to the validity of anything previously done under the Scheme'' എന്നാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഈ നിയമത്തിൽ തന്നെ ലേയിംഗ് പ്രൊവിഷൻ 27–ാം ക്ലാസിൽ ചേർത്തിട്ടുണ്ട്. ലേയിംഗ് പ്രൊവിഷനിൽ പറയുന്നത്, Lying of rules and notification before the Legislative Assembly എന്നാണ്. ഈ സ്കീം ഉണ്ടായതിനു ശേഷം സെക്ഷൻ 6 അനുസരിച്ച് ഉണ്ടാകുന്ന ഏതൊരു റൂളും നിയമസഭയുടെ മുമ്പാകെ ലേ ചെയ്യണമെന്ന് പറയുന്നുണ്ട്. സെക്ഷൻ '6' സ്കീമിന്റെ മോഡിഫിക്കേഷനെ സംബന്ധിച്ചാണ് പറയുന്നത്. ഇതിനു മുമ്പ് ഉണ്ടായിട്ടുള്ള നിയമത്തിൽ, ഉദാഹരണമായി കർഷകത്തൊഴിലാളി നിയമം തയ്യാറാക്കിയ സമയത്ത് അതിന്റെ സ്കീം നിയമസഭയുടെ മുമ്പാകെ ലേ ചെയ്യണമെന്ന് പ്രൊവിഷനുണ്ടായിരുന്നു. ഇന്ന് പല സന്ദർഭങ്ങളിലും പുതിയ തീരുമാനങ്ങളെടുക്കുമ്പോൾ ബോർഡും മറ്റേതെങ്കിലും അതോറിറ്റിയും തയ്യാറാക്കുന്ന സ്കീമിന്റെ മുകളിൽ അതിനെക്കുറിച്ച് പരിശോധിക്കാനോ പഠിക്കാനോ ഭേഗതി അവതരിപ്പിക്കാനോ ഈ നിയമസഭയിൽ അവകാശമില്ലാത്ത സാഹചര്യമുണ്ടായിരുന്നു. ലാ ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം, അവർ സാങ്കേതികമായി അഭിപ്രായം പറയുമ്പോൾ സ്കീം ഒരു റൂളല്ല എന്നു പറയും. ഈ സ്കീം റൂളല്ല എന്നു പറയുന്നതുകൊണ്ട് സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റിയുടെ പരിശോധനയോ നിയമസഭയുടെ സ്ക്രൂട്ടിനിയോ ഒരു കാരണവശാലും ഈ നിയമത്തിൽ ഉണ്ടാകുന്നില്ലാ എന്നതാണ് സത്യം? അതുകൊണ്ട് സ്കീം മോഡിഫൈ ചെയ്താലും ഇപ്പോൾ ബോർഡ് തയ്യാറാക്കിക്കൊണ്ടിരിക്കുന്ന സ്കീം മോഡിഫൈ ചെയ്താൽ നിയമസഭയിൽ ലേ ചെയ്യണം. എന്നാൽ അങ്ങനെയുണ്ടാകുന്ന സ്കീം നിയമസഭയിൽ ലേ ചെയ്യണ്ട ആവശ്യമില്ലായെന്നാണ് ഇപ്പോൾ ഈ നിയമം അനുസരിച്ച് വരുന്നത്. അതുകൊണ്ട് നിയമസഭയുടെ അവകാശമൊക്കെ ഇത്തരം ഒരു കാര്യത്തിൽ . സംരക്ഷിക്കണം. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും പണം ചെലവഴിച്ച് നടപ്പിലാക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് നടത്തുന്നതെന്ന് പരിശോധിക്കുന്നതിന് നിയമസഭയ്ക്ക് ഒരു അവകാശം വേണം. ഭേഗതികൾ അവതരിപ്പിക്കാനുള്ള സൗകര്യം വേണം; ഈ അർത്ഥത്തിലാണ് 46–ാം നമ്പർ ഭേഗതി, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഭേഗതിയാണ്, കാതലായ വശമാണ് എന്നു പറഞ്ഞത്. അതുകൊണ്ടാണ് ഈ ഭേഗതി ഞാൻ അവതരിപ്പിക്കുന്നത്.

രണ്ടാമത്തെ ഭേഗതി, ഏതെങ്കിലും ഫണ്ട് സ്വീകരിക്കുന്നതിനെ സംബന്ധിച്ച് പറയുമ്പോൾ അതിന്റെകൂടെ, ''Government of India or the State Government'' എന്നു പറഞ്ഞതിനുശേഷം ''Any statutory Corporation or Board'' എന്നുകൂടി ചേർക്കണം എന്നുള്ളതാണ്. അത് വിശദീകരിക്കേണ്ട ആവശ്യമില്ല.

അടുത്തത് അവസാനത്തെ ഭേഗതിയാണ്. ഇതിൽ സബ്ക്ലാസ് 4–ന് താഴെ എന്തെല്ലാം സഹായങ്ങളാണ് തൊഴിലാളികൾക്ക് നൽകേണ്ടതെന്നു പറയുമ്പോൾ ഇത് 1, 2, 3 എന്നു പറഞ്ഞിട്ടുണ്ട്. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രധാനമായി ഈ തൊഴിലാളികൾക്ക് പ്രകൃതിക്ഷോഭംമൂലം നഷ്ടം ഉണ്ടായാൽ അവർക്കു സഹായം നൽകുക, വാർദ്ധക്യകാല സഹായങ്ങളും നൽകുക തുടങ്ങിയ പല പദ്ധതികളും പറയുന്നുണ്ട്. ഇവരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട കാര്യമാണ് വേന നിർമ്മാണം. മൽസ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിച്ചു കൊടുക്കാൻ ഉള്ള പദ്ധതി കൂടി ഇതിൽപ്പെടുത്തണം എന്നതാണ് എന്റെ ഭേദഗതി. അതോടൊപ്പം തന്നെ അവർക്ക് വളവും വലയും നന്നാക്കുന്നതിനും, ആവശ്യമായ പരിഷ്കാരങ്ങളും വരുത്തുന്നതിനും ആവശ്യമായ ധനസഹായം നൽകണമെന്നതാണ് അവസാനത്തെ ഭേദഗതിയിൽ പ്രധാനമായും ചേർത്തിട്ടുള്ളത്.

Smt. K.R. Gouri: Sir, I move that in clause 3 for sub-clause (4) (f) substitute the following namely:—

"(f) to provide for old age pension to fishermen whose family income does not exceed five thousand rupees in a year".

Explanation:—For the purpose of this section family means father, mother and unmarried sons who live together".

ബില്ലിൽ (എഫ്)—ൽ പറഞ്ഞിരിക്കുന്നത്, "to provide old age assistance to fishermen". എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ അത് കൺവർട്ട് ചെയ്ത് പെൻഷൻ ആക്കുന്ന കാര്യം ആലോചിക്കാമെന്നു പറഞ്ഞു. അങ്ങനെ പറഞ്ഞതിന് എന്റെ ഭേദഗതി, പെൻഷനാക്കണമെന്നും പെൻഷൻ ഒരു കുടുംബത്തിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴോട്ടുള്ള ആളുകൾക്ക് കൊടുക്കത്തക്കവിധത്തിൽ ആ കുടുംബം എങ്ങനെയായിരിക്കണമെന്നത് ഡിഫൈൻ ചെയ്യണമെന്നുമാണ്.

അതുപോലെ ശ്രീ. കാനം രാജേന്ദ്രൻ ഇവിടെ കെട്ടിടം റിപ്പെയർ ചെയ്യുന്നതിന് ഗ്രാന്റും ലോണും കൊടുക്കത്തക്കവിധത്തിൽ ഒരു പ്രൊവിഷൻകൂടി ചേർക്കണമെന്നുപറഞ്ഞ് ഭേദഗതി അവതരിപ്പിച്ചിട്ടുണ്ട്. "Fishermen Welfare Societies Act" അനുസരിച്ച് അനേകം വെൽഫയർ മെഷേഴ്സ് ഗ്രാമസംഘങ്ങളും ചെയ്യുന്നുണ്ട്. രണ്ടു നിയമവും നടപ്പിലാകുമ്പോൾ ഓവർലാപ്പിംഗ് ആയി അനേകം വെൽഫയർ മെഷേഴ്സുണ്ട്; ഉപകരണങ്ങൾ വാങ്ങൽ, ഓംഡേജ് അസിസ്റ്റൻസ് സോഷ്യൽ മെഷേഴ്സ്, വീടിന് കാശ് മുതലായവ. അതിൽ വീട് മെയിൻറനൻസുകൂടി ചേർക്കുന്നത് നന്നായിരിക്കും. ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതിയും ഞാൻ അംഗീകരിക്കുന്നു.

അതുപോലെതന്നെ, "function of Co-operative Society" എന്നു പറഞ്ഞ് തന്നിരിക്കുന്നതിൽ, ഇന്ന് ഈ നിയമത്തിൽ കൊടുത്തിരിക്കുന്ന എന്തിനെല്ലാം വേണ്ടി ഈ ഫണ്ടുപയോഗിക്കുമെന്ന് പറഞ്ഞിരിക്കുന്നതും ഇതിൽ കൊള്ളിച്ചിട്ടുണ്ട്. അപ്പോൾ ഓവർലാപ്പിംഗ് കാണും. ഏതെങ്കിലും ഒന്ന് ഒഴിവാക്കിക്കൊണ്ട് ഇതിലേക്ക് മാറ്റിത്തീർക്കത്തക്കവിധത്തിലുള്ള നടപടി സ്വീകരിക്കുകയാണെങ്കിൽ ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൂടെ ഇതിൽ ചേർക്കണം. സൈമൾട്ടേനിയസായിട്ടും ഓവർലാപ്പിംഗില്ലാതെയും ഏതെങ്കിലും ഒന്ന് (ബോർഡ് അല്ലെങ്കിൽ ഗ്രാമസംഘം) നടപടികളിലേക്ക് വരികയാണെങ്കിൽ ഈ രണ്ടു ഭേദഗതികളും അത്യാവശ്യമായിട്ടുള്ളതാണ്. അതുകൊണ്ട് അതുംകൂടി അംഗീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

Shri Varkala Radhakrishnan: Sir, I move that in clause 3, sub-clause (4) after item (f) add the following as item (ff) namely:—

"(ff) to provide unemployment wages during lean months".

ഒരു പുതിയ ഫണ്ടിന്റെ വിനിയോഗത്തെസംബന്ധിച്ച് ക്ലാസ്–3 Sub clause (4)-ൽ The fund may be utilised for all or any of the following purposes, namely:—അതിന്റെ പർപ്പസ് പറയുന്നുണ്ട്. അതിൽ ഒരു സ്ഥലത്ത്, "day to day expenditure during lean months" എന്നുണ്ട്. അത് പോര. തൊഴിലാളികളുടെ ഒരു അവകാശമെന്നുള്ളനിലയ്ക്ക് "to provide unemployment wages during lean months" എന്നു ചേർക്കണം. കടപ്പുറത്തുള്ള പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ മൽസ്യമില്ലാത്ത മാസങ്ങളിൽ കൊടുംപട്ടിണിയിലാണ്. അവരുടെ ആഭരണങ്ങളും വള്ളവും വലയും വഞ്ചിയുമൊക്കെ പണയം വയ്ക്കും. നെറ് പണയം വയ്ക്കും. കെട്ടുതാലിവരെ പണയം വച്ചിട്ടാണ് മീൻപിടിത്തമില്ലാത്ത മാസങ്ങളിൽ അവർ കഴിഞ്ഞുകൂടുന്നത്. പൂർണ്ണമായും തൊഴിലില്ലായ്മ അനുഭവപ്പെടുന്ന കാലമാണ്. അതുകൊണ്ട് ആ ഫണ്ട് വിനിയോഗിക്കുന്നെങ്കിൽ തൊഴിലില്ലായ്മ വേതനം കൊടുക്കാനായിട്ടുതന്നെ ഉപയോഗിക്കണം. സൗജന്യമായിട്ടല്ല. തൊഴിലാളികളുടെ ഫണ്ടല്ലേ? ആ ഫണ്ട് വിനിയോഗിക്കുമ്പോൾ ഇത് വളരെ അത്യാവശ്യമായ ഒരു ഭേദഗതിയാണ്. ശ്രീ. ദിനകരൻ ഏത് നിലയിലാണെന്ന് അറിഞ്ഞുകൂടാ. തൊഴിലില്ലായ്മ വേതനം മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കണം. തൊഴിലില്ലായ്മ രൂക്ഷമാകുന്നത് പ്രകൃതിയുടെ ആക്ഷൻകൊണ്ടാണ്. ആ കാലത്ത് തൊഴിലില്ലായ്മ വേതനം കൊടുക്കണം. ഇതിന്റെ പർപ്പസിൽ എഴുതിച്ചേർക്കണം. അതാണ് ഒരു ഭേദഗതി. രണ്ടാമത്തേത് നേരത്തേ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ട് അതെക്കുറിച്ചൊന്നും പറയുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ ഭേദഗതികളൊന്നും സ്വീകരിക്കാൻ സാധിക്കാത്തതിൽ ഖേദമുണ്ട്. ഇവിടെ വിശദീകരിച്ച കാര്യങ്ങൾക്ക് ഈ നിയമത്തിൽ വേണ്ടിടത്തോളം പ്രൊവിഷനുണ്ട്. ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ ഇതിൽ ഒന്നിലധികം കാര്യങ്ങൾ ഡ്യൂപ്ലിക്കേഷൻ വരാതിരിക്കാൻ വേണ്ടിയാണ് വളരെ ബ്രോഡായിട്ടുവച്ചിട്ട് ഈ ബോഡിക്ക് ഏതൊക്കെ ചെയ്യണമെന്ന് തീരുമാനിക്കാൻ പ്രൊവിഷൻ വച്ചിട്ടുള്ളത്. ഫിഷർമെൻ വെൽഫയർ സൊസൈറ്റീസ് ആക്ടനുസരിച്ച് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. നാപ്പാറൽ കലാമിറ്റീസിന് ഗവൺമെന്റിൽനിന്ന് കൊടുക്കുന്ന അസിസ്റ്റൻസുണ്ട്. പക്ഷെ അതിൽ എത്രവരും. അതിൽ എന്തെങ്കിലും തരത്തിൽ സഹായം അഡീഷണലായിട്ട് വേണമോ ഇതൊക്കെ ഒരു നിയമത്തിൽ വ്യാഖ്യാനിച്ചുകൊണ്ടുവരുമ്പോൾ ചിലത് വിട്ട് ചിലത് അഡീഷണലായിട്ട് വരും. അത് ഉപേക്ഷിക്കാൻവേണ്ടിയാണ് ആ സ്കീം പൂർണ്ണമായും തയ്യാറാക്കാനുള്ള അവകാശം ഈ ബോഡിക്ക് കൊടുക്കുന്നത്.

ശ്രീ. കാനംരാജേന്ദ്രന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളതുപോലെ അസംബ്ലിയിൽവച്ച് ഡിസ്ക്കസ് ചെയ്യുന്നതിനൊക്കെ കുറച്ച് താമസം ഉണ്ടാകും. ഇതെല്ലാം പ്രായോഗികമായിവരുമ്പോൾ നമുക്ക് ഏതെങ്കിലും സ്റ്റേറ്റിൽ ആലോചിക്കേണ്ടിവരികയാണെങ്കിൽ ആലോചിക്കാം. ഇന്നത്തെനിലയിൽ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: ഇവിടെ രണ്ടുമൂന്ന് ക്ഷേമനിധി ബില്ലുകൾ വന്നു. മോട്ടോർ ട്രാൻസ്പോർട്ടിന്റെ വന്നു, ചുമട്ടുതൊഴിലാളിക്ഷേമനിധിബിൽ വന്നു. ഇതിന്റെയൊക്കെ സ്കീം തയ്യാറാക്കിയതിനെപ്പറ്റി നമുക്കാർക്കും ഒന്നും അറിയില്ല. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ മുമ്പാകെ വന്നിട്ടില്ല. നിയമസഭയുടെ മുമ്പാകെ വന്നിട്ടില്ല. ചർച്ചചെയ്യാൻ അവസരമില്ല. സബ്ജക്ട് കമ്മിറ്റിയിൽ പോലും പോകാതെ നോട്ടിഫിക്കേഷനായിട്ട് ഇഷ്യൂചെയ്യുന്ന പതിവുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഈ സഭയുടെ ഒരു അവകാശമെന്നുള്ള നിലയിൽ കാലതാമസത്തിന്റെ പ്രശ്നമല്ല സ്കീം തയ്യാറാക്കുമ്പോഴും നിയമസഭയുടെ അറിവോടുകൂടി വേണമെന്നുള്ളതാണ്. അങ്ങ് ഇതിന് അനുകൂലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: പ്രായോഗികമായ ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, ഇതിൽ ഒരു പ്രധാന കാര്യം ശ്രീ. രാജേന്ദ്രനും പറഞ്ഞില്ല. ഇത് റിപ്പർഷൻ ഉണ്ടാക്കുന്നതാണ്. ഒരിടത്ത് ഒരു സ്കീം ഉണ്ടാക്കി ഇഷ്ടംപോലെ നടപ്പാക്കികഴിഞ്ഞാൽ അതിന്റെ റിപ്പർഷൻ അടുത്ത വ്യവസായമേഖലയിൽവരും. ഇതിന്റെകൂടെ തന്നെ ഗവൺമെന്റ് സ്കീം പരിശോധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. സഭയ്ക്ക് ഉണ്ടാകേണ്ട അവകാശം ഗവൺമെന്റ് അപഹരിക്കുകയാണ്. നമ്മളാണ് പണം പിരിക്കാനുള്ള സൗകര്യം കൊടുക്കുന്നത്. നമ്മളും അറിയുകയും കൂടി വേണം. ആ പ്രിൻസിപ്പിൾ വച്ചിട്ടാണ് സ്കീം വേണമെന്ന് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഗവൺമെന്റ് ഹൗസിനോട് റെസ്പോൺസിബിളാണ്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ക്ലാസ് 3 ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

4-ാം വകുപ്പ്

Smt. K R. Gouri: Sir, I move my amendments: (1) In clause 4 sub-clause (1) add the following at the end "or three per cent of the wages earned by him in a year".

(2) In clause F sub-clause (3) (b) add the following as item (v), namely:—

"(v) Trawler Rs. 5000 per month per trawler for nine months".

LIBRARY ARCHIVES Kerala Legislative Assembly

(3) In clause 4, in the Explanation at the end of sub-clause (5), for the words ''paddy land'' substitute the words ''any area where paddy is cultivated at any time during a year''.

ഒന്നാമത്തെ ഭേദഗതി ഫിഷർമാന്റെ ഡെഫനിഷൻ വലുതാക്കണമെന്നു വിചാരിച്ചാണ് എഴുതിയത്. ഈ ഭേദഗതി ഇന്ന് ആവശ്യമാണ്. കാരണം ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാൽ ഉടൻതന്നെ നടപ്പാക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 'പിടിക്കുന്ന ഫിഷിന്റെ' എന്ന് മാത്രം മാറാതെ അവർക്ക് കിട്ടുന്ന കൂലിയുടെ 3 ശതമാനംകൂടി ഈടാക്കത്തക്കവിധത്തിലുള്ള നടപടി ഉണ്ടാകണം.

രണ്ടാമത്തേത് ട്രോളറിന്റെ കാര്യമാണ്. അദ്ദേഹം പറഞ്ഞു ട്രോളർ ഉണ്ടെന്നേ. ഇതിൽ നോക്കിയിട്ട് കാണാത്തതുകൊണ്ടാണ് ഞാൻ എഴുതിയത്. ഇതിൽ ''.....mechanised Boat about 35 Horsepower'' എന്നേ പറഞ്ഞിട്ടുള്ളു. ട്രോളർ അല്ല. മെക്കനൈസ്ഡ് ബോട്ട് മാത്രമേ പറഞ്ഞിട്ടുള്ളു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അത് ഇൻക്ലൂഡ് ചെയ്യുന്നതാണ്.

ശ്രീമതി കെ.ആർ. ഗൗരി: മൂന്നാമത്തെ ഭേദഗതി പാഡി ലാൻഡിന്റെ ഡെഫനിഷൻ ഒന്നുകൂടി ശരിയാക്കിയെന്നുള്ളതേയുള്ളു. Paddy land definition ''For the words 'paddy land' substitute the words 'any area where paddy is cultivated at any time during a year'.....'' ഞങ്ങളുടെ നാട്ടിലെ കൃഷിവച്ചുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലുമൊരു പ്രാവശ്യമായിരുന്നാലും കൃഷിചെയ്യുന്നത് പാഡി ലാൻറാണെന്ന വരത്തക്കവണ്ണം ഡെഫനിഷൻ മാറണമെന്ന് മാത്രമേയുള്ളു. പാഡി ലാൻഡ് എന്നുപറഞ്ഞാൽ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻവേണ്ടിയാണ് കൊല്ലത്തിൽ ഏതെങ്കിലുമൊരു പ്രാവശ്യമെങ്കിലും നെൽക്കൃഷി നടത്തുന്ന നിലങ്ങളെ ഒഴിവാക്കുകയെന്നു പറഞ്ഞത്. ഇത് മൂന്നുമാണ് എന്റെ ഭേദഗതി. അതിൽ ട്രോളർ അംഗീകരിച്ചു. മറ്റ് ഭേദഗതികളും അംഗീകരിക്കുമെന്നാണ് എന്റെ വിശ്വാസം. പരമ്പരാഗത മൽസ്യത്തൊഴിലാളികളിൽ, തൊഴിലാളികളായിട്ട് ജോലിചെയ്യുന്നവരുമുണ്ട്. സൊസൈറ്റി ഫോം ചെയ്യുന്നതിന് നോട്ടിഫിക്കേഷൻ വേണം. സൊസൈറ്റി ഉണ്ടായിട്ടുണ്ട്. പ്രോസസ് ഒന്നും നടന്നിട്ടില്ല. സാധനങ്ങളെല്ലാം വാങ്ങിച്ച് തൊഴിലാളികൾക്ക് കൊടുത്തിട്ടില്ല. അതുകൊണ്ടാണ് കൂലിയുടെ മൂന്നു ശതമാനം കളക്ട് ചെയ്യണമെന്ന വിധത്തിൽ പറഞ്ഞത്. അത് അംഗീകരിക്കുമെന്നാണ് തോന്നുന്നത്.

Shri. Kanam Rajendran: Sir, I move my amendments: (1) In clause 4, sub-clause (2) for the words ''one per cent'' substitute the words ''two per cent''.

(2) In clause 4 in the second proviso to sub-clause (2) for the words ''one per cent'' substitute the words ''two per cent''.

(3) In clause 4, sub-clause (8) (b) in the column againts item (iv) above 35 GRT for the figures ''1000'' substitute the figures ''2000''.

LIBRARY ARCHIVES Kerala Legislative Assembly

(4) After sub-clause (6) of clause 4, add the following as sub-clause (7) and renumber the remaining sub clauses:-

"(7) The amount deducted from the wages or remuneration under sub-section (6) shall be remitted to the fund within seven days from such deduction".

ഒന്നാമത്തെ ഭേഗതിയിൽ കോൺട്രിബ്യൂഷൻ തീരുമാനിച്ചിരിക്കുന്നത് ഒരു ശതമാനമാണ്. ഒരു ശതമാനമെന്നുള്ളത് രണ്ടുശതമാനമായി വർദ്ധിപ്പിക്കണം.

രണ്ടാമത്തെ ഭേഗതി സബ്സിഡൈസർായിട്ടുള്ള ഭേഗതിയാണ്. മൂന്നാമത്തെ ഭേഗതി സബ്ക്ലാസ് 4—ൽ മുഖ്യമന്ത്രി ഇവിടെ പറഞ്ഞു above 35 G R T എന്നു പറയുന്നതിനകത്ത് ട്രോളർകൂടി ഇൻക്ലൂഡ് ചെയ്യുമെന്ന്. ട്രോളർ ഇല്ല. പ്രോസസ്സിങ്ങിനും മറ്റും സൗകര്യമുള്ള ബോട്ടുകളും ഇല്ല. ഫിഷിങ്ങിൽ ഏറ്റവും കൂടുതൽ പണം ഉണ്ടാക്കുന്നതായിട്ടുള്ള, ഏറ്റവുംകൂടുതൽ ക്യാച്ച് കിട്ടുന്നതായിട്ടുള്ള വെസൽസിനു ഇപ്പോഴും നിശ്ചയിച്ചിട്ടുള്ളത് ആയിരംരൂപ ഒൻപതു മാസത്തേയ്ക്കുള്ളതാണ്. ട്രോളർകൂടി ഉൾപ്പെടുമെന്നുണ്ടെങ്കിൽ ശ്രീമതി ഗൗരിയമ്മ പറഞ്ഞു അയ്യായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന്. അങ്ങനെയാണെങ്കിൽ ആയിരം എന്നുള്ളത് രണ്ടായിരമായിട്ടെങ്കിലും വർദ്ധിപ്പിക്കേണ്ടതാവശ്യമാണ്. അതാണ് എന്റെ ഭേഗതി. തൊഴിലാളികളിൽനിന്നും കോൺട്രിബ്യൂഷൻ വാങ്ങിക്കുന്നുണ്ട്. വാങ്ങിക്കുന്ന പണം തിരിച്ച് അടയ്ക്കുന്നതു സംബന്ധിച്ച് ടൈംലിമിറ്റ് നിശ്ചയിച്ചിട്ടില്ല. ഇന്ന് പല ക്ഷേമനിധികളിലും പണം പിടിക്കുന്നുണ്ടെന്നുള്ളതല്ലാതെ പണം അടയ്ക്കുന്നില്ലെന്നുള്ള പ്രശ്നം ഉണ്ടായിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ റവന്യൂറിക്കവറി നടപടി എടുക്കേണ്ട സാഹചര്യമുണ്ടാകും. പണം അടയ്ക്കുന്നതിനു ടൈംലിമിറ്റ് വയ്ക്കണം. തൊഴിലാളികളിൽ നിന്നും പിടിച്ചെടുത്തിട്ടുണ്ടെങ്കിൽ ഏഴ് ദിവസത്തിനുള്ളിൽ ആ പണം അടയ്ക്കണമെന്നുള്ളതാണ് എന്റെ ഭേഗതി. ഈ ഭേഗതികൂടി ബില്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ഉപകരിക്കും. ഈ ഭേഗതികൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri K.V. Surendranath: Sir, I move that, in Clause 4, sub-clause (3) (b) in column against items (iii) and (iv) for the figures "400" and "1000" substitute the figures "600" and "1500" respectively. 400 എന്നുള്ളത് 600 ആയിട്ടും 1000 എന്നുള്ളത് 1500 ആയിട്ടും വർദ്ധിപ്പിക്കണമെന്നാണ് എന്റെ ഭേഗതി. കാരണം ഞാൻ നേരത്തേ പറഞ്ഞു. അവർക്കാണ് ഇതിന്റെ ഭാരം വഹിക്കാൻ കഴിവുള്ളത്. ഫണ്ട് സ്വരൂപിക്കാൻ ഇത് ആവശ്യമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ഭേഗതിയെ അനുകൂലിച്ചുകൊണ്ട് ഒരു കാര്യമാണ് പറയാനുള്ളത്. ഈ ഫണ്ടിനു ആവശ്യമായ ധനം സംഭരിക്കണം. അതിനുള്ള മാർഗ്ഗത്തിൽ ഒന്നാണ് ഡീലർക്ക് ഒരു ശതമാനം നിശ്ചയിച്ചിട്ടുള്ളത്. ഇന്ന് നിശ്ചയിച്ചിരിക്കുന്ന ഒരു ശതമാനം നോമിനൽ ആയിപ്പോയി. അതുകൊണ്ട് രണ്ട് ശതമാനമായി വർദ്ധിപ്പിക്കണം. വർദ്ധിപ്പിക്കുന്നതുകൊണ്ട് തൊഴിലാളിക്ക് ഗുണമല്ലാതെ ദോഷം ഉണ്ടാവുകയില്ല. മാത്രമല്ല ഇന്നത്തെ വർദ്ധിച്ചുവരുന്ന ചെലവും മറ്റും കണക്കി

LIBRARY ARCHIVES Kerala Legislative Assembly

ലെടുത്തുനോക്കിയാൽ ഒരു ശതമാനം നെഗ്ലിജിബിളും എമൗണ്ടായി ത്തീരാനേ സാധ്യതയുള്ളു. ആ നിയമത്തിൽ വേറൊരു വ്യവസ്ഥ യുണ്ട്. രണ്ടുമൂന്നുകൊല്ലങ്ങൾക്ക് ഇത് ബാധകമല്ലെന്നുംകൂടി എഴു തിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. ഒരുശതമാനമെ ന്നുള്ളത് കുറവാണ്, രണ്ടുശതമാനമായി വർദ്ധിപ്പിക്കണം. ഇതിന്റെ ഉദ്ദേശലക്ഷ്യം സാധിതപ്രായമാകണമെന്നാണ് ഗവൺ മെന്റ് ആഗ്രഹിക്കുന്നതെങ്കിൽ രണ്ടുശതമാനമാക്കണമെന്ന എന്റെ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അത് ഈ ബില്ലിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമാണ്. അതു കൊണ്ട് മുഖ്യമന്ത്രി പിടിവാശിയിൽ നിൽക്കാതെ ഇത് അംഗീകരി ക്കുമെന്നാണ് എന്റെ വിശ്വാസം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ശ്രീമതി ഗൗരിയമ്മ യുടെ ഒന്നാമത്തെ ഭേദഗതി അംഗീകരിക്കാൻ വിരോധമില്ല. അതായത് ഫിഷിന്റെ വിലയുടെ മൂന്നുശതമാനമെന്നുള്ളത് വേജസിന്റെ മൂന്നു ശതമാനമെന്ന് മാറ്റുന്നത് അംഗീകരിക്കാം. ശ്രീ. കാനം രാജേന്ദ്രന്റെ നിർദ്ദേശം ഇപ്പോഴത്തന്നെ നിശ്ചയിച്ചിട്ടുള്ള നിരക്കിനെക്കുറിച്ച് സെലക്ട് കമ്മിറ്റിയിൽതന്നെ ചർച്ചചെയ്ത താണ്. ഇതിനെക്കാളും കൂടുതൽ ഇപ്പോൾ വർദ്ധിപ്പിക്കുന്നത് ഈ വ്യവസായത്തെ എങ്ങനെ ബാധിക്കുമെന്നുള്ള കാര്യത്തിൽ സംശയ മുണ്ടായിരുന്നു. ഏതായാലും പരീക്ഷണമെന്നുള്ളനിലയിൽ ആദ്യം തന്നെ സൂചിപ്പിച്ച മുന്നൂറുരൂപ ഉണ്ടായിരുന്നത് ആയിരംരൂപ യായി സെലക്ട് കമ്മിറ്റി വർദ്ധിപ്പിച്ചതാണ്. ഓരോ ഇനത്തിലും വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. ഏതായാലും ഈയവസരത്തിൽ വർദ്ധി പ്പിക്കുന്നത് സഹായകമായിരിക്കുമെന്ന് തോന്നുന്നില്ല. അതുപോലെ തന്നെ ശ്രീമതി ഗൗരിയമ്മ സൂചിപ്പിച്ചതുപോലെ പാഡി ലാൻഡിനെ സംബന്ധിച്ച ഭേദഗതി സ്വീകരിക്കാം. ഒരൊറ്റ ക്ലോസ്സിനു രണ്ട് ഭേദഗതികളും സ്വീകരിക്കുന്നുവെന്ന് പറയാൻ സന്തോഷമുണ്ട്. മറ്റുള്ള ഭേദഗതികളും സ്വീകരിക്കാൻ സാധിക്കാത്തതിൽ ഖേദമുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച ഒന്നും മൂന്നും ഭേദഗതികളും

In clause 4 sub-clause (1) add the following at the end "or three per cent of the wages earned by him in a year"

In clause 4 in the Explanation at the end of sub-clause (5) for the words "paddy land" substitute the words "any area wher paddy is cultivated at any time during a year" സഭ അംഗീകരിച്ചു.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച രണ്ടാമത്തെ ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

നാലാംവകുപ്പ് ഭേദഗതികളോടെ ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

5-ാം വകുപ്പ്

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

6-ാം വകുപ്പ്

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: മറ്റൊരു ഭേദഗതിയുടെ കോൺസിക്വൻഷ്യലായിട്ടാണ് പറഞ്ഞിരുന്നത്. ആ ഭേദഗതി മുഴുവൻ സ്വീകരിക്കാത്തതുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നില്ല.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

7-ാം വകുപ്പ്

ശ്രീമതി കെ.ആർ. ഗൗരി: ശ്രീ. കാനം രാജേന്ദ്രനാണെന്നാണ് തോന്നുന്നത് ആദ്യത്തെ ബോർഡ് നോമിനേറ്റ് ചെയ്തോട്ടെയെന്ന് പറയുന്നു. ആ ഭേദഗതി എനിക്ക് സമ്മതമാണ്. എന്റെ ഭേദഗതി ഇതാണ്. In clause 7 sub-clause (3) (f) shall be redrafted as follows:—

"(f) five representatives of the fishermen in the following manner:—

(1) Two members of the fishermen villages elected by the coastal fisheries villages;

(2) One member to be elected by the inland fishermen who are members of the inland fisheries villages by that inland fishery villages;

മറ്റു ഭേദഗതികളും ഞാൻ അവതരിപ്പിക്കുന്നില്ല. അത് ഫിഷർമാന്റെ ഡെഫനിഷനിൽ, ഫണ്ട് ഓപ്പറേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ഡെഫനിഷനിൽ മെമ്പേഴ്സ് സാക്കാനായിട്ട് മുഖ്യമന്ത്രി സമ്മതിച്ചില്ല. അതുകാരണം അവർക്ക് റെപ്രസന്റേഷൻ കൊടുക്കേണ്ട കാര്യമില്ല. തൊഴിലാളിയില്ല. വഴിയിൽക്കൂടി പോകുന്നവർക്ക് ഒരു കാര്യവുമില്ലല്ലോ. ആദ്യത്തെ ബോർഡ് നോമിനേറ്റ് ചെയ്തോട്ടെ. രണ്ടാമത്തെ ബോർഡിലെങ്കിലും ഒരു തെരഞ്ഞെടുപ്പ് നടത്തണം. ജനാധിപത്യമെന്നൊക്കെ പറയുന്നത് അതാണല്ലോ. പണ്ട് ബ്രിട്ടീഷുകാർ പറഞ്ഞതുപോലെയാണ്, ബ്രിട്ടീഷുകാർ പറഞ്ഞു ഞങ്ങൾ പോവുകയാണെങ്കിൽ ഇൻഡ്യാക്കാർക്കൊന്നും ഭരിക്കാൻ അറിയില്ല, അതുകൊണ്ട് ഞങ്ങൾ പോവുകയില്ലെന്ന്. അതുപോലെ മത്സ്യത്തൊഴിലാളികൾക്കൊന്നും ഭരിക്കാൻ അറിഞ്ഞുകൂടാ അതുകൊണ്ട് നോമിനേറ്റ് ചെയ്യുകയില്ലെന്നാണ് ഇപ്പോൾ പറയുന്നത്. ആ നിലപാട് ശരിയല്ല. ഫിഷറീസ് വില്ലേജുകൾ ഉണ്ടായിരിക്കുന്നു. ഇൻലാൻഡിനും അതുപോലെതന്നെ കോസ്റ്റൽ വില്ലേജിനും റെപ്രസന്റേഷൻ കൊടുത്ത് അവർ തന്നെ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ തിരുവനന്തപുരം നോർത്ത് ഫിഷറീസ് മെജോറിറ്റീസ് വരത്തക്കവണ്ണം നോർത്ത് ഫിഷറീസ് വരത്തക്കനിലയിൽ നടപടി സ്വീകരിക്കണം.

Shri Kanam Rajenndra Sir, I move that in clause 7, for sub-clause 3 (f) substitute the following namely:—

"(f) five representatives of the fishermen to be elected by the fisheries villages in the manner prescribed.

LIBRARY ARCHIVES Kerala Legislative Assembly

Provided that nothing in this sub-section shall prevent the Government from nominating the representatives of fishermen for constituting the first Board.

7–ാമത്തെ ക്ലാസ്സിൽ, ശ്രീമതി ഗൗരിയമ്മ പറഞ്ഞതുപോലെ തന്നെ ബോർഡിന്റെ ഘടനയെസംബന്ധിച്ച് ഈ നിയമത്തിൽ പറയുന്നത് മൽസ്യത്തൊഴിലാളി പ്രതിനിധികളായിട്ട് മൂന്നുപേരെ നോമിനേറ്റ് ചെയ്യണമെന്നാണ്. നിയമത്തിൽ നോമിനേറ്റ് ചെയ്യണമെന്ന് പറയുന്നത് ശരിയല്ല. തെരഞ്ഞെടുപ്പ് നടത്തണം. പഞ്ചാബിൽ തെരഞ്ഞെടുപ്പ് നടത്തുന്നുണ്ട്. ഇവിടെ തെരഞ്ഞെടുപ്പ് നടത്തിക്കൂടേ? നിയമത്തിൽ നോമിനേറ്റ് ചെയ്യണമെന്ന് എഴുതിച്ചേർക്കുന്നത് ഒരുകാരണവശാലും ശരിയല്ല. മാത്രമല്ല മൂന്ന് പ്രതിനിധികളെന്നുള്ളത് അഞ്ച് പ്രതിനിധികളായി വർദ്ധിപ്പിക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാൻ സാധ്യതയുണ്ട്. വളരെ പെട്ടെന്ന് നടപ്പാക്കേണ്ടതുകൊണ്ടും അടിയന്തിരമായി കാര്യങ്ങൾ ചെയ്യേണ്ടതുകൊണ്ടും തെരഞ്ഞെടുപ്പ് എന്ന് ചേർക്കാൻ സാധിക്കുകയില്ലെന്ന്. അതുകൊണ്ടാണ് ഞാൻ ഒരു പ്രൊവൈസോ എഴുതി അതോടൊപ്പം ചേർത്തിരിക്കുന്നത്. ആ പ്രൊവൈസോയിൽ പറയുന്നത് ആദ്യത്തെ ബോർഡ് എന്നുള്ളതിനിലയിൽ നോമിനേറ്റ് ചെയ്യാനും തുടർന്നുള്ളത് തെരഞ്ഞെടുപ്പ് നടത്തുകയും ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്നാണ്. തെരഞ്ഞെടുപ്പ് നടത്തുകയെന്നുള്ളത് നിയമത്തിൽ എഴുതിച്ചേർക്കണം. ഫിഷർമാന്റെ പ്രസെന്റേറ്റീവ്സ് അടങ്ങുന്ന ആദ്യത്തെ ബോർഡ് നോമിനേറ്റ് ചെയ്യുന്നതിനെ ഇത് തടയുന്നില്ല. ഈ പ്രശ്നം പരിഹരിക്കുമെന്നുള്ളതുകൊണ്ട് ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri Varkala Radhakrishnan: Sir, I move my amendments: (1) In clause 7, sub-clause (3) item (f) for the words "nominated by the Government" substitute the words "elected from among the members of the Welfare Fund".

(2) In clause 7, sub-clause (4) for the words "The Government shall nominate" substitute the words "The Board shall elect".

ഇതിന്റെ പ്രിൻസിപ്പിൾ ഒന്നുതന്നെയാണ്. ഈ അവസരത്തിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്: നമ്മുടെ മുഖ്യമന്ത്രിക്ക് തെരഞ്ഞെടുപ്പിനോട് അലർജി തോന്നിത്തുടങ്ങിയിട്ടുണ്ടെന്നാണ് തോന്നുന്നത്. കാരണം അദ്ദേഹത്തിന്റെ സംഘത്തിൽ തെരഞ്ഞെടുപ്പ് ഇല്ലല്ലോ, നോമിനേഷൻ ആണല്ലോ. പ്രസിഡന്റ് മുതൽ താഴോട്ട്. അതുതന്നെ ഈ നിയമത്തിലും പകർത്തിക്കളയാമെന്ന് വിചാരിച്ചതാണോയെന്ന് അറിയില്ല. ഒരു തെരഞ്ഞെടുപ്പ് നടത്താൻ എന്താണിത്ര ഭയം? നമ്മൾ പാസ്സാക്കുന്ന ഒരു നിയമത്തിൽ, ജനാധിപത്യ യുഗത്തിൽ bonafide വർക്കേഴ്സിന്റെ പ്രതിനിധി വരണമെന്നാണ്. ഞാൻ ചോദിക്കട്ടെ നോമിനേഷനും ആണ്, വകുപ്പ് കരുണാകരന്റെ കൈയിലുമായാൽ എന്നെങ്കിലും ഒരു മൽസ്യത്തൊഴിലാളി ഈ ബോർഡിൽ വരുമോ? മൽസ്യത്തൊഴിലാളികൾക്ക് ഈ ബോർഡിൽ ന്യായമായ പ്രാതിനിദ്ധ്യം കിട്ടണമെങ്കിൽ തീർച്ചയായും തെരഞ്ഞെടുപ്പുതന്നെ നടത്തണം. വർക്കേഴ്സ് പ്രസെന്റേറ്റീവ്സ് വരണം. മന്ത്രി [illegible] എന്നും തന്റെ [illegible] കാണും

LIBRARY ARCHIVES Kerala Legislative Assembly

രാജേന്ദ്രന്റെ ഭേദഗതിയോട് യോജിക്കാൻ വിരോധമില്ല. പക്ഷെ ആജീവനാന്തം നോമിനേഷൻ എന്നുള്ള വ്യവസ്ഥ മാറണം. അതു കൊണ്ട് കോൺഗ്രസ് പാർട്ടിയുടെ നോമിനേഷൻ സമ്പ്രദായം മാറി തെരഞ്ഞെടുപ്പാക്കണമെന്ന് മുഖ്യമന്ത്രിയോട് ഞാനഭ്യർത്ഥിക്കുന്നു.

Shri K. V. Surendranath: Sir, I move my amendment:

Clause 7, sub-clause (3), item (f) shall be modified as follows:

Item (f) under sub-clause (8) of clause 7 be substituted with the following:

"(f) Five representatives of fishermens elected by Fishermens Village Societies in the manner prescribed". തെരഞ്ഞെടുപ്പ് വേണമെന്നുള്ളത് ഇവിടെ പറഞ്ഞു. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വിവിധ പിരിവുകളും ഉപപിരിവുകളും വിവിധ സ്വഭാവമുള്ളതുമായ അനവധി വിഭാഗമുള്ളതാണ് മത്സ്യത്തൊഴിലാളികൾ. അതിന് ശരിയായ പ്രാതിനിദ്ധ്യസ്വഭാവം വരണമെങ്കിൽ ഇവരുടെ പ്രതിനിധികൾ 3 പോര, 5 വേണം. 5 ആണ് മിനിമം. അതുകൊണ്ട് 5 പേർ വേണമെന്നുള്ളതാണ് എന്റെ നിർദ്ദേശം. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് എനിക്കുമുമ്പ് സംസാരിച്ച മെമ്പർമാർ പറഞ്ഞു കഴിഞ്ഞു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നോമിനേഷനെ സംബന്ധിച്ച് ഞാൻ ആദ്യമേതന്നെ പറഞ്ഞുകഴിഞ്ഞു. ഇത് പ്രായോഗികമാക്കാൻ നോമിനേഷൻ അല്ലാതെ ഇപ്പോൾ തെരഞ്ഞെടുപ്പിന് പോകുന്നത് സഹായകരമാകില്ല. മെമ്പർമാരുടെ വികാരം എനിക്ക് മനസ്സിലാക്കാൻ സാധിക്കും. എങ്കിലും ആ ഭേദഗതി സ്വീകരിക്കാൻ സാധിക്കാതെ വന്നതിൽ ഖേദമുണ്ട്.

ശ്രീമതി കെ.ആർ. ഗൗരി: കാനം രാജേന്ദ്രന്റെ ഭേദഗതിക്കുവേണ്ടി എന്റെ ഭേദഗതി ഞാൻ പ്രസ് ചെയ്യുന്നില്ല.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

8-ാം വകുപ്പ്

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

9-ാം വകുപ്പ്

Shri K. V. Surendranath: Sir, I move my amendment: In clause 9 sub-clause (i), for the words "five years" substitute the words "three years".

5 കൊല്ലം എന്നു പറയുന്നത് കണ്ണിന്യൂവിറ്റിയുടെ പേരിലാണെങ്കിലും 5 കൊല്ലം തുടർച്ചയായി ഒരു കൂട്ടർ ഇരിക്കുകയെന്നുള്ളത് സ്ഥാപിത താൽപ്പര്യമായി മാറാനുള്ള എല്ലാ സാദ്ധ്യതകളും കേരളത്തിലുണ്ട്. ഓപ്റേഷൻ കാലാവധി 3 വർഷമാണ്. അതുകൊണ്ട് ഇത് 3 വർഷമായി വെട്ടിച്ചുരുക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. കെ. കരുണാകരൻ: ഈ ഭേദഗതി സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ.വി. സുരേന്ദ്രനാഥ് അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് തള്ളി.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

10-ാം വകുപ്പ്

Shri Kanam Rajendran: Sir, I move my amendments:

(1) In clause 10, sub-clause (1) (a) add the following proviso, namely:

"Provided however that such absence may be condoned by the Board before the publication of the notification in the official gazette."

(2) In clause 10, sub-clause (1) (b) delete the words "is unsuitable or".

(3) In clause 10 delete sub-clause (2) and renumber the remaining sub-clause.

In clause 10, sub-clause (3) substitute the word "re-election" for the word "re-nomination".

സർ, ബോർഡിനെ സംബന്ധിച്ചാണ് ആദ്യത്തെ ഭേദഗതി. മൂന്നു യോഗങ്ങളിൽ തുടർച്ചയായിട്ട് ഹാജരായിട്ടില്ല എന്നുണ്ടെങ്കിൽ ഒഴിവാക്കാനുള്ള ഒരു ക്ലാസ് ഇതിനകത്തുണ്ട്. നോൺ ഒഫീഷ്യൽ മെമ്പർ മൂന്നു യോഗങ്ങളിൽ തുടർച്ചയായി ഹാജരായില്ലെങ്കിൽ ഒഴിവാക്കാം. ബോർഡിന് ഈ കാര്യത്തെക്കുറിച്ച് പര്യാലോചന നടത്താനും ഡിലേ കണ്ടോൺ ചെയ്യാനുമുള്ള അധികാരം നൽകണമെന്നുള്ളതാണ് എന്റെ ഒരു ഭേദഗതി, 'if he, in the opinion of the Government, is unsuitable or has become incapable of acting as a member' എന്നു പറയുന്നതിൽ 'is unsuitable or' എന്നു പറയുന്നത് വളരെ വിപുലമായ അർത്ഥമുള്ളതാണ്. ഗവൺമെന്റിന് ഇഷ്ടം അനുസരിച്ച്, തോന്നിയതുപോലെ ചെയ്യാനുള്ള ഒരു സൗകര്യം ഇങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

അധികാരം കൊടുക്കുന്നതുകൊണ്ട് ഇണ്ട് റ്റുന്നുള്ളതുകൊണ്ടാണ് ഞാൻ ഈ ഭേഗതി കൊണ്ടുവന്നത്. Unsuitable എന്നുള്ളത് delete ചെയ്യണമെന്നുള്ളതാണ് എന്റെ ഭേഗതി.

സർ, മൂന്നു മീറ്റിംഗുകളിൽ പങ്കെടുക്കാത്തതുകൊണ്ട് റിമൂവ് ചെയ്യാനുള്ള അധികാരം ഇതിനകത്ത് കൊടുക്കുന്നു. ഇതിൽ ഒരു പ്രധാനപ്പെട്ട പ്രശ്നം മൂന്നു മീറ്റിംഗുകളിൽ പങ്കെടുക്കാത്തതു കൊണ്ട് റിമൂവ് ചെയ്യാം എന്നു പറയുന്നുണ്ടെങ്കിലും നോട്ടീസ് എങ്ങനെ അയയ്ക്കണമെന്നുള്ളതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. നിലവിലുള്ള ബോർഡിന് വിരോധം ഉണ്ടെങ്കിൽ കൃത്രിമ രേഖയുണ്ടാക്കി നോട്ടീസ് അയച്ചു എന്നു വരുത്താനുള്ള അധികാരം ഉണ്ടെന്നുള്ളതുകൊണ്ട് അതിനുള്ള അധികാരം ലഭിക്കുന്നുണ്ടെന്നുള്ളതുകൊണ്ട് ആ ക്ലാസ് എടുത്തുകളയണമെന്നുള്ളതാണ് എന്റെ അടുത്ത ഭേഗതി.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ആദ്യത്തെ ഭേഗതി ഞാൻ അക്സപ്റ്റ് ചെയ്യാം. അതായത് "Provided however that such absence may be condoned by the Board before the publication of the notification in the official gazette".

ബാക്കിയുള്ള ഭേഗതികളും അംഗീകരിക്കാൻ വിഷമം ഉണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച In clause 10, sub-clause (1) (a) add the following proviso, namely:

"Provided however that such absence may be condoned by the Board before the publication of the notification in the official gazette" എന്ന ഭേഗതി സഭ അംഗീകരിച്ചു; മറ്റു ഭേഗതികളും സഭ വോട്ടിനിട്ട് നിരാകരിച്ചു.

ഭേഗതി ചെയ്യപ്പെട്ട പ്രകാരം 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

11-ാം വകുപ്പ്

ശ്രീ. കാനം രാജേന്ദ്രൻ: സർ, ഞാൻ എന്റെ ഭേഗതി അവതരിപ്പിക്കുന്നു. ഇത് സെൽഫ് എക്സ്പ്ലനേറ്ററി ആണ്; പബ്ലിക് സർവ്വീസ് കമ്മീഷനും വിടണമെന്നുള്ളതാണ് എന്റെ ഭേഗതി. In clause 11, sub-clause (1) after the words "previous approval of Government" insert the words "in consultation with the Public Service Commission". നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനും വിടണമെന്നുള്ളതാണ് ഇത്. പണ്ട് പല പബ്ലിക് സെക്ടറുകളിലും നടന്നിരുന്ന നിയമനങ്ങളെല്ലാം പബ്ലിക്സർവ്വീസ് കമ്മീഷനും ഇപ്പോൾ വിട്ടിട്ടുണ്ട്. ഇന്നിപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനും നിയമനം വിടണമോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ച് controversy ഉണ്ട്. ആ ചർച്ചകളുടെയെല്ലാം വെളിച്ചത്തിൽ ഇപ്പോൾ ഒരു നിയമനിർമ്മാണം ഉണ്ടാക്കുന്നതുകൊണ്ട് പബ്ലിക് സർവ്വീസ് കമ്മീഷനും നിയമനം വിടണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

Shri Varkala Radhakrishnan: Sir, I move my amendment: In clause 11 for sub-clause (2) substitute the following namely:

(2) The Board may appoint such staff as it may consider necessary thorugh the "Kerala Public Service Commission". എനിക്ക് ഒരു കാര്യം പറയാനുണ്ട്. ഈ ഭേദഗതിയെക്കുറിച്ച് നിയമത്തിൽ തന്നെ അഡീഷണൽ റെപ്രസെന്റേഷൻ കൊടുത്തിട്ടുണ്ട്.

(a) fifteen per cent shall be reserved for appointment from candidates belonging to families of fishermen; (b) ten per cent shall be reserved for appointment from candidates belonging to scheduled castes and Scheduled tribes; and twenty-five per cent shall be reserved for appointment from candidates belonging to other backward classes. ഇതെല്ലാം കൂടി 50 ശതമാനം ഇപ്പോൾതന്നെ റിസർവ് ചെയ്തിട്ടുണ്ട്. ആകെയുള്ള നിയമനത്തിന്റെ 50 ശതമാനം റിസർവ്വ് ചെയ്ത സാഹചര്യത്തിൽ പിന്നെ എന്തിനാണ് ബോർഡ്തന്നെ നിയമനം നടത്തുന്നത്? സകല പരാതികളും ഒഴിവാക്കി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്നതല്ലേ ഔചിത്യം? അതുകൊണ്ട് പി.എസ്.സി. വഴി നിയമനം നടത്തണം. വ്യക്തമായി ഈ നിയമത്തിൽ ഓരോ ഇനത്തിലും ഇത്ര ഇത്ര ശതമാനം റിസർവ് ചെയ്തുകൊണ്ടുള്ള വ്യവസ്ഥയുള്ള സ്ഥിതിക്ക് ഇങ്ങനെയുള്ള ഭയപ്പാടിന് യാതൊരു അടിസ്ഥാനവുമില്ല. നിയമനം നീതിപൂർവ്വവും നിഷ്പക്ഷവുമായി നടത്തുന്നതിന് ഇന്നുള്ള സംവിധാനം പബ്ലിക് സർവ്വീസ് കമ്മീഷനാണ്. പബ്ലിക് സർവ്വീസ് കമ്മീഷന് ഈ നിയമനം വിട്ടുകൊടുക്കണമെന്നുള്ള ഭേദഗതി ഗവൺമെന്റ് അംഗീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. അത് ഗവൺമെന്റ് അംഗീകരിക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ എന്റെ ഭേദഗതി പ്രസ്സ് ചെയ്യുന്നു.

Smt. K.R. Gouri: Sir, I move my amendment: In clause 11 sub-clause (3) (c) add the words "and backward classes" at the end. ശ്രീ. കാനം രാജേന്ദ്രൻ പറയുന്നത് സ്വീകാര്യമല്ലെങ്കിൽ ഞാൻ ഇവിടെ മൂവ് ചെയ്യുന്നത് 25 ശതമാനം other Backward communities എന്നു പറഞ്ഞിരിക്കുന്നതിന്റെകൂടെ ബാക്ക്വേഡ് ക്ലാസസ് എന്നുകൂടി ചേർക്കണം. ഇന്ന് നിലവിലിരിക്കുന്ന സമ്പ്രദായം അനുസരിച്ച് ബാക്ക്വേർഡ് ക്ലാസ്സസിനും റിസർവേഷൻ ഉണ്ട്. Backward Communities-ന് മാത്രമല്ല. അതുകൊണ്ട് ബാക്ക്വേഡ് ക്ലാസസ് എന്നുള്ളതുംകൂടി ഇതിൽ ചേർക്കണം. നേരിട്ട് അപ്പോയിന്റ് ചെയ്യാൻ പോകുന്നെങ്കിലും അത് ചേർക്കണം. പി.എസ്.സി.ക്കു വിട്ടുകൊടുക്കുന്നതാണ് സ്വീകാര്യമെങ്കിൽ അത് അംഗീകരിക്കണം. അല്ലെങ്കിൽ ഇന്നത്തെ നിലയ്ക്ക് റിസർവേഷൻ ഉള്ള വിഭാഗത്തിനെ തട്ടിക്കളയുന്നത് ശരിയല്ല. അതുകൊണ്ട് ഇതുംകൂടി ചേർക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പബ്ലിക് സർവ്വീസ് കമ്മീഷനു വിടണമെന്നുള്ളത് തത്വത്തിൽ അംഗീകരിക്കുകയാണ്. ഈ കാര്യത്തെക്കുറിച്ച് കൂടുതൽ പരിശോധിക്കാൻ സാവകാശം
7P.M.] വേണ്ടതുകൊണ്ട് നിയമനത്തിന് ബോർഡിന് തന്നെ അധികാരം കൊടുക്കുകയാണ്. പക്ഷേ അതേ അവസരത്തിൽ ഒരു കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. ശരിയായ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രാതിനിധ്യം കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി 50 ശതമാനം റിസർവേഷനാണ് വ്യവസ്ഥ ചെയ്യുന്നത്. പല കാരണങ്ങളാൽ അതിനെ മറികടന്നു പോകാൻ ഇടയുണ്ടെന്നുള്ള ഭയപ്പാടുകൊണ്ടാണ് ഈ പ്രൊവിഷൻ ഇതിൽ വച്ചിട്ടുള്ളത്. പി.എസ്.സി.ക്ക് വിടുന്നതുവരെയുള്ള ഒരു സംവിധാനമാണ് ഇത്. പി.എസ്.സി. ക്ക് വിടുന്ന സമയത്ത് കൂടുതൽ ആലോചിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഗൗരിയമ്മ പറഞ്ഞ other backward community എന്നു പറഞ്ഞത് പി.എസ്.സി. യുടെ നോട്ടിഫിക്കേഷനിൽ ഉള്ള ഒ.ബി.സി. അല്ല, മറ്റു പിന്നോക്ക സമുദായങ്ങൾ ഉൾപ്പെടുന്നതാണ് എന്നാണ്. അതിന്റെ വേർഡിംഗ് പരിശോധിച്ചതിനു ശേഷമാണ് ചേർത്തിട്ടുള്ളത്. പി.എസ്.സി. യുടെ വേർഡിംഗ് തന്നെയാണ് ഇവിടെ ചേർത്തിട്ടുള്ളത്.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

ശ്രീമതി കെ.ആർ. ഗൗരി അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

12-ാം വകുപ്പ്

Shri Kanam Rajendran: Sir, I move my amendments:

(1) In clause 12 sub-clause (1) add the following at the beginning, namely:

"Subject to the provisions of the first proviso to sub-clause (5) of clause 4".

(2) In clause 12 sub-clause (1) after the words "a Sub-Inspector of Fisheries" insert the words "of the Fisheries department".

(3) In clause 12 sub-clause (4) substitute the following, namely:

"(4) Any person aggrieved by an order under sub-section (1) may prefer an appeal to the Secretary of the Board within sixty days from the date of receipt of the order:

Provided that the Secretary may entertain an appeal under sub-section (1) even after the expiry of the said period of sixty days on sufficient and valid grounds".

(4) In clause 12 after sub-clause (4) insert the following as sub-clause (5), namely:

"(5) Any decision taken on an appeal under sub-section (4) shall be subject to review by the Board:

Provided that no such order shall be reviewed after a period of one year from the date of order under sub-section (4)".

LIBRARY ARCHIVES Kerala Legislative Assembly

ക്ലാസ് നാലിൽ സബ് ക്ലാസ് 5-ലെ ഫിസറീസ് പ്രൊവൈസോ അനുസരിച്ച് ആദ്യത്തെ മൂന്നുവർഷത്തേയ്ക്ക് ചെമ്മീൻ വളർത്തൽ കേന്ദ്രത്തിന്റെ ഉടമസ്ഥൻമാർ അടയ്ക്കേണ്ട തുക തീരുമാനിക്കുന്നതിനുള്ള അധികാരം ബോർഡിനു നൽകിയിരിക്കുകയാണ്. എന്നാൽ അതിനു വിരുദ്ധമായിട്ട് ക്ലാസ് 12 (1)-ൽ ഫിഷറീസ് ഓഫീസർക്ക് സെക്ഷൻ 4 അനുസരിച്ച് എല്ലാ അസസ്മെന്റും നടത്താനുള്ള അധികാരം കൊടുത്തിട്ടുണ്ട്. നേരത്തെ തീരുമാനിച്ചിരിക്കുന്നതു കൊണ്ട് "subject to the provisions" എന്ന എന്റെ ഭേദഗതി അംഗീകരിച്ചാൽ ആ ഒരു പ്രയാസം ഒഴിവായിക്കിട്ടും. അതുകൊണ്ട് അത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭേദഗതി (2) സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നുള്ള റാങ്കിനു താഴെ അല്ലാത്ത ആളുകളെ സംബന്ധിച്ച് ആണ്. ആ ബോർഡിൽ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്ന റാങ്ക് ഇല്ല. ഇന്ന് ഈ നിയമം പാസ്സാക്കി റൂൾസ് പ്രെയിം ചെയ്തു വന്നതിനുശേഷം ഗ്രേഡും മറ്റും നിശ്ചയിച്ചു കഴിഞ്ഞാൽ മാത്രമേ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ഈ ബോർഡിൽ ഉണ്ടാകൂ. അതുകൊണ്ട് "എസ്.ഐ. ഓഫ് ഫിഷറീസ്" എന്നു പറയുന്നതിനു പകരം "സബ് ഇൻസ്പെക്ടർ ഓഫ് ദി ഫിഷറീസ് ഡിപ്പാർട്ടുമെന്റ്" എന്നുകൂടി ചേർത്തെങ്കിലേ ഇതു പൂർണ്ണമാകൂ.

ഭേദഗതി 3-ൽ അസസ്മെന്റിനെ സംബന്ധിച്ച് അപ്പീൽ കൊടുക്കുന്ന ഭാഗമുണ്ട്. ഫണ്ട് കളക്ട് ചെയ്യുന്നത് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ആയിട്ടുള്ള ഡ്യൂട്ടിയാണ്. ബോർഡ് ചുമതലപ്പെടുത്തിയ ഓഫീസറാണ് അസസ്സ്മെന്റ് നടത്തുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റല്ല അസസ്സ്മെന്റ് നടത്തുന്നത്. ഫിഷറീസ് ഡയറക്ടർ ക്ലാസ് 7 (3) (ബി) അനുസരിച്ച് ഒരു ഡയറക്ടർ മാത്രമാണ്, ബോർഡിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും ഉദ്യോഗസ്ഥനു കൊടുത്തതിനുശേഷം ഈ ബോർഡിന്റെ തീരുമാനത്തിൻമേലുള്ള അപ്പീൽ വീണ്ടും ഒരു ഡയറക്ടർബോർഡ് മെമ്പർക്ക് മാത്രമായി നൽകുന്നതു ശരിയല്ല. അതിനുള്ള അപ്പീൽ പ്രൊവിഷൻ ബോർഡിനു കൊടുക്കണം. അല്ലെങ്കിൽ ബോർഡിന്റെ സെക്രട്ടറിക്ക് ഡെലിഗേറ്റ് ചെയ്തു കൊടുക്കണം. ഈ ബോർഡിലെ ഒരു ഡയറക്ടർബോർഡ് മെമ്പറെമാത്രമാണ് ഫിഷറീസ് ഡയറക്ടർ എന്നു പറയുന്നത്. ബോർഡിന്റെ നിശ്ചയപ്രകാരമുള്ള ഈ അസസ്സ്മെന്റിൻമേലുള്ള അപ്പീൽ അദ്ദേഹത്തിനു കൊടുക്കുന്നതു ശരിയല്ല.

അതുപോലെതന്നെ റിവൈസിനുള്ള എല്ലാ അധികാരങ്ങളും ഈ ബോർഡിനാണ് കൊടുക്കേണ്ടത്. ബോർഡിനല്ലാതെ മറ്റാർക്കും അതിനുള്ള റെവ്യൂ പവർ കൊടുക്കുന്നതു ശരിയല്ലെന്നുള്ളതുകൊണ്ടാണ് 4-ാം നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

Sri Varkala Radhakrishnan: Sir, I move my amendment:

In clause 12, to sub-clause (4), add the following proviso, namely:

"Provided that the Government may suo motuor on application made to them, call for the records of the proceedings to examine the correctness, or legality or otherwise of the decision of the Fisheries Director";

LIBRARY ARCHIVES Kerala Legislative Assembly

സർ, ഞാൻ ഈ ഭേദഗതികൊണ്ടുദ്ദേശിക്കുന്നതു് ഇതാണു്: നമ്മം ഏതു നിയമം എടുത്തു പരിശോധിച്ചാലും ഗവൺമെൻറ് ഒരു റിവിഷണൽ അതോറിറ്റിയാണു്. റിവിഷണൽ പവേഴ്സ് എപ്പോഴും ഗവൺമെൻറിനു് ഉള്ളതാണു്. എന്നാൽ ഈ ബില്ലിൽ റിവിഷണൽ പവേഴ്സ് കൊടുത്തിട്ടില്ല. ഫിഷറീസ് ഡയറക്ടറുടെ തീരുമാനം ഫൈനലാണ് എന്നു് എഴുതിയിരിക്കുന്നു. നാലാം ഉപ വകുപ്പിൽ Any person aggrieved by an order under sub-section (1) may prefer an appeal to the Director of Fisheries within sixty days from the date of receipt of the order and the decision of the Director of Fisheries on such order shall be final. ഇതിൻെറ നടപടി ക്രമങ്ങളിൽ നിയമപരമായ എന്തെങ്കിലും പിശകു തോന്നിയാൽ എവിടെയാണു് അതു് കറക്ടു് ചെയ്യുന്നത്? അതുകൊണ്ടാണു് ഞാൻ ഈ ഭേദഗതി ചേർത്തതു്. ഇതു് എല്ലാ നിയമത്തിലും ഉള്ള ഭേദഗതിയാണു്.

"Provided that the Government may suo motu or on application made to them, call for the records of the proceedings to examine the correctness, or legality or otherwise of the decision of the Fisheries Director". അതുകൊണ്ടു് ഫിഷറീസ് ഡയറക്ടറുടെ തെറ്റായ തീരുമാനങ്ങളോ ഫിഷറീസ് ഡയറക്ടറുടെ ഇല്ലീഗലായിട്ടുള്ള തീരുമാനങ്ങളോ ഗവൺമെൻറിനു് suo motu ആയിട്ടു് പരിശോധിക്കാനും അല്ലെങ്കിൽ ഒരു അപേക്ഷ വാങ്ങി അതിൻമേൽ പരിശോധിക്കാനും ഉള്ള അധികാരം ഏതു നിയമത്തിലും ഉള്ളതാണു്. അതുകൊണ്ടു് ഈ നിയമത്തിൻെറ ഭദ്രതയ്ക്കും ഇതിൻെറ ഗുണകരമായ പ്രവർത്തനത്തിനുംവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഈ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എടുത്തു പറഞ്ഞില്ലെങ്കിലും ഇൻസ്പെക്ടർ എന്നുള്ളത് ഫിഷറീസ് ഡിപ്പാർട്ടുമെൻറിനാണു്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണനും ശ്രീ. കാനം രാജേന്ദ്രനും ചൂണ്ടിക്കാണിച്ച ഒരു പ്രശ്നം പരിഗണനാർഹമാണു്. പക്ഷേ ആ ഭേദഗതി അതേപടി സ്വീകരിച്ചാൽ നമ്മം ഉദ്ദേശിക്കുന്ന പ്രയോജനം ചെയ്യുന്നില്ല എന്നുള്ളതുകൊണ്ടു് അതിനു പകരമായിട്ടു് ഒരു ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണു്.

(1) In sub-clause (4), for the words "and the decision of the Director of Fisheries on such order shall be final", the words "and the Director of Fisheries may, after making such inquiry, pass such orders thereon as he thinks fit" may be substituted.

(2) The following sub-clause may be inserted as sub-clause (5), namely:

"(5) The Government may, either suo motu or on application of the aggrieved person, call for the record of any proceeding taken by the Director of fisheries under sub-section (4) and make such enquiry and pass such orders, as they deem fit:

Provided that an application for revision under this sub-section shall be made within thrity days from the date on which the order was communicated to the applicant:

LIBRARY ARCHIVES Kerala Legislative Assembly

Provided further that no order shall be passed under this sub-section without giving the person who may be affected thereby an opportunity to be heard''.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ടു നിരാകരിച്ചു.

മി. സ്പീക്കർ: ശ്രീ. വർക്കല രാധാകൃഷ്ണൻ, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: എന്റെ ഭേദഗതിയുടെ പ്രിൻസിപ്പിൾ അംഗീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊണ്ടുവന്ന ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഞാൻ എന്റെ ഭേദഗതി പ്രസ് ചെയ്യുന്നില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു. ഭേദഗതി ചെയ്യപ്പെട്ട പ്രകാരം 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

13-ാം വകുപ്പ്

Sri Kanam Rajendran:— Sir, I move my amendments:

(1) In clause 13 in the proviso to sub-clause (1) delete the words ''a prawn filtration area or''.

(2) In clause 13 sub-clause (3) after the words ''Issue a notice'' add the words ''by registered post''.

സെക്ഷൻ 4-ന്റെ അഞ്ചാം ഉപവകുപ്പിൽ ഒന്നാമത്തെ പ്രൊവൈസോ അനുസരിച്ച് ചെമ്മീൻ വളർത്തൽ കേന്ദ്രത്തിന്റെ ഉടമ ആദ്യത്തെ മൂന്നുവർഷത്തേക്ക് കൊടുക്കേണ്ട തുക എത്രയാണെന്ന് ബോർഡ് നിശ്ചയിക്കും. അവരെ കോൺട്രിബ്യൂഷനിൽനിന്നും ഒഴിവാക്കിയാൽ, മൂന്നാമത്തെ പ്രൊവൈസോ ഒഴിവാക്കിയിരിക്കുന്നത് ഫിഷ് ഫാമിന്റെ ഉടമസ്ഥനെയാണ്. 13-ാം സെക്ഷനിൽ അതനുസരിച്ച് പ്രൊവിഷണൽ അസസ്സ്മെന്റിൽനിന്ന് ചെമ്മീൻ വളർത്തുകാരെ ഒഴിവാക്കേണ്ട യാതൊരു കാര്യവും ഇല്ല. അത് ആദ്യത്തെ ക്ലാസിന് വിരുദ്ധമായിട്ടുള്ള നിയമമാണെന്നുള്ളതാണ് ആദ്യത്തെ കാര്യം.

ഭേദഗതി 87-ൽ ഇപ്പോൾ പണമടച്ചില്ലെങ്കിൽ ഇൻറെറസ്റ്റ് നൽകുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. പിന്നീട് റവന്യൂ റിക്കവറിയാണ് വരുന്നത്. അതുകൊണ്ട് നോട്ടീസ് എങ്ങനെ നൽകണം എന്നുള്ളതിനെക്കുറിച്ച് സ്പെസിഫിക്കായിട്ട് പറയണം. അതുകൊണ്ട് രജിസ്റ്റേർഡ് പോസ്റ്റായിട്ട് നോട്ടീസ് നൽകണമെന്നുള്ള ഭേദഗതിയുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നോട്ടീസ് അയയ്ക്കുന്നത് കക്ഷിക്ക് കൈപ്പറ്റാൻ ഉള്ള സൗകര്യത്തോടുകൂടിയായിരിക്കും. ഗവൺമെന്റിന്റെ മറ്റു നോട്ടീസുകൾ അയയ്ക്കുന്നതുപോലെതന്നെ ഇതിലും

LIBRARY ARCHIVES Kerala Legislative Assembly

നടപടിസ്വീകരിക്കുന്നതാണ്. അല്ലെങ്കിൽത്തന്നെ രജിസ്റ്റേർഡ് എന്നു പ്രത്യേകിച്ച് പറയേണ്ട കാര്യമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേഗതികൾ സഭ വോട്ടിനിട്ട് നിരാകരിച്ചു.

13–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

14–ാം വകുപ്പ്

ശ്രീമതി കെ.ആർ. ഗൗരി: സർ, നേരത്തെ ഡീലറിന്റെ ആ ഡെഫിനിഷനിൽ 24,000 രൂപ ടേൺഓവർ ഉള്ള ആളുകളെ എന്നാണ് പറഞ്ഞിരുന്നത്. ഇതിൽ 14–ാം വകുപ്പിൽ കമ്പർസം ആയിട്ടുള്ള ഒരു എക്സംപ്ഷൻ ക്ലാസ് ഉണ്ടാക്കിവച്ചിട്ടുണ്ട്. എന്താണ്?

Government may by notification in the Gazette, exempt any dealer..... ഓരോരുത്തരേയും എക്സംപ്റ്റ് ചെയ്യാൻ പറഞ്ഞിട്ടുള്ള നോട്ടിഫിക്കേഷൻ വച്ചിട്ടുണ്ട്. ഏതായാലും അതെങ്കിലും കിടക്കട്ടെ. ഗവൺമെന്റ് രണ്ട് ഗസറ്റ് അവരുടെ നോട്ടിഫിക്കേഷൻതന്നെ ഇഷ്യൂ ചെയ്തോട്ടെ. എനിക്ക് വിരോധമൊന്നുമില്ല. അതുകൊണ്ട് ഞാൻ ഭേഗതി മൂവ് ചെയ്യുന്നില്ല.

14–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

15–ാം വകുപ്പ്

15–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

16–ാം വകുപ്പ്

16–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

17–ാം വകുപ്പ്

Sri Kanam Rajendran: Sir, I move my amendment:

After clause 17 sub-clause (2), add the following as sub-clause (3), namely:—

"(3) The deduction referred to in sub-section (2) shall not be more than 2% of the amount standing to his credit".

ഒരു തൊഴിലാളി മരിച്ചുകഴിഞ്ഞാൽ അയാൾക്ക് ലഭിക്കേണ്ട പണത്തിൽനിന്ന് ഡിഡക്ഷൻ എത്രയാകാം എന്നതിനെ സംബന്ധിച്ച് ഈ നിയമത്തിൽ ഒന്നും പറഞ്ഞിട്ടില്ല. അതിന് എന്തെങ്കിലും ഒരു സീലിംഗ് ഉണ്ടായില്ലെങ്കിൽ പിന്നീട് ഇനിയും തീരുമാനങ്ങളെടുത്ത് ബോർഡിന് യുക്തമെന്നു തോന്നുന്നവിധത്തിൽ പത്തും പതിനഞ്ചും ശതമാനമൊക്കെ ഡിഡക്ട് ചെയ്യുന്ന ഒരു സാഹചര്യം വരും. ഇപ്പോഴുള്ള പല ക്ഷേമനിധിബോർഡുകളും പിന്നീട് യോഗം കൂടിയിട്ട് ഡിഡക്ഷൻ വർദ്ധിപ്പിക്കും. എക്സപ്ഷൻ ഡിച്ചർ കൂടുന്നതനുസരിച്ച് ഈ പണം പിടിക്കുന്ന ഒരു സ്ഥിതിയുണ്ട്. അതുകൊണ്ട് രണ്ടു ശതമാനത്തിൽ കൂടുതൽ കാരുണ്യ [illegible] എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, അത് അക്സപ്റ്റ് ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

18-ാം വകുപ്പ്

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

19-ാം വകുപ്പ്

Sri Kanam Rajendran: Sir, I move my amendments:

In clause 19 sub-clause (3), delete the words "The Director of Fisheries or by the Managing Director of the Kerala State Co-operative Federation or Fisheries Department or by". ഞാൻ മുമ്പു സൂചിപ്പിച്ചതുതന്നെയാണ്. ഡയറക്ടർ ഓഫ് ഫിഷറീസ് എന്നു മാത്രമേ ജി.ഒ ഡയറക്ടർ എന്നെല്ലാം പറയുന്നവർ ഡയറക്ടർ ബോർഡ് മെമ്പർമാർ മാത്രമാണ്. ബോർഡ് ഒരു കാര്യം തീരുമാനിച്ചിട്ട് ഔദ്യോഗികമായ ചുമതല വീണ്ടും അവർക്കു കൊടുക്കുന്നത് ശരിയല്ല. അതുകൊണ്ട് ഫിഷറീസ് ഡയറക്ടർ ഓഫീഷ്യൽ കപ്പാസിറ്റിയിൽ ഈ റിപ്പോർട്ട് അയയ്ക്കണമെന്നു പറയുന്നത് നിയമപരമായി ശരിയല്ല എന്നാണ് എന്റെ അഭിപ്രായം. ബോർഡിലെ ജീവനക്കാർ തന്നെയാണ് ഇത് പരിശോധന നടത്തി അയയ്ക്കേണ്ടത്. ബോർഡാണ് തീരുമാനമെടുക്കേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇതിൽ യാതൊരു അപാകതയും കാണുന്നില്ല. അതുകൊണ്ട് അത് അക്സപ്റ്റ് ചെയ്യാൻ നിവൃത്തിയില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

20-ാം വകുപ്പ്

ശ്രീമതി കെ.ആർ. ഗൗരി: ഇത് ഡിലീറ്റ് ചെയ്തുകളയേണ്ടതാണ്.

Where any person makes default in the payment of any contribution, the Board may recover from him damages not exceeding twenty-five percent of the amount of arrear എന്നാണ്. കോൺട്രിബ്യൂഷൻ കൊടുക്കേണ്ടത് തൊഴിലാളിയുമുണ്ട് ഫിഷർമെന്നും ഉണ്ട്. അവരുടെ കയ്യിൽനിന്നും 25 ശതമാനം കോൺട്രിബ്യൂഷൻ വാങ്ങിക്കുക എന്നു പറഞ്ഞാൽ അതിലർത്ഥമുണ്ടോ? അതുകൊണ്ട് ഡാമേജസിന്റെ ക്ലാസ് വേറൊന്ന് മാറ്റി എഴുതേണ്ടതാണ്. അതിന് വേണമെങ്കിൽ 12 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

പലിശ വാങ്ങിക്കുക. അതിന് യാതൊരു വിരോധവുമില്ല. കോൺട്രിബ്യൂഷൻ കൊടുക്കുന്ന തൊഴിലാളികളിൽ നിന്നും ഡാമേജസ് 25 ശതമാനം വരെ വാങ്ങിക്കാൻ പാടില്ല, അത് കുറയ്ക്കണമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഒരു കാര്യം തീർച്ചയാണ്. ഡയറക്ടർബോർഡ് അംഗങ്ങൾ അത്രമാത്രം ക്രൂരൻമാരായിരിക്കുകയില്ല. പ്രത്യേകിച്ചും ഗവൺമെൻറിന്റെ പോളിസി തൊഴിലാളികളെ സഹായിക്കുക എന്നുള്ളതാണ്. തൊഴിലാളികളിൽ നിന്നും അങ്ങനെ ഈടാക്കുമെന്ന് വിചാരിക്കാൻ സാദ്ധ്യമല്ല. അതേയവസരത്തിൽ അതിലെ വ്യാപാരികളും മറ്റും കൊടുക്കാതെയിരിക്കുകയാണെങ്കിൽ അവരിൽ നിന്നും ഈടാക്കുന്നത് കൂടുതലല്ല. അതുകൊണ്ട് ഇപ്പോൾ ഭേദഗതിയില്ലാത്തതുകൊണ്ട് പുതിയ ഭേദഗതി അവതരിപ്പിക്കാനും ഉദ്ദേശിക്കുന്നില്ല.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

21-ാം വകുപ്പ്

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

22-ാം വകുപ്പ്

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ വോട്ടിനിട്ട് അംഗീകരിച്ചു.

23-ാം വകുപ്പ്

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

24-ാം വകുപ്പ്

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

25-ാം വകുപ്പ്

Sri Kanam Rajendran: Sir I move my amendments:

(1) In clause 25, sub-clause (1) delete the words "or otherwise".

(2) In clause 25 sub-clause (1) for the words "six months" substitute the words "three months".

24-ാം വകുപ്പിൽ പറയുന്നത് എൻക്വയറി നടത്തുന്നതിലുള്ള അധികാരത്തെസംബന്ധിച്ചാണ്. ബോർഡിനെ സൂപ്പർസീഡ് ചെയ്യണമെങ്കിൽ എൻക്വയറി നടത്തണമെന്നാണ് 24-ാം വകുപ്പിൽ പറയുന്നത്. 25-ാം വകുപ്പിൽ പറയുന്നത് If, on consideration of the report under Section 24 or otherwise എന്നാണ്. "or otherwise" വളരെ അപകടകാരിയാണ്. "or otherwise" അവിടെ കിടന്നുകഴിഞ്ഞാൽ 24-ലെ എൻക്വയറി സൂപ്പർസീഡ് ചെയ്യേണ്ട ആവശ്യമില്ല എന്നു വരും. ഗവൺമെൻറിന്റെ whims and fancies അനുസരിച്ച് ഈ ബോർഡിനെ സൂപ്പർസീഡ് ചെയ്യാനും മറ്റുമുള്ള അധികാരം അതിലുണ്ടാകുന്നു എന്നുള്ളതുകൊണ്ട് "or otherwise" എടുത്തു കളയണം.

LIBRARY ARCHIVES Kerala Legislative Assembly

24-ലെ എൻകയറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൂപ്പർസീഡ് ചെയ്യാനുള്ള അധികാരം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാമത്തെ കാര്യം ഈ ക്ഷേമപ്രവർത്തനങ്ങൾ വളരെ കാര്യക്ഷമമായി നടത്തുന്നതിന് ബോർഡ് സൂപ്പർസീഡ് ചെയ്തു കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ അടുത്ത ബോർഡ് വരണമെന്നാണ് പറയുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് അത്രയും കാലതാമസമുണ്ടാകാൻ പാടില്ല എന്നതുകൊണ്ട് മൂന്നു മാസത്തിനുള്ളിൽ അടുത്ത ബോർഡ് വരണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Shri Varkkala Radhakrishnan: Sir, I move my amendment:

In clause 25 subclause (1) after the existing proviso add the following further proviso, namely:

"Provided further that the period of supersession shall not exceed six months".

എന്റെ ഭേദഗതി നമ്മുടെ പ്രൊപ്പർട്ടീസ് ആക്ടും സൂപ്പർസീഡ് ചെയ്യാമെന്നുള്ളതാണ്. പല നിയമങ്ങളിലും അങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന് ചില ഫോർമാലിറ്റീസും ഒബ്സർവ് ചെയ്യണം. ഷോക്കോസ് നോട്ടീസ് കൊടുത്ത് അവരുടെ മറുപടി വാങ്ങി അത് എക്സാമിൻ ചെയ്തിതിനുശേഷമാണ് സാധാരണ നടപടിക്രമങ്ങൾ. ആറുമാസമാണെങ്കിലും അത് എക്സ്റ്റൻഡ് ചെയ്യാം. എന്നാൽ സൂപ്പർസീഡ് ചെയ്യുന്ന കാലാവധി അനിശ്ചിതമായി തുടർന്നുകൊണ്ടുപോകാൻ പാടില്ല. ഈ നിയമത്തിൽ സൂപ്പർസീഡ് ചെയ്ത് ആറു മാസം കഴിഞ്ഞാൽ വീണ്ടും ആറുമാസത്തേക്കുകൂടി ഗവൺമെന്റിന് എക്സ്റ്റൻഡ് ചെയ്യാം. അതുകൊണ്ട് സൂപ്പർസെഷൻ എന്ന നടപടി വേണ്ട എന്നല്ല എന്റെ വാദം; ചില നിയമങ്ങളിലെല്ലാം സൂപ്പർസെഷൻ ആവശ്യമാണ്. പക്ഷേ യാതൊരു കാരണവശാലും ആറുമാസത്തിൽ കവിയാൻ പാടില്ല. അതുകൊണ്ടാണ് ഞാൻ ഭേദഗതി എഴുതിയത്.

"Provided further that the period of supersession shall not exceed six months". ഇപ്പോൾ നിയമപ്രകാരം ആറാറുമാസംകൂടുമ്പോൾ ഇത് എക്സ്റ്റൻഡ് ചെയ്തുകൊണ്ടുപോകാം. അങ്ങനെ എക്സ്റ്റൻഡ് ചെയ്യാൻ പാടില്ല എന്നു വ്യക്തമാക്കുന്നതാണ് എന്റെ പ്രൊവിസോ. നമ്മൾ ജനാധിപത്യത്തിലൊക്കെ വിശ്വസിക്കുകയും ക്ഷേമപ്രവർത്തനങ്ങളൊക്കെ നടത്തുകയും ചെയ്യുന്നതുകൊണ്ട് നമ്മുടെ രാജ്യത്തെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വന്ന ഗതികേട് ഈ ഫണ്ടിനു വരാതിരിക്കാൻവേണ്ടിയാണ്. ആറുമാസത്തിൽ കവിയാതിരിക്കാൻ ഈ വ്യവസ്ഥ എഴുതിച്ചേർക്കണമെന്നു ഞാൻ പറഞ്ഞത്. ജനാധിപത്യത്തിൽ വിശ്വസിക്കുന്ന നമ്മുടെ മുഖ്യമന്ത്രി ഈ ഭേദഗതിയെങ്കിലും അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ ഭേദഗതികൾ അംഗീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭ വോട്ടിനിട്ടു നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പുർക്കലെ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ടു നിരാകരിച്ചു.

25–ാം വകുപ്പ് ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

25–ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പുകളായ 25 എ, 25 ബി

Shri Kanam Rajendran: Sir I move my amendment:

After clause 25 add the following new clauses, namely:—

"25 A. Audit of Accounts of the Board—The Government shall appoint auditors to audit the accounts of the Board.

25B. Annual Report—(1) The annual Report of the Board shall be prepared under the direction of the Board and after approval by the Board, a copy of the Report shall be submitted to Government before the end of July every year.

(2) The Government shall, as soon as the annual Report is received, cause the same to be laid on the Table of the Legislative Assembly."

ഇത് അംഗീകരിക്കാൻ മുഖ്യമന്ത്രിക്ക് പ്രയാസം ഉണ്ടാകില്ലെന്നാണ് എന്റെ വിശ്വാസം. കേന്ദ്രഗവൺമെന്റ് കൊടുക്കുന്ന പണം കൊണ്ടും മറ്റ് ഏജൻസികളുടെ പണംകൊണ്ടുമാണ് ഇത് നടത്തുന്നത്. ആഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം ആരാണ് തീരുമാനിക്കുന്നത്? ആ അവകാശം ഗവൺമെന്റിന് വേണം. ആഡിറ്റിംഗിന് ഒരു വകുപ്പ് പുതിയതായി എഴുതിച്ചേർക്കണമെന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്.

25 ബി ആയി ഒരു വാർഷിക റിപ്പോർട്ട് ജൂലൈ മാസത്തിനു മുമ്പായി ഗവൺമെന്റിന് സമർപ്പിക്കണമെന്നും അത് നിയമസഭയിൽ 'lay' ചെയ്യണമെന്നുമുള്ള ഒരു പ്രൊവിഷൻകൂടി എഴുതിച്ചേർക്കണം. സംസ്ഥാനത്ത് ഇതുപോലെ പ്രവർത്തിക്കുന്ന ഒരു ക്ഷേമബോർഡിനും ഈ ലെജിസ്ലേച്ചറിനോട് ഒരു അക്കൗണ്ടബിലിറ്റി ഉണ്ടാകണമെന്നുള്ളതാണ്. അതിന്റെ പ്രവർത്തനം എന്താണെന്ന് അറിയാനും വിലയിരുത്താനും ഉള്ള അവകാശം ഈ നിയമസഭയ്ക്ക് ഉണ്ട് എന്നുള്ളതുകൊണ്ട് ഈ ഭേദഗതികൂടി അംഗീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ബഹുമാനപ്പെട്ട മെമ്പറുടെ രണ്ട് ഭേദഗതികളും അംഗീകരിക്കാൻ സന്തോഷം ഉണ്ട്, അംഗീകരിച്ചിരിക്കുന്നു.

25–ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പുകൾ ഭേദഗതി ചെയ്തപ്രകാരം അംഗീകരിച്ചിരിക്കുന്നു.

25 എ, 25 ബി എന്നീ പുതിയ വകുപ്പുകൾ ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും

Shri Varkkala Radhakrishnan: Sir, I move that "in the enacting formula after the word 'constitution' add the words 'and administration'. ഈ ബില്ലിന്റെ പ്രിയാമ്പിളിൽ to provide for the constitution of a welfare fund.....എന്നു പറഞ്ഞിട്ടുണ്ട്. welfare fund കോൺസ്റ്റിറ്റ്യൂഷൻ മാത്രമല്ല അഡ്മിനിസ്ട്രേഷൻകൂടി നമ്മുടെ ലക്ഷ്യത്തിൽ വരും. അതുകൊണ്ടാണ് to provide for the constitution of a welfare fund.....എന്നുള്ളിടത്ത് കോൺസ്റ്റിറ്റ്യൂഷൻ എന്നുള്ളത് കഴിഞ്ഞിട്ട് 'and administration' എന്നുകൂടി ചേർക്കണം.....constitution 'and administration' of a welfare fund for promotion of the welfare of fishermen in the State of Kerala and for certain other matters incidental thereto. (ഇതിന്റെ ഘടന മാത്രമല്ല രേണവും കൂടിയുണ്ട്) അതുകൊണ്ട് ഇതുകൂടി അംഗീകരിക്കണമെന്നുള്ള എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഇതിന്റെ ആവശ്യമില്ല. കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത് അഡ്മിനിസ്ട്രേഷനുവേണ്ടിയാണ്. അതുകൊണ്ട് പ്രത്യേകമായിട്ട് ആഡ് ചെയ്യേണ്ടതില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി അംഗീകരിച്ചു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സെലക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1984-ലെ കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി ബിൽ അവസാനമായി പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ.ആർ. ഗൗരി: സർ, മുഖ്യമന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. എത്രദിവസം നടന്ന് തെളിവെടുത്ത ഒരു ബില്ലാണിത്. അതുകൊണ്ട് ഞങ്ങൾക്ക് ഇതിനെക്കുറിച്ച് പ്രസംഗിക്കണം.

മി. സ്പീക്കർ: ഗൗരിയമ്മയ്ക്ക് പറയാനുള്ളത് പറയണം. ഈ ബിൽ ഇന്ന് തീർത്തിട്ടുപോവുകയാണെങ്കിൽ നല്ലതായിരുന്നു.

ശ്രീ. കെ. കരുണാകരൻ: ഇന്ന് ഈ ബിൽ പാസ്സാക്കണമെന്നാണ് ബിസിനസ് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചിരുന്നത്.

ശ്രീമതി കെ.ആർ. ഗൗരി: ഇന്ന് പ്രസംഗിക്കാൻ പറ്റില്ല, നാളത്തേയ്ക്ക് മാറ്റിവച്ചാൽ മതി.

മി. സ്പീക്കർ: 19-ാം തീയതി രാവിലെ ആദ്യം ഈ ബിൽ എടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മൂന്നാം വായന നാളത്തേയ്ക്ക് (19–ാം തീയതി) മാറ്റി വച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്റ്റംബർ 19–ാം തീയതി വ്യാഴാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.25–ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly